ദിവ്യബോധനം ഗ്രന്ഥാവലി – 3

# പ്രത്യാശാകിരണങ്ങൾ

**(പഴയനിയമത്തിന് – ഒരാമുഖം)**

ഗ്രന്ഥകർത്താവ്

**റവ. ഡോ. കല്ലറയ്ക്കൽ അബ്രഹാം ജോർജ്**

(പ്രൊഫസർ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

പരിഷ്ക്കരണം

**ഫാ. ജേക്കബ് മാത്യു**

(ലക്ചറർ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

**ദിവ്യബോധനം പബ്ലിക്കേഷൻസ്**

സോഫിയാ സെന്റർ

ഓർത്തഡോക്സ് സെമിനാരി

കോട്ടയം – 686 001

വില: 40.00

*(Malayalam)*

**Prathyasa Kiranangal**
(An Introduction to the Old Testament)

**Rev. Dr. Kallarackal Abraham George** B.Sc., B.D., M. Th., D.Th.

Revised by: **Rev. Fr. Jacob Mathew M.A., M. Th.**

| | | |
|---|---|---|
| Published by | : | **Divyabodhanam Publications** |
| | | Orthodox Seminary, P.B. 98, Kottayam |
| | | Ph: 0481 - 2566 526, 2566 650 |
| First Published | : | September 1984 |
| Second Edition | : | April 1991 |
| Revised Edition | : | January 2005 |
| Copyright reserved | | |
| Number of copies | : | 3000 |
| Available at | : | Orthodox Seminary and Other Christian Bookshops. |
| D.T.P. | : | Sophia Print House, Kottayam Ph. 0481 - 2303237 |
| Printing | : | |

Price: **Rs. 40/-**

# പ്രസ്താവന

വാത്സല്യമുള്ളവരേ,

അളവറ്റ ദൈവകൃപയാൽ, 'ദിവ്യബോധനം' പരിപാടിയുടെ പ്രഥമഘട്ടം, ഞങ്ങളുദ്ദേശിച്ചതിലധികം വിജയകരമായി പര്യവസാനിച്ചിരിക്കുന്നു. നമ്മുടെ വിശ്വാസ സംബന്ധമായ പത്തു പാഠപുസ്തകങ്ങൾ എഴുതിയുണ്ടാക്കി പ്രസിദ്ധീകരിച്ചു എന്നുള്ളത് തന്നെ ഒരു വലിയ നേട്ടമാണ്.

1984 -ൽ മാത്രം ആരംഭിച്ച ഈ പരിപാടിയിൽ 49 കേന്ദ്രങ്ങൾ പ്രവർത്തിച്ചു. 230 സ്ത്രീകളും 210 പുരുഷന്മാരും പഠിച്ചു. മുഴുവൻ കോഴ്സ് (10 വിഷയങ്ങൾ) പൂർത്തിയാക്കിയവർക്ക് 1986 ആഗസ്റ്റ് 9-ാം തീയതി യോഗ്യതാ സർട്ടിഫിക്കറ്റുകളും പരിശുദ്ധ ബാവാ തിരുമനസു കൊണ്ട് നൽകി.

ഇനി രണ്ടാം ഘട്ടം ആരംഭിച്ചിരിക്കുകയാണ്. പ്രാഥമിക പഠനത്തിനുള്ള രണ്ടാമത്തെ ബാച്ചിലേക്ക് വിദ്യാർത്ഥീ - വിദ്യാർത്ഥിനികളെ സ്വീകരിക്കുന്നതു കൂടാതെ, ആദ്യഘട്ടം പൂർത്തിയാക്കിയവർക്കു വേണ്ടിയുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നു.

സഭാവിശ്വാസത്തിൽ സഭാംഗങ്ങൾക്കുള്ള അറിവിനെ ആഴപ്പെടുത്തുകയാണ് രണ്ടാം ഘട്ടത്തിന്റേയും ഉദ്ദേശ്യം. സാമാന്യം വിദ്യാഭ്യാസമുള്ള എല്ലാ മാതാപിതാക്കന്മാർക്കും യുവജനങ്ങൾക്കും ഇത് ഒരു പോലെ പ്രയോജനകരമായിരിക്കും. സൺഡേസ്ക്കൂൾ അദ്ധ്യാപകർക്ക് ഈ പഠനം ഒരു പ്രാഥമിക ആവശ്യം തന്നെയാണ്.

കുറെ കൊല്ലങ്ങൾ കൊണ്ട് പതിനായിരക്കണക്കിനാളുകൾ ഈ പഠന പദ്ധതി പൂർത്തിയാക്കുമെന്നും, അങ്ങനെ സഭാംഗങ്ങളുടെ പൊതുവേയുള്ള വിശ്വാസജീവിതത്തിനു വലിയ പുരോഗതിയുണ്ടാകുമെന്നുമാണു ഞങ്ങളുടെ പ്രത്യാശ. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിൽ പ്രത്യക്ഷപ്പെട്ട ദൈവസ്നേഹത്തെ ആഴമായറിഞ്ഞ്, ആ സ്നേഹത്തിൽ വേരൂന്നി വളർന്നു ജീവിപ്പാൻ ഈ പുസ്തകങ്ങൾ പരിശുദ്ധാത്മ കൃപയാൽ അനേകർക്ക് ഉപകരണങ്ങളായിത്തീരട്ടെ, ദൈവം തമ്പുരാൻ നിങ്ങളെ ഏവരേയും വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**
പ്രസിഡന്റ്, ദിവ്യബോധനം

കോട്ടയം
പരിശുദ്ധ തോമാശ്ലീഹായുടെ ദുഖ്റോനൊപ്പെരുന്നാൾ
ജൂലൈ 2, 1986

# പ്രസാധകക്കുറിപ്പ്

ദിവ്യബോധനം പഠനപദ്ധതിയിൽ മൂന്നാമതായി പ്രസിദ്ധീകരിച്ച 'പ്രത്യാശാകിരണങ്ങൾ' എന്ന പുസ്തകം പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുകയാണ്. പഴയനിയമ പഠനത്തിന് ആമുഖം നല്കുവാൻ എന്റെ ബഹു. ഗുരുശ്രേഷ്ഠൻ ഡോ. കെ. എ. ജോർജ്ജ് ശെമ്മാശ്ശൻ 1984 -ൽ തയ്യാറാക്കിയ ഈ ഗ്രന്ഥം ദിവ്യബോധനം കേന്ദ്രകമ്മറ്റിയുടെ താല്പര്യപ്രകാരം പരിഷ്കരിക്കുവാൻ നിശ്ചയിച്ചപ്പോൾ ആ കൃത്യം നിർവ്വഹിക്കുവാൻ അദ്ദേഹം എന്നെ വിശ്വസിച്ചേല്പിക്കുകയായിരുന്നു. കൃതജ്ഞതയുണ്ടതിന്, കൃതാർത്ഥതയും.

'നമ്മെ രക്ഷെക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തു'കളിലേക്കും യേശു പഠിച്ച വേദഗ്രന്ഥത്തിലേക്കും പ്രാർത്ഥനാപൂർവവും വിജ്ഞാനദാഹത്തോടും കടന്നുചെല്ലുവാൻ പഴയനിയമ പഠനത്തിന് ആമുഖമായ ഈ ഗ്രന്ഥം സഹായിക്കട്ടെ എന്നാണ് പ്രാർത്ഥന. പഠിതാക്കൾ വേദപുസ്തക പഠനത്തിന് സഹായവും പ്രചോദനവുമായി ദിവ്യബോധന ഗ്രന്ഥങ്ങളെ കാണേണ്ടതുണ്ട്.

ദിവ്യബോധനം പ്രവർത്തനങ്ങൾക്കായി നിർലോപമായ അനുഗ്രഹാശിസ്സുകൾ നൽകിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ രക്ഷാധികാരി കൂടിയായ പ. മോറാൻ മാർ ബസ്സേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയോടുള്ള വിധേയത്വവും ആദരവും വിനയപുരസ്സരം സമർപ്പിക്കുന്നു.

ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ മേൽനോട്ടം വഹിക്കുന്ന പ്രസ്ഥാനം പ്രസിഡന്റും സെമിനാരി പ്രിൻസിപ്പലുമായ റവ. ഡോ. കെ. എം. ജോർജ്ജച്ചൻ, ഡയറക്ടർ റവ. ഫാ. റ്റി. ജെ. ജോഷ്വാ, വൈസ് പ്രസിഡന്റ് റവ. ഫാ. ഡോ. ജേക്കബ് കുര്യൻ, രജിസ്ട്രാർ റവ. ഫാ. ഡോ. ജോൺ പണിക്കർ, കോ- ഓർഡിനേറ്റർ ഫാ. ജേക്കബ് മാത്യു, സെൻട്രൽ ഓർഗനൈസർ പ്രൊഫ. വർഗ്ഗീസ് മാത്യു എന്നിവരടങ്ങുന്ന ദിവ്യബോധനം കേന്ദ്രകമ്മറ്റിയാണ് ഈ പ്രസ്ഥാനത്തിന്റെ അനുദിന പ്രവർത്തനങ്ങൾ നിയന്ത്രിച്ചു വരുന്നത്.

വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഈ പദ്ധതിയുടെ പഠനനിലവാരത്തിന്റെ ഉത്തരവാദിത്വം സെമിനാരി ഫാക്കൽറ്റിയിൽ നിക്ഷിപ്തമാണ്. പ്രാദേശികതലത്തിലും യൂണിറ്റു തലത്തിലും അദ്ധ്യാപകരും സംഘാടകരും ഈ പ്രസ്ഥാനത്തിന്റെ നടത്തിപ്പിൽ

അക്ഷീണം പ്രവർത്തിക്കുന്നുണ്ട്. അവർക്കെല്ലാം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ദിവ്യബോധനം പദ്ധതിയുടെ ജീവനാഡിയായി ആരംഭം മുതൽ പ്രവർത്തിച്ച മുൻ കോ-ഓർഡിനേറ്റർ റവ. ഫാ. സി. സി. ചെറിയാനച്ചനോടുള്ള കൃതജ്ഞത നിസ്സീമമാണ്.

ഈ ഗ്രന്ഥത്തിന്റെ ഡി. റ്റി. പി. ഭംഗിയായി നിർവ്വഹിച്ച സോഫിയാ പ്രിന്റ് ഹൗസിനും അച്ചടി ഭംഗിയായും കൃത്യമായും നിർവ്വഹിച്ച കാതോലിക്കേറ്റ് പ്രസിനും നന്ദി.

സർവ്വോപരി സകല നന്മകൾക്കും കാരണഭൂതനായ സർവ്വശക്തനായ ദൈവത്തിനു സ്തുതി അർപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥം ദിവ്യബോധനം ഗ്രന്ഥാവലിയിൽ പ്രസിദ്ധീകരിക്കുന്നു.

ദിവ്യബോധനം കേന്ദ്രകമ്മറ്റിക്കു വേണ്ടി

**ഫാ. ജേക്കബ് മാത്യു**
(കോ-ഓർഡിനേറ്റർ)

വലിയനോമ്പ് 2005
പഴയസെമിനാരി

# വാങ്മുഖം

പഴയനിയമ വായനയെക്കുറിച്ചു ചൈനക്കാരന്റെ ഒരു പ്രസ്താവന യുണ്ട്. പഴയനിയമം വായിക്കുന്നതു ഞണ്ടു തിന്നുന്നതിനോട് ഉപമിക്കാം. കണ്ടാൽ, ഞണ്ടു വലുതാണെന്നു തോന്നുമെങ്കിലും അതിൽ നിന്നു കിട്ടുന്ന മാംസം, പുറംതോടു നീക്കിയാൽ വളരെ കുറച്ചു മാത്രമാണ്. തോടു നീക്കി ലഭിക്കുന്ന സത്തു വളരെ തുച്ഛമാണെങ്കിൽ അതിനു ചെല വഴിക്കുന്ന വലിയ പ്രയത്നവും, അദ്ധ്വാനവും താരതമ്യേന വൃഥാവല്ലേ? പഴയനിയമത്തോട് ബന്ധിപ്പിച്ച് ഈ അഭിപ്രായത്തോട് യോജിക്കുന്ന ക്രിസ്ത്യാനികളും ആധുനിക യുഗത്തിൽ കണ്ടേക്കാം.

പഴയനിയമത്തിൽ ഉൾക്കൊള്ളുന്ന ആശയങ്ങൾ, പദപ്രയോഗങ്ങൾ ചിന്താഗതികൾ എന്നിവ ഇരുപതാം നൂറ്റാണ്ടിലെ മനുഷ്യനു ഗ്രഹിക്കു വാൻ എളുപ്പമല്ല. ചരിത്രപശ്ചാത്തലം, ലോകവിജ്ഞാനം, സംസ്കാരം, ആചാരമര്യാദകൾ, ജീവിത വീക്ഷണം, ആദ്ധ്യാത്മിക മൂല്യങ്ങൾ എന്നിവ ഇന്നത്തേതിൽ നിന്നു വ്യത്യസ്തമായിരിക്കുന്നത് പ്രശ്നത്തിന്റെ സങ്കീർ ണ്ണത വർദ്ധിപ്പിക്കുന്നു. പഴയനിയമത്തിന്റെ പ്രാധാന്യം മനസ്സിലാക്കുവാൻ അതു പ്രതിഫലിപ്പിക്കുന്ന ചരിത്ര പശ്ചാത്തലം, ഭൂമിശാസ്ത്രപരമായ വസ്തുതകൾ, പ്രതിപാദിക്കുന്ന വിഷയങ്ങൾ, പ്രാധാന്യം കൊടുത്തു വിവ രിക്കുന്ന ചിന്താഗതികൾ എന്നിവ കണക്കിലെടുക്കേണ്ടതുണ്ട്.

പഴയനിയമത്തിന്റെ സ്ഥാനത്തു മറ്റു മതവിശുദ്ധ ഗ്രന്ഥങ്ങളെ രക്ഷയി ലേക്കു നയിക്കുന്ന തയ്യാറെടുപ്പിന്റെ ചരിത്രഗ്രന്ഥമായി ഉപയോഗിക്കുന്ന തിൽ പാകപ്പിഴയുണ്ടോയെന്നു ചോദിച്ചേക്കാം. അതു പോലെ യഹൂദച രിത്രം, യഹൂദസംസ്കാരം, ജീവിതവീക്ഷണം എന്നിവ ഭാരതചരിത്രം, സംസ്കാരം, ജീവിതവീക്ഷണം എന്നിവയുമായി പരിപൂർണ്ണമായി യോജി ക്കുന്നതല്ലെങ്കിൽ പഴയനിയമത്തിന്റെ സ്ഥാനത്ത് ആർഷഭാരതത്തിന്റെ വിശിഷ്ടമായ വേദമതഗ്രന്ഥങ്ങൾ ഉപയോഗിക്കുന്നതിൽ എന്താണു തെറ്റ്? ഈ ചോദ്യങ്ങളെക്കുറിച്ചും, അതോടു ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചും ചിന്തിക്കുവാൻ പഴയനിയമത്തിന്റെ ഉള്ളടക്കം, ഘടന, പുസ്തകങ്ങളുടെ ഉത്ഭവം, രൂപീകരണം, സഭയിലും ആരാധനയിലുമവയ്ക്കുള്ള സ്ഥാനം, ഭാരതീയ പശ്ചാത്തലത്തിലുള്ള പ്രാധാന്യം എന്നിവ പരിഗണിക്കേണ്ട തുണ്ട്.

ദിവ്യബോധന കേന്ദ്രകമ്മിറ്റിയുടെ ശുപാർശപ്രകാരം, 'പ്രത്യാശാകിര ണങ്ങൾ' പരിഷ്ക്കരിക്കുവാൻ 2004 നവംബറിൽ ശ്രമമാരംഭിച്ചപ്പോൾ അത് ഏറ്റെടുക്കുവാൻ ശ്രമിച്ച് വിജയിച്ച പ്രിയ ശിഷ്യനും സെമിനാരിയിലെ സഹ അദ്ധ്യാപകനുമായ ബഹു. ജേക്കബ് മാത്യു അച്ചനോടുള്ള കൃതജ്ഞത എത്രയും വലുതാണ്. എന്റെ ആശയങ്ങൾക്കു വിരുദ്ധമാകാതെയും

എന്നാൽ അവശ്യം വേണ്ട കാര്യങ്ങൾ കൂട്ടിച്ചേർത്തും വിപുലീകരിച്ചും അദ്ദേഹം ആ കൃത്യം ഭംഗിയായി നിർവഹിച്ചിരിക്കുന്നു.

കാലത്തികവിൽ വെളിപ്പെടുത്തപ്പെട്ടതും, പുതിയനിയമം സാക്ഷിക്കുന്നതുമായ ദൈവത്തിന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ മഹത്വം ഗ്രഹിക്കുവാൻ പഴയനിയമത്തെപ്പറ്റിയുള്ള ഈ ചെറുഗ്രന്ഥം ദിവ്യബോധനപഠിതാക്കൾക്കു സഹായകമാകുമെന്ന പ്രതീക്ഷയോടെ ഇതു സമർപ്പിക്കുന്നു.

**കെ. എ. ജോർജ്ജ് ശെമ്മാശൻ**

കോട്ടയം
05-01-2005

# ഉള്ളടക്കം


| | |
|---|---|
| പ്രസ്താവന | 3 |
| പ്രസാധകക്കുറിപ്പ് | 4 |
| വാങ്മുഖം | 6 |


## യൂണിറ്റ് 1

## പഴയനിയമം; ആമുഖം; പഞ്ചഗ്രന്ഥം

പാഠം


| | | |
|---|---|---|
| 1. | പഴയനിയമ പഠനത്തിന്റെ സാംഗത്യം | 10 |
| 2. | പഴയനിയമത്തിന്റെ വിഭജനവും ഉള്ളടക്കവും | 14 |
| 3. | പഴയനിയമപാഠം, വിവർത്തനം. കാനോൻ | 19 |
| 4. | വേദനാടിന്റെ ഭൂമിശാസ്ത്രം, പുരാവസ്തു പര്യവേഷണം | 23 |
| 5. | പഞ്ചഗ്രന്ഥം | 27 |
| 6. | പഞ്ചഗ്രന്ഥരൂപീകരണം | 29 |


## യൂണിറ്റ് 2

## വേദപുസ്തക ചരിത്രം


| | | |
|---|---|---|
| 1. | എബ്രായ ചരിത്രം | 33 |
| 2. | ആദ്യകാല ചരിത്രം | 37 |
| 3. | രാജഭരണം | 39 |
| 4. | പ്രവാസവും മടങ്ങിവരവും | 44 |
| 5. | പിൽക്കാല ചരിത്രം ക്രിസ്തു വരെ | 46 |
| 6. | വേദപുസ്തകത്തിലെ ചരിത്രഗ്രന്ഥങ്ങൾ | 48 |

## യൂണിറ്റ് 3

# യവനാധിപത്യം, അപ്പോക്രിഫാ, വെളിപ്പാടു സാഹിത്യം


| | | |
|---|---|---|
| 1 | യവനമതവും യനവ സംസ്ക്കാരവും | 51 |
| 2 | യഹൂദമതത്തിലെ പ്രധാന വിഭാഗങ്ങൾ | 54 |
| 3 | ചാവുകടൽ ചുരുളുകൾ | 58 |
| 4 | അപ്പോക്രിഫാ | 61 |
| 5 | അപ്പോകലുപ്റ്റിക് പുസ്തകങ്ങൾ | 66 |
| 6 | വെളിപ്പാടു സാഹിത്യത്തിന്റെ പ്രാധാന്യം | 69 |


## യൂണിറ്റ് 4

# പഴയനിയമവും ദൈവശാസ്ത്രവും


| | | |
|---|---|---|
| 1 | പഴയനിയമവും മതഗ്രന്ഥങ്ങളുടെ പഠനവും | 73 |
| 2 | പഴയനിയമവും ക്രിസ്തീയാരാധനയും | 76 |
| 3 | പഴയനിയമവും നീതിശാസ്ത്രവും | 79 |
| 4 | പഴയനിയമവും ദൈവശാസ്ത്രവും | 83 |
| 5 | പഴയനിയമവും വ്യാഖ്യാനശാസ്ത്രവും | 85 |
| 6 | പഴയനിയമവും ഭാരതപശ്ചാത്തലവും | 89 |

# യൂണിറ്റ് 1

# പഴയനിയമം; ആമുഖം; പഞ്ചഗ്രന്ഥം

## പാഠം 1

## പഴയനിയമ പഠനത്തിന്റെ സാംഗത്യം

❑ പ്രവചനം, പൂർത്തീകരണം ❑ പഴയനിയമം – നമ്മുടെ കർത്താവിന്റെ വേദഗ്രന്ഥം ❑ പഴയതും പുതിയതും തമ്മിലുള്ള താരതമ്യം ❑ പഴയനിയമ പശ്ചാത്തലം പുതിയനിയമ ആശയങ്ങൾക്കുള്ള പ്രകാശം നല്കുന്നു. ❑ പഴയനിയമ ചോദ്യങ്ങൾക്ക് ഉത്തരം പുതിയനിയമത്തിൽ ❑ പഴയനിയമവും ചരിത്രവും ❑ സനാതന മൂല്യങ്ങളുടെ മഹത്ത്വം ❑ പഴയനിയമവും പുതിയനിയമവും തമ്മിലുള്ള അഭേദ്യബന്ധം.

പഴയനിയമത്തിലെ പ്രധാനമായ കഥാതന്തു എന്താണ്? മനുഷ്യനുമായി ചിരസ്ഥായിയായ ബന്ധത്തിലും, കൂട്ടായ്മയിലും കഴിയുവാനുള്ള ആഗ്രഹത്തോടെ സ്രഷ്ടാവായ ദൈവം തന്റെ സൃഷ്ടികളിൽ വച്ച് ഏറ്റവും ശ്രേഷ്ഠമായതായി മനുഷ്യനെ സൃഷ്ടിച്ച് പരിപാലിക്കുന്നതും, സ്വയം ദൈവത്തിൽ നിന്നു അന്യനായ മനുഷ്യനെ തിരികെ കൊണ്ടുവരുവാൻ തന്റെ അനന്തമായ കൃപയും സ്നേഹവും മൂലം മുൻകൈ എടുത്തു പ്രവർത്തിക്കുന്നതിന്റെ വിവരണവുമാണ് പഴയനിയമത്തിൽ ഉടനീളം കാണുന്നത്. മറ്റൊരു രീതിയിൽ അവതരിപ്പിച്ചാൽ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധ (ഉടമ്പടി) മാണ് അതിലെ പ്രതിപാദ്യം. അതിന് ഇസ്രായേൽ എന്ന ഒരു സമൂഹത്തെ മുഖാന്തിരമായി തെരഞ്ഞെടുത്ത് പിതാക്കന്മാർ, പ്രവാചകന്മാർ, ജ്ഞാനികൾ എന്നിവർ വഴിയായി നയിച്ചു.

### 1. പ്രവചനം, പൂർത്തീകരണം

പഴയനിയമ പഠനം ഏതെല്ലാംവിധത്തിൽ സഹായിക്കുന്നുവെന്നു ചിന്തിക്കുമ്പോൾ പ്രവചനം, അവയുടെ പൂർത്തീകരണം എന്ന ആശയമാണു മുൻപന്തിയിൽ വരുന്നത്. പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവചനങ്ങൾ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ ജീവിതത്തിലും പ്രവർത്തനത്തിലും, പൂർത്തീകരണം പ്രാപിച്ചുവെന്ന യാഥാർത്ഥ്യം! കർത്താവിന്റെ ജനനം, പരസ്യശുശ്രൂഷ, കഷ്ടാനുഭവം, പുനരുത്ഥാനം എന്നിവയെക്കുറിച്ചു പിതാക്കന്മാർ മൂലവും പ്രവാചകന്മാർ, മുഖാന്തരമായും ഭാഗംഭാഗമായി വെളിപ്പെടുത്തപ്പെട്ടിട്ടുള്ളതു കാലത്തികവിൽ യാഥാർത്ഥ്യമായി തീർന്നിരിക്കുന്നു (എബ്രായർ 1:1).

## 2. പഴയനിയമം – നമ്മുടെ കർത്താവിന്റെ വേദഗ്രന്ഥം

നമ്മുടെ കർത്താവിന്റെ വിശുദ്ധ പുസ്തകം എന്നത്, മോശെയുടെ ന്യായപ്രമാണം, പ്രവാചകന്മാർ, സങ്കീർത്തനം എന്നീ ഗണങ്ങൾ അടങ്ങിയ തിരുവെഴുത്തുകളായിരുന്നു (ലൂക്കോസ് 24:44). വിധിനിർണ്ണായക ഘട്ടങ്ങളിൽ കർത്താവ് അതിൽ നിന്ന് ഉദ്ധരിച്ചിട്ടുണ്ട് (സങ്കീർത്തനം 22: 1. താരതമ്യം വി. മർക്കോസ് 15:34). ആദിമസഭയുടെ വേദഗ്രന്ഥം പ്രധാനമായും പഴയനിയമം ആയിരുന്നു. ആദിമ ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മിക പോഷണത്തിനും, അഭ്യസനത്തിനും ആരാധനയ്ക്കും അതു വളരെ സഹായിച്ചിട്ടുണ്ട്.

## 3. പഴയതും പുതിയതും തമ്മിലുള്ള താരതമ്യം

പഴയനിയമവും, പുതിയനിയമവും തമ്മിലുള്ള താരതമ്യപഠനം ദൈവശാസ്ത്രപരവും, ധാർമ്മികവുമായ ആശയങ്ങൾ കാലക്രമേണ എങ്ങനെ രൂപം പ്രാപിച്ചുവെന്ന് ഗ്രഹിക്കുന്നതിന് സഹായിക്കുന്നു. പഴയ ആദാമിന്റെ സ്ഥാനത്ത് പുതിയ ആദാം, പഴയ ഉടമ്പടിയുടെ സ്ഥാനത്ത് പുതിയ ഉടമ്പടി, പഴയ മനുഷ്യന്റെ സ്ഥാനത്ത് പുതിയ മനുഷ്യൻ, പഴയ കല്പനകളുടെ സ്ഥാനത്ത് പുതിയ കല്പനകൾ, വിദേശീയ മേൽക്കോയ്മകളിൽ നിന്നുള്ള മോചനത്തിന്റെ സ്ഥാനത്ത് സാത്താന്റെ അടിമത്തത്തിൽ നിന്നുള്ള വീണ്ടെടുപ്പ് എന്നിവ രൂപം പ്രാപിച്ചു പുതിയ അർത്ഥവും പ്രാധാന്യവും ആർജ്ജിച്ചു.

## 4. പഴയനിയമ പശ്ചാത്തലം, പുതിയനിയമ ആശയങ്ങൾക്ക് പ്രകാശം നല്കുന്നു

പഴയനിയമത്തിലെ ചില പ്രധാന ആശയങ്ങൾ കാലക്രമേണ വളർന്നു രൂപാന്തരം പ്രാപിച്ചാണു പുതിയനിയമത്തിൽ പ്രമുഖ സ്ഥാനം പിടിക്കുന്നത്. മിശിഹാ, ശിക്ഷ, രക്ഷ, നീതീകരണം, യാഗങ്ങളുടെ പ്രാധാന്യം, മനുഷ്യപുത്രൻ, ദൈവരാജ്യം, നിത്യജീവൻ, മരിച്ചവരുടെ പുനരുത്ഥാനം എന്നിവയെക്കുറിച്ചുള്ള പരാമർശങ്ങൾ ഇവയൊന്നും പഴയനിയമ പശ്ചാത്തലം കൂടാതെ മനസ്സിലാക്കുവാൻ സാധ്യമല്ല. ലേവ്യ പുസ്തകത്തിൽ വിവരിക്കുന്ന യാഗങ്ങളും അവയുടെ പ്രാധാന്യവും കണക്കിലെടുക്കാതെ എബ്രായലേഖനം ഗ്രഹിക്കുവാനോ നമ്മുടെ കർത്താവിന്റെ യാഗത്തിന്റെ പൂർണ്ണത മനസ്സിലാക്കുവാനോ കഴിയുന്നതല്ല.

## 5. പഴയനിയമ ചോദ്യങ്ങൾക്ക് ഉത്തരം പുതിയനിയമത്തിൽ

പഴയനിയമത്തിൽ ഉന്നയിക്കുന്ന ചില ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം വിശ്വസനീയമായ വിധത്തിൽ പഴയനിയമത്തിൽത്തന്നെ നല്ക

പ്പെടുന്നില്ല. ഒരു യഹോവാഭക്തനെ അലട്ടുന്ന പ്രശ്നമായിരുന്നു തിന്മ ചെയ്യുന്നവൻ അഭിവൃദ്ധി പ്രാപിക്കുന്നതെന്ത് എന്നത്. നീതിമാനായ ദൈവം, ലോകത്തിൽ തിന്മ വിജയിക്കുവാൻ അനുവദിക്കുന്നതെന്ത്? യാതൊരു കുറ്റവും ചെയ്യാത്തവൻ കഷ്ടപ്പെടുന്നത് എന്ത്? നന്മ ചെയ്ത്, നീതി പ്രവർത്തിച്ചു, ന്യായപ്രമാണം അനുസരിച്ചു ജീവിക്കുന്നവൻ അക്രമത്തിന്റെയും, അനീതിയുടെയും ബലിയാട് ആകുന്നതെന്ത്? ഇതുപോലെയുള്ള അനേക ചോദ്യങ്ങൾ ഉത്തരം ലഭിക്കാതെ അവശേഷിക്കുന്നതായി പഴയനിയമത്തിൽ കാണാം. അതിനാൽ, പഴയനിയമം അതിൽ തന്നെ പൂർണ്ണമാകുന്നില്ലായെന്നു കാണുന്നു. എന്നാൽ നമ്മുടെ കർത്താവിന്റെ ജീവിതത്തിലും, പ്രവർത്തനത്തിലും, പ്രത്യേകിച്ചു ക്രൂശിലും പുനരുത്ഥാനത്തിലും, മനുഷ്യൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഉത്തരം കാണാം എന്നു പുതിയനിയമം സാക്ഷിക്കുന്നു.

### 6. പഴയനിയമവും ചരിത്രവും

ചരിത്രത്തെക്കുറിച്ച് പഴയനിയമത്തിൽ കാണുന്ന ചിന്ത, ലോകത്തെയും വിവിധ ചരിത്രസംഭവങ്ങളെയും പുതിയ രീതിയിൽ കാണുവാനും, വിലയിരുത്തുവാനും പ്രചോദനം നല്കുന്നു. യാദൃശ്ചികസംഭവങ്ങളുടെ സമ്മേളനമായിട്ടല്ല, പഴയനിയമ എഴുത്തുകാർ ചരിത്രത്തെ വീക്ഷിക്കുന്നത്. ലോകത്തെക്കുറിച്ചു സ്രഷ്ടാവായ ദൈവത്തിനു വ്യക്തമായ ഉദ്ദേശ്യമുണ്ട്. അതിനെ ആ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിപ്പിക്കുന്ന വൈരുദ്ധ്യഘടകങ്ങളുടെ പ്രവർത്തനം ലോകത്തിൽ നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. സൃഷ്ടി തന്നെ സൃഷ്ടാവിനെതിരായി മത്സരിച്ചാലും, സൃഷ്ടിയെ രൂപാന്തരപ്പെടുത്തുവാനും, ലോകത്തെ വിശുദ്ധീകരിക്കുവാനും ദൈവം അനുസ്യൂതം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നതു ദൈവത്തിന്റെ കൈ ഒരു കാലത്തും കുറുതായി പോയിട്ടില്ല എന്ന യാഥാർത്ഥ്യം വെളിവാക്കുന്നു. ഇത്, ദൈവം ഇന്നലെയും ഇന്നും എന്നും അനന്യൻ എന്ന ആശയത്തിന്റെ പൊരുൾ ഗ്രഹിക്കുവാൻ സഹായിക്കുന്നു.

പുതിയനിയമസഭ ചരിത്രപരമായ ഒരു യാഥാർഥ്യമാണ് എന്നതും ശ്രദ്ധേയമാണ്. യേശുവും 12 ശിഷ്യന്മാരും യഹൂദന്മാരും ചരിത്രപരമായ യിസ്രായേൽ പൗരതയോട് സംബന്ധമുള്ളവരും ആയിരുന്നു. അവർ അബ്രഹാം മുതലായ ഗോത്രപിതാക്കന്മാരുടേയും ദാവീദ് മുതലായ രാജാക്കന്മാരുടേയും മോശെ, ശമുവേൽ, ഏലിയാവ്, യെശയ്യാവ് തുടങ്ങിയ പ്രവാചകന്മാരുടേയും അഹരോൻ, മല്കിസദേക് എന്നിവരുടെ പൗരോഹിത്യ ക്രമത്തിന്റെയും ആത്മീക പിന്തുടർച്ച അവകാശപ്പെടുന്നവരും ആയിരുന്നു. ചിന്താപരമായ വളർച്ചയും ആശയപരമായ തുടർച്ചയും യഹൂദ ക്രൈസ്തവസഭകൾക്കുള്ളതുപോലെ അതൊരു ചരിത്രപരമായ പിന്തുടർച്ചയിലു

ള്ളതുമാണ് എന്നതും പുതിയനിയമ സഭയ്ക്ക് പഴയനിയമത്തെ വിട്ടുകളവാനാവില്ല എന്ന സത്യം വ്യക്തമാക്കുന്നു.

### 7. സനാതന മൂല്യങ്ങളുടെ മഹത്ത്വം

സനാതനം എന്നാൽ 'എക്കാലത്തും വിലയുള്ളവ' എന്നർത്ഥം. പഴയനിയമത്തിൽ കാണുന്ന സനാതന മൂല്യങ്ങളുടെ മഹത്ത്വമാണ് നിരാശയിൽ കഴിഞ്ഞിരുന്ന പലരെയും, യവനരെയും, വിജാതീയരെയും, യഹൂദവിശ്വാസത്തിലേക്കും വേദപഠനത്തിലേക്കും ആകർഷിച്ചത്. തിന്മയോട് അല്പം പോലും സഹവർത്തിത്വം പാലിക്കാതെ ജീവൻ ബലി കൊടുത്തു നന്മയ്ക്കു വേണ്ടി നില്ക്കുവാനുള്ള മനക്കരുത്തും, ആത്മബലവും പ്രാപിച്ച രക്തസാക്ഷികൾ സമകാലീനരായ പലരെയും ഹഠാദാകർഷിച്ചു. അതിനുള്ള ഉത്തേജനവും പ്രേരണയും പഴയനിയമ പഠനത്തിൽ നിന്നും, ദിവ്യധ്യാനത്തിൽ നിന്നുമാണ് അവർക്കു ലഭിച്ചത്. സഹസ്രാബ്ദങ്ങൾ പിന്നിട്ടെങ്കിലും ഇന്നും അതുപോലുള്ള ദിവ്യപ്രചോദനം നൽകുന്നതിനു പഴയനിയമം ഉപകരിക്കുന്നു.

### 8. പഴയനിയമവും പുതിയനിയമവും തമ്മിലുള്ള അഭേദ്യ ബന്ധം

പഴയതും പുതിയതും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. പഴയനിയമത്തിൽക്കൂടെ സംസാരിച്ച അതേ ദൈവം തന്നെയാണ് പുതിയനിയമത്തിൽ കൂടെ സംസാരിക്കുന്നത്. ആഗസ്തിനോസിന്റെ പ്രസ്താവന ശ്രദ്ധേയമാണ്: 'പഴയനിയമത്തിൽ പുതിയതു മറഞ്ഞു കിടക്കുന്നു; പുതിയനിയമത്തിൽ പഴയതു വ്യക്തമായിത്തീരുന്നു.' ഉല്പത്തി മുതൽ വെളിപ്പാടു വരെ പരിശോധിച്ചാൽ ദൈവത്തിന്റെ രക്ഷണ്യപ്രവർത്തനത്തിന്റെ ക്രമാനുഗതമായ രജതരേഖ കാണാം. ആകയാൽ ദൈവിക വെളിപ്പാടിന്റെ വിവിധ ഘട്ടങ്ങളിലുള്ള പ്രാധാന്യം ഗ്രഹിക്കുവാൻ പഴയനിയമ പഠനം ഒഴിച്ചുകൂടുവാൻ പാടില്ലാത്ത സംഗതിയാണ്.

### ചോദ്യങ്ങൾ

1. പഴയനിയമ പഠനത്തിന്റെ ആവശ്യകത എന്ത്?
2. പുതിയനിയമത്തിൽ കാണുന്ന ചില പഴയനിയമ ഉദ്ധരണികൾ കണ്ടുപിടിക്കുക?
3. ഏതുവിധത്തിലാണ് വി. സഭ പഴയനിയമത്തെ ഉപയോഗിക്കുന്നത് എന്ന് കുറിക്കുക?

## പാഠം 2

# പഴയനിയമത്തിന്റെ വിഭജനവും ഉള്ളടക്കവും

❑ തോറാ – ന്യായപ്രമാണം ❑ ഭിന്ന ശീർഷകങ്ങൾ ❑ പുസ്തകങ്ങളുടെ ഉള്ളടക്കം ❑ നെബീം (പ്രവാചകന്മാർ) ❑ ആദ്യകാല പ്രവാചകന്മാർ ❑ പിൽക്കാല പ്രവാചകന്മാർ ❑ പ്രവാചക ദൗത്യം ❑ കെത്തൂബീം (എഴുത്തുകൾ) ❑ ഇംഗ്ലീഷ് – മലയാളം വിവർത്തനങ്ങളിലെ ക്രമം ❑ വാക്യങ്ങൾ, അദ്ധ്യായങ്ങൾ എന്നിവയുടെ വിഭജനം

എബ്രായ വേദപുസ്തകത്തിൽ മൂന്നു പ്രധാന വിഭാഗങ്ങൾ ഉണ്ട്.

1. തോറാ 2. നെബീം 3. കെത്തൂബീം.

### 1. തോറാ – ന്യായപ്രമാണം

മോശെയുടെ അഞ്ചു പുസ്തകങ്ങൾ അല്ലെങ്കിൽ പഞ്ചഗ്രന്ഥങ്ങൾ എന്ന് അറിയപ്പെടുന്ന ന്യായപ്രമാണ പുസ്തകങ്ങളിൽ വിവരിക്കുന്ന ക്രമത്തിൽ എബ്രായ ബൈബിളിലും വിവർത്തനങ്ങളിലും കാണുന്നു.

| എബ്രായ പേരുകൾ | മലയാള അർത്ഥം | ശീർഷകങ്ങൾ മലയാളത്തിൽ |
|---|---|---|
| 1 ബെറേഷിത്ത് | (ആദിയിൽ) | ഉല്പത്തി |
| 2 വ് ഏലെ ഷെമോത്ത് | (ഇതാകുന്നു പേരുകളും) | പുറപ്പാട് |
| 3 വയിക്റാ | (വീണ്ടും അവൻ വിളിച്ചു) | ലേവ്യ |
| 4 ബ്മിദ്ബാർ | (മരുഭൂമിയിൽ) | സംഖ്യാ |
| 5 ഏലെ ഹദെവാറീം | (ഇതാകുന്നു വചനങ്ങൾ) | ആവർത്തനം |

#### (i) ഭിന്ന ശീർഷകങ്ങൾ

എബ്രായ ഗ്രന്ഥത്തിലും, തർജ്ജിമകളിലും ഭിന്നമായ ശീർഷകങ്ങൾ നൽകുവാൻ ഇടയായ സംഗതി എന്താണ്? എബ്രായ ബൈബിളിൽ കാണുന്ന പുസ്തകങ്ങളുടെ പേരുകൾ ഓരോ പുസ്തകത്തിന്റെയും ആദ്യ അദ്ധ്യായത്തിലെ ആദ്യവാക്കിന്റെയോ, അല്ലെങ്കിൽ വാക്കുകളുടെയോ അടിസ്ഥാനത്തിൽ ആണു നൽകിയിരിക്കുന്നത്. എന്നാൽ സംഖ്യാ പുസ്തകം ഇതിൽ നിന്ന് ഭിന്നമായി മരുഭൂമിയിൽ നടന്ന സംഭവങ്ങൾ വിവരിക്കുന്നതു കൊണ്ടാവാം 'മരുഭൂമിയിൽ' എന്ന തലക്കെട്ടു കാണുന്നു. ഇംഗ്ലീഷ്, മലയാളം എന്നീ പരിഭാഷകളിൽ ഉപയോഗിച്ചിരിക്കുന്ന ശീർഷകങ്ങൾ ഗ്രീക്ക്, ലത്തീൻ എന്നീ വിവർത്തനങ്ങളിൽ കാണുന്നവയുടെ

അടിസ്ഥാനത്തിലാണ്. അവ പുസ്തകങ്ങളിലെ ഉള്ളടക്കത്തെ പരാമർശിച്ചു കൊടുത്തിരിക്കുന്നു.

### (ii) പുസ്തകങ്ങളുടെ ഉള്ളടക്കം

#### (a) ഉൽപത്തി

ഉൽപത്തി പുസ്തകത്തിൽ ലോകത്തിന്റെ ആരംഭം, ജീവജാലങ്ങളുടെ ഉത്ഭവം, സൃഷ്ടികളിൽ വച്ച് ഏറ്റവും ശ്രേഷ്ഠമായ മനുഷ്യസൃഷ്ടി, പാപം, വീഴ്ച, ഇസ്രായേൽ ജാതിയുടെ തെരഞ്ഞെടുപ്പിന്റെ തുടക്കം, പിതാക്കന്മാരായ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരുടെ ഗോത്രചരിത്രം എന്നിവ ഉൾക്കൊള്ളുന്നു. 1 മുതൽ 11 വരെയുള്ള അദ്ധ്യായങ്ങൾ ചരിത്രാതീതവും 12 മുതൽ 50 വരെയുള്ളവ ചരിത്രപരമായ രേഖകളും അടങ്ങിയിരിക്കുന്നു.

#### (b) പുറപ്പാട്

ഉൽപത്തി പുസ്തകത്തിൽ തുടങ്ങിയ ചരിത്രം പുറപ്പാടിലേക്കു തുടരുന്നു. യൗസേഫ് മിസ്രയീമിൽ എത്തി രാജകീയ പദവി പ്രാപിച്ച് പിതാവിനെയും സഹോദരന്മാരെയും അവിടേക്കു കൊണ്ടുവന്നു പാർപ്പിച്ചു. ആ പശ്ചാത്തലത്തിലാണ് പുറപ്പാടു പുസ്തകം ആരംഭിക്കുന്നത്. അതിൽ 1–15 വരെയുള്ള അദ്ധ്യായങ്ങൾ ഇസ്രായേൽക്കാർക്ക് ഈജിപ്തിൽ ഉണ്ടായ പീഡനം, പ്രതികൂല സാഹചര്യം, ദൈവശക്തിയാലുള്ള മോചനം എന്നിവയും, 16–40 വരെയുള്ള അദ്ധ്യായങ്ങൾ ദൈവത്തിന്റെ കരുതലും പ്രത്യക്ഷീകരണവും, സീനായ് ഉടമ്പടി, പിച്ചളസർപ്പം, ഇസ്രായേലിന്റെ വീഴ്ച, സമാഗമനകൂടാരത്തിന്റെ നിർമ്മാണം എന്നിവയും വിവരിക്കുന്നു. അടിമത്ത നാട്ടിൽ നിന്നുള്ള മോചനം (പുറപ്പെട്ടു പോരൽ) പ്രധാന ചിന്താവിഷയമായതു കൊണ്ട് പുസ്തകത്തിന് 'പുറപ്പാട്' എന്ന നാമം ലഭിച്ചു.

#### (c) ലേവ്യ

ലേവ്യ പുസ്തകം പരാമർശിക്കുന്ന വിഷയം പ്രധാനമായും യാഗങ്ങൾ ആകുന്നു. വിവിധ യാഗങ്ങളുടെ വിവരണങ്ങൾ, അവ അർപ്പിക്കേണ്ടവിധം, പാപപരിഹാര ദിവസത്തിലെ യാഗങ്ങളുടെ പ്രത്യേകതകൾ എന്നിവ അതിൽപ്പെടുന്നു. പുരോഹിതവർഗമായ ലേവി ഗോത്രത്തിന്റെ ഉത്തരവാദിത്വങ്ങളെ വിവരിക്കുന്ന പുസ്തകമായതു കൊണ്ട് 'ലേവ്യ' എന്ന പേരു നൽകിയിരിക്കുന്നു.

#### (d) സംഖ്യാ

സംഖ്യാ പുസ്തകം ഇസ്രായേൽക്കാരുടെ അംഗസംഖ്യ എടുക്കുന്നതിനെ ആസ്പദമാക്കി 'സംഖ്യാപുസ്തകം' എന്ന പേരിൽ അറിയപ്പെടുന്നു.

കനാനിലേയ്ക്കുള്ള യാത്രാമദ്ധ്യേ സംഭവിച്ച വിവരങ്ങളും അതിൽ ഉണ്ട്. വ്യത്യസ്ത ജീവിത സാഹചര്യങ്ങൾ, ജനത്തിന്റെ പിറുപിറുപ്പ്, ദൈവിക ശിക്ഷണം - കരുതലും നേർവഴിക്കാക്കലും - ദൈവ കരുതൽ എന്നിവ യാണ് മുഖ്യ പ്രതിപാദ്യം.

### (e) ആവർത്തനം

ആവർത്തനം എന്ന നാമം, പഴയനിയമത്തിന്റെ ഏറ്റവും പുരാതന തർജ മയായ സെപ്റ്റുവജിന്റിൽ രണ്ടാം നിയമം എന്ന രീതിയിൽ തെറ്റിദ്ധരി ച്ചതു കൊണ്ടാണ് ആവർത്തനം അല്ലെങ്കിൽ രണ്ടാം നിയമം എന്ന പേരിൽ അറിയപ്പെട്ടത് (ആവർത്തനം 17:18). അതിൽ ദൈവകല്പനകൾക്കു പുറമേ മോശെയുടെ ശാസനകളും, ദൈവത്തിന്റെ രക്ഷാകരമായ വഴി നടത്തി പ്പിന്റെ വെളിച്ചത്തിലുള്ള ആഹ്വാനങ്ങളും, പ്രസംഗങ്ങളും, വാഴ്വുകളും, അവസാനത്തെ മൊഴികളും അടങ്ങിയിരിക്കുന്നു. അവസാനഭാഗത്ത് മോശെയുടെ മരണത്തെക്കുറിച്ചുള്ള വിവരണവും കാണാം.

## 2. നെബീം (പ്രവാചകന്മാർ)

എബ്രായത്തിരുവെഴുത്തുകളിൽ രണ്ടാം വിഭാഗം 'നെബിം' അതായത് 'പ്രവാചകന്മാർ' എന്ന പേരിൽ അറിയപ്പെടുന്നു. അതിൽ രണ്ട് ഉപവിഭാ ഗങ്ങൾ ഉണ്ട്. (1) ആദ്യകാല പ്രവാചകന്മാർ (2) പിൽക്കാല പ്രവാചക ന്മാർ.

### (i) ആദ്യകാല പ്രവാചകന്മാർ

അവ ചരിത്രപുസ്തകങ്ങളാണ്. എന്നാൽ രാജാക്കന്മാർ, പുരോഹിത ന്മാർ, പ്രവാചകന്മാർ, സാധാരണ ജനങ്ങൾ എന്നിവരിലൂടെയെല്ലാം ചരി ത്രത്തിൽ നിവർത്തിക്കപ്പെട്ട ദൈവഹിതം പ്രവാചകബോധ്യത്തിൽ പ്രതി പാദിച്ചിരിക്കുന്നു എന്നതുകൊണ്ട് യോശുവ മുതൽ രാജാക്കന്മാർ വരെ യുള്ള ആറു പുസ്തകങ്ങൾ പ്രവാചകഗണത്തിൽ ഉൾപ്പെടുത്തിയിരി ക്കുന്നു. യിസ്രായേലിൽ പ്രവാചകശുശ്രൂഷ നിർവ്വഹിച്ച് ദൈവഹിതം അറി യിച്ച യെശയ്യാവ്, യെരമ്യാവ് എന്നിവരുടെ പേരിൽ അറിയപ്പെടുന്ന പ്രവാ ചക പുസ്തകങ്ങൾക്കു മുമ്പുള്ളവയായതുകൊണ്ട് മുമ്പെയുള്ള പ്രവാ ചക പുസ്തകങ്ങൾ അഥവാ ആദ്യകാല പ്രവാചക പുസ്തകങ്ങൾ എന്ന പേരിൽ ഇവ അറിയപ്പെടുന്നു.

### (a) യോശുവ

മോശെയ്ക്കു ശേഷം യോശുവ നൽകിയ നേതൃത്വവും, കനാനിലെ വിവിധ ഭാഗങ്ങളിൽ ഗോത്രങ്ങൾ ആധിപത്യം സ്ഥാപിച്ച സംഭവങ്ങളും യോശുവയുടെ നേതൃത്വത്തിൽ ശേഖേമിൽ വച്ചു നടന്ന ഉടമ്പടിയും യോശുവയുടെ പുസ്തകത്തിലെ പ്രധാന വിഷയങ്ങളാണ്.

### (b) ന്യായാധിപന്മാർ

യോശുവയ്ക്കു ശേഷം ഇസ്രായേൽക്കാരെ നയിച്ച വിമോചകന്മാരായ ന്യായാധിപന്മാരുടെ നേട്ടങ്ങളും വിവിധ പോരാട്ടങ്ങളും ന്യായാധിപന്മാരുടെ വാഴ്ചയെക്കുറിച്ചും എഴുത്തുകാരൻ ഒരു പ്രത്യേക പദ്ധതിയനുസരിച്ച് വിവരിക്കുന്നു. യിസ്രായേൽ യഹോവയെ മറക്കുന്നു. അവർ പീഡിപ്പിക്കപ്പെടുന്നു. യഹോവയോടു നിലവിളിക്കുന്നു. യഹോവ മോചകന്മാരെ എഴുന്നേല്പിക്കുന്നു. അവർ ഇസ്രായേൽ ജനത്തെ ശത്രുക്കളിൽ നിന്നു രക്ഷിക്കുന്നു (ന്യായാധിപന്മാർ 2:10–18). വീണ്ടും ഇതുപോലെയുള്ള സംഭവപരമ്പരകൾ ആവർത്തിക്കപ്പെടുന്നു.

### (c) 1 ശമുവേൽ

1 ശമുവേലിന്റെ പുസ്തകം ആരംഭിക്കുന്നതു ന്യായാധിപന്മാരുടെ അവസാനത്തെ കണ്ണിയായ ശമുവേലിന്റെ ജനനത്തെക്കുറിച്ചുള്ള വിവരണത്തോടെയാണ്. ശമുവേലിന്റെ കാലത്തെ പ്രധാന ചരിത്രസംഭവങ്ങൾ, രാജഭരണത്തിലേക്ക് ഇസ്രായേൽ ജനം എങ്ങനെ നയിക്കപ്പെട്ടുവെന്ന വസ്തുതകൾ എന്നിവ ചരിത്രത്തിൽ പ്രധാനസ്ഥാനം വഹിക്കുന്നു. ശൗലിന്റെ തെരഞ്ഞെടുപ്പും, നിഷ്കാസനവും ചരിത്രകാരൻ പ്രത്യേകമായ ഉദ്ദേശ്യത്തോടെ ചിത്രീകരിക്കുന്നു. ശൗലിനു പിൻഗാമിയായി വന്ന ദാവീദിന്റെ ഭരണം, ഇസ്രായേൽ ചരിത്രത്തിലെ സുവർണ്ണയുഗമായി ചരിത്രകാരൻ കാണുന്നു. 1 ശമുവേലിലെ വിവരണം ശൗലിന്റെ അന്ത്യത്തോടെ അവസാനിക്കുന്നു.

### (d) 2 ശമുവേൽ

വിവിധ ഗോത്രങ്ങളെ വൈകാരികമായി യോജിപ്പിച്ചു യെരുശലേമിനെ ആരാധനയുടെയും രാഷ്ട്രീയ ഭരണകൂടത്തിന്റെയും കേന്ദ്രമാക്കുവാൻ ദാവീദു ചെയ്ത ബഹുമുഖ പ്രവർത്തനങ്ങളെ പ്രകീർത്തിക്കുന്നുണ്ടെങ്കിലും, രാജാവിന്റെ ബലഹീനതകളെ മറയ്ക്കുവാൻ എഴുത്തുകാരൻ ശ്രമിക്കുന്നില്ല. രാജാവിന്റെ പാപത്തിന്റെ അനന്തരഫലം അനുഭവിക്കുന്ന സമൂഹമായിട്ട് ഇസ്രായേൽ വിവരിക്കപ്പെടുന്നു.

### (e) 1 രാജാക്കന്മാർ

1 രാജാക്കന്മാരിൽ, ദാവീദിന്റെ അവസാനകാലം, ശലോമോന്റെ തെരഞ്ഞെടുപ്പ്, ജ്ഞാനിയായ ശലോമോൻ ചെയ്യുന്ന ഭരണപരിഷ്കാരങ്ങൾ, ദേവാലയ നിർമ്മാണം എന്നിവ പ്രകീർത്തിക്കപ്പെടുന്നു. അടുക്കും ചിട്ടയുമുള്ള ഭരണസംവിധാനം രാജ്യത്തിന്റെ കെട്ടുറപ്പിനും, വളർച്ചയ്ക്കും സഹായകമാണെങ്കിലും അതു സാധാരണക്കാരന്റെ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നാക്രമണമായതു കൊണ്ടു വെറുപ്പും, വിപ്ലവവും ക്രമേണ

സമൂഹത്തിൽ തല പൊക്കുന്നു. രാജ്യം വിഭജിക്കപ്പെട്ട് തെക്കേ രാജ്യമായ യഹൂദ്യയും, വടക്കേ രാജ്യമായ ഇസ്രായേലും പടപൊരുതി, രക്തക്കളം സൃഷ്ടിക്കുന്നതായും പ്രതിപാദിക്കുന്നു. ആഹാബ് രാജാവിന്റെ കാലത്തു യഹോവാഭക്തി സംരക്ഷിക്കുവാൻ ദൈവശക്തിയാൽ പോരാടി വിജയം വരിച്ച ഏലിയായുടെ പ്രവർത്തനങ്ങളും അത്ഭുതങ്ങളും, നീതിയ്ക്കുവേണ്ടിയുള്ള കർമ്മധീരതയും എഴുത്തുകാരന്റെ പ്രശംസ പിടിച്ചു പറ്റുന്നു.

**(f) 2 രാജാക്കന്മാർ**

ഏലിയായുടെ അന്ത്യം പിൻഗാമിയായ ഏലിശായുടെ അത്ഭുതപ്രവർത്തനങ്ങൾ, സമകാലീന ചരിത്രസംഭവങ്ങൾ, യേഹുവിന്റെ വിപ്ലവം, ഹോശേയാ രാജാവിന്റെ കാലത്ത് അസ്സീറിയൻ പടയുടെ ആക്രമണത്താൽ ഇസ്രായേലിനു വരുന്ന നാശം എന്നിവയും പ്രതിപാദിക്കപ്പെടുന്നു. ഹിസ്ക്കിയാവിന്റെ നല്ല ഭരണം, യോശിയാവിന്റെ കാലത്തുണ്ടായ ശുദ്ധീകരണം, ബാബിലോണ്യപ്രവാസം, യെരുശലേമിന്റെ നാശം എന്നിവയും ഈ ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്ന സംഭവങ്ങളാണ്. തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ പാപത്തിന്റെയും, അവിശ്വസ്തതയുടെയും അനന്തരഫലമായി പ്രവാസത്തെ വർണിക്കുന്നു.

**(ii) പിൽക്കാല പ്രവാചകർ**

പിൽക്കാല പ്രവാചകന്മാരിൽ രണ്ടു ഗണങ്ങളുണ്ട്. ഏശായാ, എറമിയാ, എസക്കിയേൽ എന്നീ വലിയ പ്രവാചകന്മാരും ഹോശായ മുതൽ മാലാഖി വരെയുള്ള ചെറിയ പ്രവാചകന്മാരും. ചെറിയ പ്രവാചകന്മാർ, 'പന്ത്രണ്ടു പേരുടെ പുസ്തകം' എന്ന നാമത്തിലും അറിയപ്പെടുന്നു. എബ്രായ ബൈബിളിൽ അവയുടെ ക്രമം ഇപ്രകാരമാണ്: ഹോശേയാ, യോവേൽ, ആമോസ്, ഓബദ്യാവ്, യോനാ, മീഖാ, നഹും, ഹബക്കുക്, സെഫന്യാ, ഹഗ്ഗായി, സെഖര്യാ, മലാഖി.

**(iii) വിഭജനത്തിന്റെ മാനദണ്ഡം**

പ്രവാചകപുസ്തകങ്ങളെ ചെറുതെന്നും വലുതെന്നും വിഭജിക്കുന്നത് പ്രവാചക ശുശ്രൂഷയുടെ മാഹാത്മ്യം, പ്രാധാന്യം ഇവ പരിഗണിച്ചല്ല. മറിച്ച് അദ്ധ്യായങ്ങളുടെ എണ്ണം അനുസരിച്ച് വലിയ പ്രവാചക പുസ്തകങ്ങൾ, ചെറിയ പ്രവാചക പുസ്തകങ്ങൾ എന്നിങ്ങനെ കണക്കാക്കിയിരിക്കുകയാണ്.

**(iv) പ്രവാചകദൗത്യം**

ദൈവവചനം ഉദ്ഘോഷിച്ച് വിദൂരഭാവിയിലും, അനതി വിദൂരഭാവി

യിലും സംഭവിപ്പാനിരിക്കുന്ന കാര്യങ്ങളെ പ്രവചിക്കുക മാത്രമല്ല, സമകാലീന സംഭവങ്ങളുടെ പൊരുൾ അനുവാചകർക്കു വ്യാഖ്യാനിച്ചുകൊടുക്കുന്ന ദൈവാത്മാവുള്ള, ദൈവീക പ്രവർത്തകരായിരുന്നു പ്രവാചകന്മാർ.

### ചോദ്യങ്ങൾ

1. എബ്രായ തിരുവെഴുത്തുകളുടെ പ്രധാന വിഭാഗങ്ങൾ ഏവയെന്നും, ഓരോന്നിലും ഉൾക്കൊള്ളുന്ന പുസ്തകങ്ങൾ ഏതെല്ലാമെന്നും എഴുതുക.
2. പഴയനിയമത്തിന്റെ മൂലകൃതിയായ എബ്രായ ഗ്രന്ഥത്തിൽ കാണുന്ന ക്രമത്തിൽ നിന്നും ഇന്നത്തെ നമ്മുടെ മലയാള (ഇംഗ്ലീഷ്) വേദപുസ്തകത്തിൽ എന്തു മാറ്റം വരുത്തിയിരിക്കുന്നു? കാരണമെന്ത്?
3. ലൂക്കോ. 24:27, 24:44 എന്നീ വാക്യങ്ങളിൽ നിന്നു പഴയനിയമ ഗ്രന്ഥത്തെക്കുറിച്ച് എന്ത് ഉൾക്കാഴ്ച ലഭിക്കുന്നു?

## പാഠം 3

# പഴയനിയമ പാഠം, വിവർത്തനം, കാനോൻ

❑ പഴയനിയമ പാഠം ❑ എബ്രായഭാഷ ❑ എബ്രായവേദപുസ്തകവും കൈയെഴുത്തും ❑ എഴുത്തിൽ വരാവുന്ന പിശകുകൾ ❑ പ്രധാന ഭാഷാന്തരങ്ങൾ ❑ വിവർത്തനങ്ങളുടെ പ്രയോജനം ❑ ഭാഷാന്തരങ്ങളും അപകടസാധ്യതയും ❑ പഴയനിയമ കാനോൻ ❑ കാനോന്റെ അർത്ഥവും ആവശ്യകതയും ❑ പുസ്തകങ്ങളുടെ അംഗീകരണം

### I. പഴയനിയമ പാഠം

പഴയനിയമത്തിന്റെ മിക്ക ഭാഗങ്ങളും എബ്രായ ഭാഷയിലും എസ്രാ (4:8–6:18), ദാനിയേൽ (2:4 –7:28) എന്നീ പുസ്തകങ്ങളിലെ ചില ഭാഗങ്ങൾ അറമായ ഭാഷയിലുമാണ് എഴുതപ്പെട്ടിട്ടുള്ളത്.

#### 1. എബ്രായഭാഷ

എബ്രായ ഭാഷ ശേമ്യവംശജരുടെ ഭാഷയിൽപ്പെട്ടതാണ്. വലത്തു നിന്ന് ഇടത്തോട്ട് എഴുതുന്ന പ്രത്യേകതയാണ് അറബി, സുറിയാനി മുതലായ ഭാഷകളെപ്പോലെ അതിനുള്ളത്.

**2. എബ്രായ വേദപുസ്തകവും കൈയെഴുത്തും**

ഏകദേശം 500 വർഷങ്ങൾക്കു മുമ്പാണ് ആദ്യത്തെ എബ്രായ ബൈബിൾ അച്ചടിച്ചത്. വടക്കേ ഇറ്റലിയിലെ സൊൻസിനോ എന്ന സ്ഥലത്ത് എ. ഡി. 1488 ൽ ആദ്യത്തെ എബ്രായ ബൈബിൾ അച്ചടിക്കപ്പെട്ടു. അതുവരെ കൈയെഴുത്തിൽ പ്രത്യേക പ്രാവീണ്യം നേടിയിട്ടുള്ള പണ്ഡിതന്മാരാണ് അവ പകർത്തിയിട്ടുള്ളത്. വിശുദ്ധ പുസ്തകമാണെന്നും തെറ്റു വരുത്തിക്കൂടായെന്നുമുള്ള ഉത്തമ ബോധ്യത്തോടെ പകർത്തിഎഴുത്തുകാർ അവരുടെ ജോലി നിർവ്വഹിച്ചു. ഓരോ വരികളിലുമുള്ള വാക്കുകൾ പോലും കൃത്യമായി കണക്കുകൂട്ടി അവർ എഴുതി. ലാഘവബുദ്ധിയോ അശ്രദ്ധയോ അവരെ ബാധിച്ചിരുന്നില്ല. ഇത്രയെല്ലാം കരുതൽ നടപടികൾ എടുത്തിട്ടും, ചില പിശകുകൾ മൂലപാഠത്തിൽ കടന്നുകൂടിയിട്ടുണ്ട്.

**3. എഴുത്തിൽ വരാവുന്ന പിശകുകൾ**

ചിലപ്പോൾ അക്ഷരങ്ങൾക്കും മറ്റു ചിലപ്പോൾ വാക്കുകൾക്കും പിശകു പറ്റിയിട്ടുണ്ട്. പകർത്തിയെഴുതുമ്പോൾ ചിലപ്പോൾ പിശകി മറ്റൊരു വാക്കെഴുതാം, ചിലത് വിട്ടുപോകാം, ചിലവ ഒന്നിലധികം പ്രാവശ്യം എഴുതാം. അങ്ങനെയെല്ലാമുള്ള ചെറിയ പിശകുകൾ വേദപുസ്തകത്തിൽ കടന്നുകൂടിയിട്ടുണ്ട് എന്ന് സൂക്ഷ്മ പഠനത്തിൽ കാണാം. എന്നാൽ ദൈവാത്മശക്തിയും പ്രചോദനവും ഉൾക്കൊണ്ട് എഴുതപ്പെട്ടതിനാൽ കാതലായ അർത്ഥ വ്യത്യാസങ്ങളോ പിശകുകളോ ഒന്നും ഉണ്ടായിട്ടില്ല എന്ന് ഖണ്ഡിതമായി പറയാം.

## II. പ്രധാന ഭാഷാന്തരങ്ങൾ

പഴയനിയമത്തിന് പ്രധാനമായും നാല് പുരാതന ഭാഷാന്തരങ്ങളാണുള്ളത്. ഗ്രീക്കു ഭാഷയിലുള്ള 'സെപ്ററുവജിന്റ്'; ലളിതം, സാധാരണം എന്ന അർത്ഥത്തിൽ 'പെഷീത്താ' എന്ന പേരിൽ അറിയപ്പെടുന്ന സുറിയാനി ഭാഷാന്തരം; വേദപണ്ഡിതനായ വി. ജറോമിന്റെ പേരിൽ അറിയപ്പെടുന്ന ലത്തീൻ ഭാഷാന്തരമായ 'വൾഗേറ്റ്'; അറമായ ഭാഷയിലേക്കുള്ള സ്വതന്ത്രപരിഭാഷയായ 'താർഗും' എന്നിവയാണ് ഈ നാലു ഭാഷാന്തരങ്ങൾ. ഇവയിൽ സെപ്റ്റുവജിന്റ് ബി. സി. മൂന്നാം നൂറ്റാണ്ടിൽ രൂപപ്പെട്ടു. മറ്റുള്ളവ ക്രിസ്തീയസഭയുടെ ആവിർഭാവത്തിനു ശേഷമുണ്ടായി. അതുകൊണ്ടു തന്നെ ക്രിസ്തീയ പാരമ്പര്യത്തിന്റെ സ്വാധീനം ഇവയിൽ അധികമായുണ്ട്.

**a. വിവർത്തനങ്ങളുടെ പ്രയോജനം**

മൂലഭാഷയിലുള്ള ഗ്രന്ഥം ഉള്ള സ്ഥിതിക്കു വിവർത്തനങ്ങൾ എന്തിനാണ്?

1) എബ്രായ മൂലഗ്രന്ഥത്തിലെ മനസ്സിലാക്കുവാൻ വൈഷമ്യമുള്ള ഭാഗങ്ങൾ, പദങ്ങൾ എന്നിവ പുരാതന തർജ്ജമകളുമായി താരതമ്യപഠനം നടത്തുമ്പോൾ അർത്ഥം വ്യക്തമായി ഗ്രഹിക്കുവാൻ സാധിക്കും.

2) എബ്രായ മൂലഗ്രന്ഥത്തിൽ വിട്ടുപോയ ഭാഗങ്ങളുടെ വിടവുകൾ നികത്തുവാൻ പുരാതന ഭാഷാന്തരങ്ങൾ സഹായിക്കുന്നു.

### b. ഭാഷാന്തരങ്ങളും അപകടസാധ്യതയും

എല്ലാ തർജ്ജമകളും ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റു വിധത്തിൽ പദാനുപദവിവർത്തനങ്ങളല്ല. അർത്ഥം അനുവാചകർക്കു വ്യക്തമാക്കാനുള്ള പ്രയത്നത്തിൽ അവ ചിലപ്പോൾ വ്യാഖ്യാനങ്ങളുമാകാറുണ്ട്. കൂടാതെ ഭാഷ, കാലാകാലങ്ങളിലായി പല കാരണങ്ങൾ കൊണ്ടും സ്വാധീനങ്ങൾ കൊണ്ടും മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നു. പുതിയ അർത്ഥവും പ്രാധാന്യവും ആർജ്ജിക്കുകയും ചെയ്യും. ആകയാൽ മൂലഗ്രന്ഥത്തെ പാടെ മാറ്റി വിവർത്തനങ്ങളെ ആശ്രയിക്കുകയെന്നത് അപകടം സൃഷ്ടിക്കുന്ന സംഗതിയാണ്.

## III. പഴയനിയമ കാനോൻ

### a. കാനോന്റെ അർത്ഥവും ആവശ്യകതയും

കാനോൻ എന്നതിന് 'അളവുകോൽ' എന്ന അർത്ഥമാണ് പണ്ഡിതന്മാർ നൽകുന്നത്. വിശ്വാസസംബന്ധമായ കാര്യങ്ങളുടെ അടിസ്ഥാനമായി യഹൂദന്മാർ സ്വീകരിച്ചതും ക്രൈസ്തവസഭ അംഗീകരിച്ചതുമായ പഴയനിയമ പുസ്തകങ്ങളുടെ സമുച്ചയത്തിനു പഴയനിയമ കാനോൻ എന്നു പറയുന്നു. ക്രിസ്താബ്ദത്തിന്റെ തൊട്ടുമുമ്പും ആരംഭത്തിലും വെളിപ്പാടു സാഹിത്യ വിഭാഗത്തിൽ പെട്ട അനേക പുസ്തകങ്ങൾ പ്രചുരപ്രചാരം ആർജിച്ചപ്പോൾ വിശുദ്ധ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തേണ്ടതും, അല്ലാത്തതുമായ പുസ്തകങ്ങളുടെ വേർതിരിവ് അത്യാവശ്യമായി. കൂടാതെ ക്രിസ്ത്യാനികൾ സെപ്റ്റുവജിന്റ് (എബ്രായ ബൈബിളിൽ ഉൾപ്പെടാത്ത പുസ്തകങ്ങൾ ഉള്ള ഗ്രീക്ക് തർജ്ജമ) ഉപയോഗിക്കുകയും, ഉദ്ധരിക്കുകയും ചെയ്തപ്പോൾ വിശുദ്ധ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ ഏതാണ് അല്ലാത്തവ ഏതാണ് എന്നു നിർണ്ണയിച്ച് അതിർത്തികുറിക്കേണ്ട ആവശ്യം യഹൂദർക്കു നേരിട്ടു. ഏതെല്ലാം അവഗണിക്കണം, ഏതിനെല്ലാം പ്രധാനസ്ഥാനം കൊടുക്കണം എന്ന പ്രശ്നവും ഉയർന്നുവന്നു.

### b. പുസ്തകങ്ങളുടെ അംഗീകരണം

പഴയനിയമ പുസ്തകങ്ങളുടെ അംഗീകരണം ക്രിസ്താബ്ദത്തിന്റെ

അവസാന ദശകത്തിലാണ് പൂർത്തിയായത്. എ. ഡി. 90 ൽ യോപ്പയ്ക്കടുത്തുള്ള ജാംനിയയിൽ കൂടിയ യഹൂദ റാബിമാരുടെ സമ്മേളനമാണത് സാധ്യമാക്കിയത്. പഴയനിയമത്തിലെ മൂന്നു വിഭാഗങ്ങൾ മൂന്നു ഘട്ടങ്ങളിലായി വി. ഗ്രന്ഥത്തിൽ സ്ഥാനം പിടിച്ചു എന്നാണ് പണ്ഡിത മതം.

ആദ്യമായി രൂപം പ്രാപിച്ച് അംഗീകരണം ലഭിച്ചതു മോശെയുടെ അഞ്ചു പുസ്തകങ്ങൾ എന്നറിയപ്പെടുന്ന 'തോറ' അല്ലെങ്കിൽ ന്യായപ്രമാണമാണ്. യോശിയാ രാജാവിന്റെ കാലത്തു യരുശലേം ദേവാലയം പുതുക്കി പണിയുന്ന കാലഘട്ടത്തിൽ ന്യായപ്രമാണ പുസ്തകം കണ്ടെത്തിയതിന് സൂചനയുണ്ട് (2 രാജാ. 22:10). ബാബിലോണ്യപ്രവാസം കഴിഞ്ഞ് യരുശലേമിലേക്കു മടങ്ങിയ എസ്രാ ശാസ്ത്രി ന്യായപ്രമാണം കൊണ്ടുവന്നതായും (എസ്രാ. 7:14) നെഹമ്യാവിനോടു ചേർന്ന് ആദരവോടെ പരസ്യമായി വായിച്ചുകേൾപ്പിക്കുന്നതായും (നെഹ. 8:14, 9:3) രേഖപ്പെടുത്തിയിരിക്കുന്നു. അസീറിയൻ പ്രവാസത്തിൽ നിന്നും മടങ്ങിവന്ന ശമര്യാക്കാരും യരുശലേമ്യരുമായി പിണങ്ങിമാറിയപ്പോഴും ശമര്യർ അംഗീകരിച്ച ഏക പഴയനിയമ ഗ്രന്ഥസമുച്ചയം പഞ്ചഗ്രന്ഥമായിരുന്നു.

പ്രവാചക പുസ്തകങ്ങളിലും ചരിത്ര - കാവ്യ ഗ്രന്ഥങ്ങളിലും യഹൂദ്യയ്ക്കും യരുശലേമിനുമുള്ള പ്രാധാന്യം ശമര്യർ അവയെ തള്ളിക്കളവാനിടയാക്കി.

പഞ്ചഗ്രന്ഥത്തിന്റെ അംഗീകരണത്തിന് ദശാബ്ദങ്ങളും അതിലേറെയും കഴിഞ്ഞു മാത്രമാണ് പ്രവാചക ഗ്രന്ഥങ്ങളും കാവ്യഗ്രന്ഥങ്ങളും ഇസ്രായേലിൽ പരക്കെ അംഗീകരണം നേടിയതും തിരുവചനത്തിൽ ഇടം കണ്ടതും.

## ചോദ്യങ്ങൾ

1. നോട്ടു കുറിക്കുക - കയ്യെഴുത്തു പ്രതികളിൽ നിലനിർത്തപ്പെടുന്ന പഴയനിയമ പാഠം.
2. മൂലഗ്രന്ഥവും വിവർത്തനങ്ങളും.
3. കാനോന്റെ അർത്ഥവും ആവശ്യകതയും.
4. പഴയനിയമ പുസ്തകങ്ങളുടെ അംഗീകരണം.

# പാഠം 4

# വേദനാടിന്റെ ഭൂമിശാസ്ത്രം, പുരാവസ്തു പര്യവേഷണം

❑ ഭൂമിശാസ്ത്രം ❑ പ്രദേശത്തെ സ്ഥലങ്ങൾ ❑ യഹൂദ്യ ❑ ശമര്യയിലെ സ്ഥലങ്ങൾ ❑ ഗലീലയിലെ സ്ഥലങ്ങൾ ❑ പുരാവസ്തു പര്യവേഷണം ❑ പുരാവസ്തു ഗവേഷണം എങ്ങനെ ❑ പുരാവസ്തു ഗവേഷണത്തിന്റെ പ്രാധാന്യം ❑ പഴയനിയമവും പുരാവസ്തു പര്യവേഷണവും ❑ പുരാവസ്തു ഗവേഷണം - പരിമിതികൾ

## എ. ഭൂമിശാസ്ത്രം

ഭൂപടം പരിശോധിച്ചാൽ ഇന്ത്യയുടെ പടിഞ്ഞാറേ തീരത്തുനിന്ന് അയ്യായിരത്തോളം കിലോമീറ്ററുകൾ വടക്കുപടിഞ്ഞാറു മാറി സ്ഥിതി ചെയ്യുന്ന തുർക്കി പ്രദേശത്തിനു സമീപത്താണ് അബ്രഹാമിന്റെ സ്ഥലമായി അറിയപ്പെടുന്ന കൽദയരുടെ ഊർ (ഉല്പ. 11:28). പേർഷ്യൻ ഉൾക്കടലിനു വടക്കു പടിഞ്ഞാറാണാ സ്ഥലം. അവിടെനിന്ന് പടിഞ്ഞാറു മാറി മെഡിറ്ററേനിയൻ കടലിനു കിഴക്കു സ്ഥിതിചെയ്യുന്ന പ്രദേശം വരെ വേദസ്ഥലങ്ങളായി മനസ്സിലാക്കാം.

കടലിനു തൊട്ടുള്ള രണ്ട് തുറമുഖ പട്ടണങ്ങൾ ഫൊയ്നീഷ്യ, ഫിലിസ്ത്യ എന്നീ പുറജാതി സ്ഥലങ്ങളാണ്. മെഡിറ്ററേനിയൻ കടലിനു കിഴക്ക് ആ രണ്ടു പുറജാതി പട്ടണങ്ങൾ ഒഴിച്ചുള്ള സ്ഥലം കിഴക്കു പടിഞ്ഞാറ് മൂന്നായി വിഭജിച്ച് അറിയപ്പെട്ടിരുന്നു. പിൽക്കാല ക്രമീകരണമായിരുന്നു ഇത്. വടക്കേ അറ്റത്ത് ഗലീല, തെക്കേഅറ്റം യഹൂദ്യ, മദ്ധ്യത്തിൽ ശമര്യ. തെക്കു വടക്ക് ഒഴുകിയ യോർദ്ദാന്റെ ഇരു പാർശ്വങ്ങളിലായി ഈ സ്ഥലങ്ങൾ സ്ഥിതിചെയ്യുന്നു.

മധ്യധരണിആഴിയുടെ തെക്കു ഭാഗത്തുള്ള തീരം മിസ്രയിം പ്രദേശമാണ്. യോസഫ് തന്റെ സഹോദരങ്ങളും പിതാവായ യാക്കോബും ഒരുമിച്ച് മിസ്രയീമിൽ പാർത്തത് നൈൽ നദിയാൽ ഫലപുഷ്ടമായ ഗോശെൻ ദേശത്തായിരുന്നു (ഉല്പ. 47:27). അവിടെനിന്ന് തെക്കുകിഴക്കു മാറിയുള്ള ചെങ്കടലിന്റെ കനാലുകളിൽ ഒരെണ്ണം കടന്നാകണം സീനായ് പ്രദേശത്ത് യിസ്രായേല്യർ എത്തിയത്. അതിനും വടക്കുകിഴക്കു മാറിയാണ് ഉപ്പുകടലും അതിനു വടക്കോട്ട് യോർദ്ദാൻ നദിയും. അതിന്റെ വടക്കേ അറ്റത്താണ് ഗന്നസരേത്ത് എന്നും തിബര്യോസ് എന്നും പുതിയനിയമത്തിൽ പരാമർശിക്കപ്പെടുന്ന ഗലീലയിലെ തടാകം.

### i) യഹൂദ്യ പ്രദേശത്തെ സ്ഥലങ്ങൾ

ഹെബ്രോൻ, മക്പേലഗുഹ, ബേൽശേബ, ബേത്‌ലഹേം, തെക്കോവ, യോപ്പ, നെഗേബ്, യെരുശലേം, യറിഹോ, ബഥേൽ, ബഥനി, അനഥോത്ത്, ഗിബയ, കിര്യാത്ത് യെയാരിം, സീഫ്.

### ii) ശമര്യയിലെ സ്ഥലങ്ങൾ

ശേഖേം, സുഖാർ, ശമര്യ, കൈസര്യ, ഗിൽഗാൽ, ഗരിസിം, ശാരോൻ സമതലം, സുക്കോത്ത്, യബ്ബോക്ക് കടവ്, മോവാബ്യ സമതലം.

### iii) ഗലീലയിലെ സ്ഥലങ്ങൾ

കർമ്മേൽ, മെഗീദ്ദോ, യബ്ബേസ് ഗിലയാദ്, രാമോത്ത് ഗിലയാദ്, ഹെർമ്മോൻ, താബോർ, കാദേശ്, ബാഷാൻ, നയീൻ, നസ്രത്ത്, മഗ്ദലാ, കഫർനഹൂം.

പേർഷ്യൻ ഉൾക്കടലിന് വടക്കു പടിഞ്ഞാറോട്ട് ഒഴുകുന്ന ഹിദ്ദേക്കൽ – ഫ്രാത്ത് മഹാനദികളുടെ (Euphrates - Tigris) മധ്യേയുള്ള പ്രദേശമാണ് 'നദികൾക്കിടയിൽ' എന്ന അർത്ഥത്തിൽ മെസപ്പൊട്ടേമിയ (Meso = Middle. Potamos = River) എന്നറിയപ്പെടുന്നത്. അവിടെയുള്ള പ്രസിദ്ധ സ്ഥലമാണ് നെബുഖദ്നേസറിന്റെ ബാബിലോൺ. അവിടേക്കാണല്ലോ യഹൂദ്യയും യരുശലേമും കീഴടക്കി ബാബിലോൺ രാജാവ് അവരെ പ്രവാസികളാക്കി കൊണ്ടുപോയത് (B C 587. 2 രാജാ. 25:1). അതിനും വടക്കുള്ള പ്രദേശമാണ് അശ്ശൂരും അതിന്റെ തലസ്ഥാനമായ നിനുവയും. അശ്ശൂര്യരാണ് വടക്കേ ഇസ്രായേലിനെ കീഴടക്കി യഹൂദരെ പ്രവാസികളായി കൊണ്ടുപോയത് (2 രാജാ. 17:1–6). മഹാനദികൾ വടക്കുപടിഞ്ഞാറേക്ക് വീണ്ടും ഒഴുകി എത്തുന്നു. അവിടെ യാക്കോബും ലാബാനുമായി ബന്ധപ്പെട്ട പദ്ദൻ ആരാം. അവിടെ നിന്ന് പടിഞ്ഞാറു മാറി തെക്കോട്ട് മധ്യധരണിആഴിയുടെ കിഴക്കേ തീരമാണ് കനാൻ നാട്.

## ബി. പുരാവസ്തു പര്യവേഷണം

പുരാതനമായ രേഖകൾ, ശിലാഫലകങ്ങൾ, നാണയങ്ങൾ, മൺപാത്രങ്ങൾ, പേടകങ്ങൾ, ആയുധങ്ങൾ, പണിഉപകരണങ്ങൾ, മറ്റു പുരാതന വസ്തുക്കൾ എന്നിവ ശാസ്ത്രീയമായി പഠിച്ച് അതിന്റെ കാലനിർണ്ണയം നടത്തുക വഴി പുരാതന സംസ്കാരത്തെക്കുറിച്ചും സാമൂഹ്യ ജീവിത രീതികളെക്കുറിച്ചും മനസ്സിലാക്കാനുള്ള ശ്രമമാണ് പുരാവസ്തു പര്യവേഷണം. പഴയനിയമ രേഖകൾക്ക് പുരാതനത്വം ഉണ്ടോ? അവയിൽ പരാമർശിക്കപ്പെടുന്നവ വസ്തുതകൾക്ക് നിരക്കുന്നുവോ? കഥാപാത്രങ്ങൾക്ക് ചരിത്രപരമായ പ്രാധാന്യം ഉണ്ടായിരുന്നുവോ? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം പുരാവസ്തു പര്യവേഷണത്തിലൂടെ ലഭിക്കുന്നു.

### 1. പുരാവസ്തു ഗവേഷണം എങ്ങനെ

പുരാവസ്തു ഗവേഷണം എന്നത് ആധുനിക കാലത്തു രൂപം പ്രാപിച്ചിട്ടുള്ള ഒരു പഠനരീതിയാണ്. ശാസ്ത്രീയമായ സമീപനവും വിശകലനവുമാണ് അതിന്റെ അടിസ്ഥാനപ്രമാണങ്ങൾ. ആദ്ധ്യാത്മിക രംഗത്തും മതേതര രംഗത്തും അതിന്റെ വിവിധ സംഭാവനകൾ കാണാം. കണ്ണുമടച്ചു വിശ്വസിക്കുന്നതിനു പകരം വ്യക്തമായ തെളിവുകളുടെയും രേഖകളുടേയും വെളിച്ചത്തിൽ സമർത്ഥിക്കുവാൻ സഹായിക്കുന്ന ഘടകങ്ങൾ കണക്കിലെടുത്താണ് ഒരു പുരാവസ്തു ഗവേഷകൻ തന്റെ നിഗമനത്തിൽ എത്തുന്നത്. പുരാവസ്തുക്കളുടെ കാലനിർണ്ണയം നടത്താൻ ശാസ്ത്രീയ പരീക്ഷണങ്ങളുണ്ട് (റേഡിയോ കാർബൺ ടെസ്റ്റ് മുതലായവ).

### 2. പുരാവസ്തു ഗവേഷണത്തിന്റെ പ്രാധാന്യം

പഴയനിയമത്തിന്റെ ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ പശ്ചാത്തലം, ആചാരരീതികൾ, വിവിധ ചിന്താഗതികളുടെ ഉത്ഭവം, വളർച്ച, കാലക്രമത്തിലുള്ള വ്യതിയാനം, ദൈവശാസ്ത്രപരമായി മുൻതൂക്കം കൊടുത്തിട്ടുള്ള ആശയങ്ങൾ എന്നിവ ഗ്രഹിക്കുവാനും പഴയനിയമത്തിന്റെ മൂലപാഠത്തെക്കുറിച്ച് മനസ്സിലാക്കുവാനും പുരാവസ്തു ഗവേഷണം സഹായിക്കുന്നു.

### 3. പഴയനിയമവും പുരാവസ്തു പര്യവേഷണവും

a) ഈജിപ്തിൽ നിന്നും കണ്ടെടുത്ത പുരാതനരേഖയായ ‘ടെൽ എൽ അമർന്ന’ യിൽ ‘ഹബീരു’ ‘അപ്പീരു’ എന്നൊരു സമൂഹത്തെക്കുറിച്ച് സൂചനയുണ്ട്. ഊടാടി സഞ്ചരിക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിലേക്കു വരുവാൻ പരിശ്രമിക്കുകയും ചെയ്തുവന്ന ആ സമൂഹം ‘എബ്രായർ’ ആയിരിക്കാമെന്നാണ് പണ്ഡിത മതം.

b) കൽദയരുടെ ഊരിൽ നിന്നും കണ്ടെടുത്ത രേഖകൾ (‘മാരി’, ‘നുസി’ പേടകങ്ങൾ) അവിടെ നിലവിലിരുന്ന ചില ആചാരാനുഷ്ഠാനങ്ങളിലേക്കും ദായക്രമങ്ങളിലേക്കും വിരൽ ചൂണ്ടുന്നു. ദത്തെടുക്കൽ, അടിമയുടെ അവകാശങ്ങൾ, സംസ്ക്കരിക്കൽ എന്നിവയോടു ബന്ധപ്പെട്ട രേഖയിൽ കാണുന്ന വിശദാംശങ്ങൾ ഗോത്രപിതാക്കന്മാരുടെ ആചാരാനുഷ്ഠാനങ്ങളോട് സാമ്യമുള്ളവ തന്നെ.

c) ഈജിപ്തിൽ നിന്നു ലഭ്യമായ ബി. സി. 1200 കാലഘട്ടത്തിലെ രേഖകൾ (ഫറവോ മെർനെപ്തായുടെ ഫലകം) ഭരണകർത്താക്കളായ ഫറവോമാരെക്കുറിച്ചും അക്കാലത്തു നടന്ന എബ്രായരുടെ രക്ഷപെടലിനെക്കുറിച്ചും പരാമർശിക്കുന്നു. അതിൻപ്രകാരം ഇസ്രായേൽ മക്കളുടെ മിസ്രയീമിലെ പീഡനം ഫറവോ രാംസേസിന്റെയും (Ca 1290 ബി. സി.)

മോചനം അദ്ദേഹത്തിന്റെ പിൻഗാമി ഫറവോ മെർനെപ്തായുടെ കാലത്തും (ca 1230 ബി. സി.) എന്ന് അനുമാനിക്കപ്പെടുന്നു.

ഈദൃശമായ അനേകം പുരാതന രേഖകളും വസ്തുക്കളും പുരാതന സംസ്കാരം, സംഭവങ്ങൾ, സമൂഹങ്ങൾ, ഭരണകർത്താക്കൾ എന്നിവയിലേക്ക് വെളിച്ചം വീശുന്നതായുണ്ട്. വേദപുസ്തകം വെറും കെട്ടുകഥയല്ല എന്നു വ്യക്തമാക്കുന്നതിലുപരി പുരാതന സംസ്കൃതിയുടെ വിവിധ വശങ്ങളിലേക്ക് അവ വെളിച്ചം വീശുന്നു.

### 4. പുരാവസ്തു ഗവേഷണം – പരിമിതികൾ

വേദപുസ്തകത്തിന്റെ ആരംഭം മുതൽ അവസാനം വരെയുള്ള എല്ലാ വാക്യങ്ങൾക്കും, കഥാപാത്രങ്ങൾക്കും, സംഭവങ്ങൾക്കും, കാലങ്ങൾക്കും തെളിവു സഹിതം അവ വിശ്വസനീയമായ വിധത്തിൽ സ്ഥാപിക്കുവാൻ ആധാരമായ രേഖകൾ എല്ലാം കണ്ടുപിടിക്കുക എന്നത് അസാധ്യമാണ്. കാരണം വേദപുസ്തകം ചില വിശ്വാസപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ വിശ്വാസികൾക്കു വേണ്ടി പരിശുദ്ധാത്മാവിനാൽ പ്രേരിതരായവർ രചിച്ചിട്ടുള്ളതാണ്. അതിൽ ചരിത്രപരമായ പ്രതിപാദനങ്ങളും പരാമർശങ്ങളും ഉണ്ട്. എല്ലാം ചരിത്രപരമായ കാര്യങ്ങളുടെ സമഞ്ജസസമ്മേളനമല്ല. ഈ യാഥാർത്ഥ്യം കണക്കിലെടുത്തു വേണം പുരാവസ്തു ഗവേഷണത്തെ വിനിയോഗിക്കുവാൻ.

### ചോദ്യങ്ങൾ

1. പലസ്തീനിന്റെ പടം വരച്ച് ഗലീല, ശമര്യ, യഹൂദ്യ പ്രദേശങ്ങൾ, മെഡിറ്ററേനിയൻ കടൽ, യോർദാൻ എന്നിവ അടയാളപ്പെടുത്തുക.
2. നോട്ടു കുറിക്കുക – പുരാവസ്തു ഗവേഷണവും പഴയനിയമവും.

## പാഠം 5

# പഞ്ചഗ്രന്ഥം

❑ പഞ്ചഗ്രന്ഥം – നിർവചനം ❑ മോശെയും പഞ്ചഗ്രന്ഥവും ❑ ഗ്രന്ഥ കർത്തൃത്വം ചോദ്യം ചെയ്യപ്പെടുന്നു ❑ ആന്തരീക തെളിവുകൾ ❑ പഞ്ച ഗ്രന്ഥത്തിലെ രേഖകൾ ❑ ഉപസംഹാരം

### പഞ്ചഗ്രന്ഥം – നിർവചനം

ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു പുസ്തകങ്ങൾ നിയമഗ്രന്ഥം (തോറ) എന്ന പേരിൽ മോശെയുടെ പുസ്തകങ്ങൾ ആയി അറിയപ്പെടുന്നു. അഞ്ചു തുകൽ ചുരുളുകളിലായി തുടർച്ചാ സംഭവങ്ങൾ വിവരിക്കുന്നു എന്ന അർത്ഥത്തിലാണ് പെന്ററ്റ്യൂക് (Pentateuch) അഥവാ പഞ്ചഗ്രന്ഥം എന്നു വിളിക്കുന്നത്. ഈ ചുരുളുകൾ കാലക്രമേണ അഞ്ചു പുസ്തകങ്ങളായി ഗണിക്കപ്പെട്ടു തുടങ്ങുകയും ഓരോന്നിന്റെയും തുടക്ക വാക്കുകൾ എബ്രായ ഭാഷയിൽ അവയുടെ പേരുകൾ ആയി കണക്കാ ക്കപ്പെടുകയും ഉണ്ടായി. എന്നാൽ ആ ഗ്രന്ഥങ്ങളുടെ ഉള്ളടക്കത്തെ സൂചി പ്പിക്കുന്ന പേരുകളാണ് ഭാഷാന്തരങ്ങൾക്ക് നല്കിയിരിക്കുന്നത് (യൂണിറ്റ് 1. പാഠം 2. കാണുക).

### മോശെയും പഞ്ചഗ്രന്ഥവും

മോശെയുടെ പേരിൽ ന്യായപ്രമാണവും ദാവീദിന്റെ പേരിൽ സങ്കീർത്ത നവും ശലോമോന്റെ പേരിൽ സദൃശ്യവാക്യങ്ങളും കണക്കാക്കുന്ന എബ്രായ പാരമ്പര്യം ക്രൈസ്തവസഭയും തുടരുന്നു. 'മോശെയുടെ ന്യായ പ്രമാണ പുസ്തകം' എന്ന വേദപുസ്തക പ്രയോഗം (നെഹ. 8:1, ലൂക്കോ. 24:44) യഹൂദന്മാരും ക്രൈസ്തവരും മുഖവിലയ്ക്കെടുത്തു ബഹുമാനി ക്കുന്നു. തന്റെ കല്പനകൾ രേഖപ്പെടുത്തി വയ്ക്കുവാൻ മോശെയോട് ദൈവം കല്പിച്ചതായും മോശെ അപ്രകാരം ചെയ്തതായും വേദത്തെളി വുകൾ ഉണ്ട് (പുറ. 17:14, 24:4, സംഖ്യാ 33:2). മോശെയുടെ കാലത്ത് എഴു തുന്ന രീതി പ്രചാരത്തിൽ ഉണ്ടായിരുന്നു. മിസ്രയീമിൽ രാജകീയ വിദ്യാ ഭ്യാസം ലഭിച്ച മോശെ എഴുത്തും ശീലിച്ചിരിക്കണം.

### ഗ്രന്ഥകർത്തൃത്വം ചോദ്യം ചെയ്യപ്പെടുന്നു

പഞ്ചഗ്രന്ഥം മോശെ എഴുതി എന്ന വേദപാരമ്പര്യം നിലനില്ക്കുമ്പോൾ തന്നെ, ഗ്രന്ഥം മുഴുവൻ മോശെ എഴുതിയതാണോ അതോ പില്ക്കാലത്തു മോശെയുടെ മരണശേഷം കൂട്ടിച്ചേർത്തതാണോ എന്ന സംശയം പഴയ നിയമ പണ്ഡിതന്മാരുടെയിടയിൽ ശക്തിപ്പെട്ടു. എ. ഡി. 11–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഇബൻ എസ്രാ (Ibn Ezra) എന്ന യഹൂദ റാബിയാണ് ഈ

ചോദ്യം ആദ്യം ഉന്നയിച്ചത്. 17, 18 നൂറ്റാണ്ടുകളിൽ വേദഗ്രന്ഥം സൂക്ഷ്മമായി പഠിക്കുവാൻ ശ്രമം ഉണ്ടായി. ഭാഷാ പഠനം അക്കാലത്ത് വളരെ ശക്തമാക്കപ്പെട്ടു. ജീൻ അസ്ട്രൂസ്, റിച്ചാർഡ് ഷീമോൻ എന്നിവർ മോശെയുടെ പഞ്ചഗ്രന്ഥ രചനാകർത്തൃത്വം കാര്യമായെടുത്തു. തുടർന്നുള്ള നൂറ്റാണ്ടുകളിലും പഞ്ചഗ്രന്ഥത്തിന്റെ രൂപീകരണം സംബന്ധിച്ച് വളരെ പഠനങ്ങൾ നടക്കുകയുണ്ടായി.

## ആന്തരീക തെളിവുകൾ

പഞ്ചഗ്രന്ഥത്തിൽ നിന്നു തന്നെ ചുവടെ ചേർക്കുന്ന കാര്യങ്ങളാൽ മോശെയുടെ ഗ്രന്ഥകർത്തൃത്വം ചോദ്യം ചെയ്യപ്പെട്ടു.

1. മോശെയുടെ മരണത്തെക്കുറിച്ചുള്ള വിവരണം (ആവ. 34:10). അദ്ദേഹത്തെ പ്രകീർത്തിച്ചുകൊണ്ടുള്ള പരാമർശങ്ങൾ (സംഖ്യാ. 12:3). മോശെയുടെ കാലത്തിന് ശേഷം മാത്രം നടന്ന കനാന്യരുടെ അധിവാസത്തെക്കുറിച്ച് അബ്രഹാമിനോടു ചേർത്തുള്ള പരാമർശങ്ങൾ (ഉല്പ. 12:6).

2. സൃഷ്ടിവിവരണത്തിലെ ആവർത്തനം, വൈരുദ്ധ്യം എന്നിവ (ഉല്പ. 1:1–2:49) cp. (2:4b–25).

3. വ്യത്യസ്ത ഭാഷാ ശൈലികൾ.

4. സമാന്തര വിവരണങ്ങൾ അഥവാ ഒരേ സംഭവങ്ങളുടെ ആവർത്തനം (ഉല്പ: 12:10–20, 20: 1–18, 26:6–11, ഉല്പ. 16:4–14 cp. 21:9–21).

## പഞ്ചഗ്രന്ഥത്തിലെ രേഖകൾ

പഞ്ചഗ്രന്ഥം ആരെഴുതി എന്ന ചോദ്യത്തിനുത്തരം കണ്ടെത്താനാണ് “പഞ്ചഗ്രന്ഥ പഠനം” ആദ്യകാലങ്ങളിൽ ലക്ഷ്യം വച്ചത് എങ്കിൽ, അത് പിന്നീട് അവയ്ക്ക് പിന്നിലെ രേഖകൾ (Sources) കണ്ടെത്താനുള്ള ശ്രമമായി പരിണമിച്ചു. വ്യത്യസ്ത മാനദണ്ഡങ്ങൾ അതിനായി അവലംബിക്കുകയുണ്ടായി. ദൈവം, യഹോവ എന്നീ വ്യത്യസ്ത ദൈവനാമങ്ങൾ, നിയമങ്ങൾ, സാഹിത്യപരമായ പ്രത്യേകതകൾ, വിവരണങ്ങളുടെ ആവർത്തനം, പ്രതിപാദനശൈലി, വൈവിധ്യമാർന്ന വിവരണങ്ങൾ എന്നീ മാനദണ്ഡങ്ങൾ പ്രധാനമായും ഉപയോഗിച്ചുകൊണ്ടാണ് പഞ്ചഗ്രന്ഥ രൂപീകരണത്തിലെ രേഖകൾ കണ്ടെത്തുവാൻ പണ്ഡിതലോകം യത്നിച്ചത്.

അതിന്റെ അടിസ്ഥാനത്തിൽ, പഞ്ചഗ്രന്ഥത്തിന്റെ പിന്നിൽ പ്രധാനമായി നാലു രേഖകൾ ഉണ്ടെന്ന് ഗവേഷകർ കണ്ടെത്തി. അതിൽ ‘J’ (JAHWIST യഹോവ എന്ന ഈശ്വരനാമം ഉപയോഗിക്കുന്ന രേഖ) ഏറ്റവും പുരാതനവും (CA 850 BC), E (Elohim ഏലോഹിം എന്ന നാമം ഉപയോഗിക്കുന്ന രേഖ) രണ്ടാമത്തേതും (Ca. 750 BC), D (Deuteronomy ആവർത്തന പുസ്ത

കത്തിൽ ഒതുങ്ങിനില്ക്കുന്ന രേഖ) മൂന്നാമത്തേതും (Ca. 650 BC), P (Priestly പുരോഹിത രേഖ) ഏറ്റവും നൂതനവുമായ (Ca. 500 BC) രേഖയാണെന്നും കണ്ടെത്തി. വ്യത്യസ്തമായി നിലനിന്ന ഈ ചെറുരേഖകൾ കാലക്രമേണ ക്രോഡീകരിക്കപ്പെടുകയും ഒരു തുടർരേഖയായി ഇന്നു കാണുന്ന രൂപം പ്രാപിക്കുകയും ചെയ്തത്രേ. J മുതൽ P വരെയുള്ള രേഖകൾ അതേ ക്രമത്തിൽ ക്രോഡീകരിക്കപ്പെട്ടു എന്നുള്ള ബോദ്ധ്യത്തിൽ JEDP എന്ന ക്രമം അംഗീകരിക്കപ്പെട്ടതായി പണ്ഡിതലോകം വിലയിരുത്തി.

### ഉപസംഹാരം

പഞ്ചഗ്രന്ഥത്തിന്റെ പ്രധാന ഉറവയും രേഖയും മോശെയിൽ നിന്നും വരുന്നു. ദൈവം കല്പിച്ചവയും, ദൈവീക ഇടപെടലിനെക്കുറിച്ചും മനുഷ്യ പ്രതികരണത്തെക്കുറിച്ചുമുള്ള വിവരണങ്ങൾ മോശെ രേഖപ്പെടുത്തുവാൻ ആരംഭിച്ചു. എന്നാൽ മോശൈകമായ രേഖകൾക്കൊപ്പം വാമൊഴിയായി കൈമാറി വന്നവയും, പിൽക്കാല അനുഭവങ്ങളിൽ ചാലിച്ച, മോശെയോടു ബന്ധപ്പെട്ട കാര്യങ്ങളും പഞ്ചഗ്രന്ഥത്തിന്റെ ഭാഗമാക്കപ്പെട്ടു. ചുരുക്കത്തിൽ, പഞ്ചഗ്രന്ഥം പ്രധാനമായും മോശെയിൽ നിന്നും മോശെ പ്രധാന കഥാപാത്രമായിട്ടുള്ളതും ആകുന്നു.

### ചോദ്യങ്ങൾ

1. പഞ്ചഗ്രന്ഥം മോശെ എഴുതി – സമർത്ഥിക്കുക.
2. നോട്ടു കുറിക്കുക – പഞ്ച ചുരുളുകൾ.
3. മോശെയുടെ ഗ്രന്ഥകർത്തൃത്വം സംശയിക്കാൻ ഇടയാക്കുന്ന കൂടുതൽ ആന്തരിക തെളിവുകൾ ശേഖരിക്കുക.

## പാഠം 6

# പഞ്ചഗ്രന്ഥ രൂപീകരണം

❑ ആമുഖം ❑ വിശ്വാസപ്രമാണം – പഞ്ചഗ്രന്ഥങ്ങളുടെ സിരാകേന്ദ്രം ❑ വ്യവസ്ഥയിന്മേലുള്ള നിയമങ്ങൾ ❑ ദൃഢമായി അനുശാസിക്കുന്ന നിയമങ്ങൾ ❑ പെസഹായെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ ❑ പദ്യഭാഗങ്ങൾ പഞ്ചഗ്രന്ഥത്തിൽ ❑ പഞ്ചഗ്രന്ഥത്തിന്റെ രൂപീകരണം

### (i) ആമുഖം

മോശൈകമായ രേഖകളുടെ അടിസ്ഥാനത്തിലും ആ രേഖകൾ –

വാമൊഴിയായോ എഴുതപ്പെട്ട രേഖകളായോ - നിലനിർത്തിയ സമൂഹത്തിന്റെ പ്രത്യേക പാരമ്പര്യങ്ങളും ക്രോഡീകരിക്കപ്പെട്ട് ഇന്നു കാണുന്ന തരത്തിൽ പഞ്ചഗ്രന്ഥം രൂപപ്പെട്ടു എന്ന് മുൻപാഠത്തിൽ കണ്ടുവല്ലോ (I.5). അങ്ങനെ രൂപപ്പെടുന്നതിന് ഇടയാക്കിയ ഘടകങ്ങൾ എന്തെല്ലാമായിരുന്നു. ഉള്ളടക്കവും രേഖകളും മാത്രമോ?

### (ii) വിശ്വാസപ്രമാണം - പഞ്ചഗ്രന്ഥങ്ങളുടെ സിരാകേന്ദ്രം

ജർമ്മൻ വേദപുസ്തക പണ്ഡിതനായ ഗെർഹാർഡ് ഫൊൻറാർഡ്, ആവ. 26:5-9 ലെ വിശ്വാസപ്രഖ്യാപനത്തെ പഞ്ചഗ്രന്ഥങ്ങളുടെ സിരാകേന്ദ്രമായി കാണുന്നു. ഒരു ഇസ്രായേൽക്കാരൻ, യഹോവയാം ദൈവത്തിന്റെ തിരുസന്നിധിയിൽ എത്തി ഇസ്രായേൽ ജാതിയോടുള്ള പ്രത്യേക സ്നേഹം, പരിപാലനം എന്നിവയ്ക്ക് പ്രതികരണമായി അനുഷ്ഠിക്കുന്ന പ്രാർത്ഥനയും വിശ്വാസപ്രഖ്യാപനവും സ്തോത്രകാഴ്ചയും ആണീ ഭാഗത്ത്.

ആദ്യഫലവുമായി യഹോവയുടെ സന്നിധിയിൽ എത്തി നടത്തുന്ന വിശ്വാസപ്രഖ്യാപനത്തിൽ യഹോവയാം ദൈവത്തിന്റെ അനുഗ്രഹങ്ങൾ സ്മരിക്കുകയും രക്ഷാപ്രവർത്തനത്തിന്റെ വിവിധ രംഗങ്ങളെ കണ്മുമ്പിൽ കാണുകയും ചെയ്യുന്നു. പരദേശിയായ അരാമ്യനിൽ നിന്ന് രൂപം പ്രാപിച്ച് എങ്ങനെ വലിയ ജാതിയായിത്തീർന്നുവെന്നും, ഈജിപ്തിലെ അടിമത്വത്തിൽ നിന്നു ദൈവശക്തിയാൽ എങ്ങനെ മോചനം പ്രാപിച്ചുവെന്നും, ഫലഭൂയിഷ്ടമായ ദേശം എങ്ങനെ ദൈവം അവകാശമായി നൽകിയെന്നും വിശ്വാസപ്രഖ്യാപനത്തിൽ പ്രസ്താവിക്കുന്നു.

രക്ഷാചരിത്രത്തിലെ പ്രധാന സംഭവങ്ങൾ വിശ്വാസത്തിന്റെ അടിസ്ഥാനമായി രൂപം പ്രാപിച്ചതോടൊപ്പം ഗോത്രപിതാക്കന്മാരെക്കുറിച്ചുള്ള വിവരണവും വാമൊഴിയായി പ്രചരിച്ചു. അവയെ ശേഖരിച്ച് ആളുകൾ ഒരുമിച്ചു കൂടുന്ന പുണ്യ ആരാധനാ സ്ഥലങ്ങളിൽ ഉരുവിടുന്ന ദൗത്യം പുരോഹിതന്മാർക്കായിരുന്നു. പല പ്രാവശ്യം ഉരുവിട്ട് തലമുറകൾ കൈമാറിയപ്പോൾ അവയ്ക്ക് ഏകദേശം നിശ്ചിതരൂപം ലഭിച്ചു. ഇവ കൂടാതെ നിയമാവലികളും പ്രചാരത്തിൽ വന്നു. രണ്ടുതരം നിയമസംഹിതകൾ പഞ്ചഗ്രന്ഥങ്ങളിൽ കാണാം.

### (iii) നിയമസംഹിതകൾ

#### (a) വ്യവസ്ഥയിന്മേലുള്ള നിയമങ്ങൾ

ഒന്നാമത്തെ ഗണം വ്യവസ്ഥയിന്മേൽ ഉള്ളതാണ്: 'എങ്കിൽ' എന്ന് ആരംഭിക്കുന്ന വിഭാഗം. പുറ. 21:18 മുതൽ, ഏതെങ്കിലും കുറ്റം ചെയ്താൽ അനുഭവിക്കേണ്ട ശിക്ഷയെ വിവരിക്കുന്നു. ഈ നിയമങ്ങൾക്കു സമാന

മായ നിയമസംഹിതകൾ ഇസ്രായേലിന്റെ ചുറ്റും വസിച്ചിരുന്ന സമൂഹ ങ്ങൾക്കും ഉണ്ടായിരുന്നു. സംഘർഷം ഇല്ലാത്ത സാമൂഹ്യജീവിതത്തിന് ഈ നിയമങ്ങൾ സഹായകമായിരുന്നു.

### (b) ദൃഢമായി അനുശാസിക്കുന്ന നിയമങ്ങൾ

രണ്ടാമത്തെ വിഭാഗത്തിന് 'എങ്കിൽ' എന്ന വ്യവസ്ഥ കാണുന്നില്ല. 'ചെയ്യണം' അല്ലെങ്കിൽ 'ചെയ്യരുത്' എന്നു ദൃഢമായി അനുശാസിക്കുന്ന വയാണ് അവ. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് പത്തു കല്പന കൾ (പുറ. 20:2 മുതൽ). ഈ വിഭാഗത്തിൽപ്പെട്ട നിയമങ്ങൾ ഇസ്രായേ ലിന്റെ പ്രത്യേക നിയമങ്ങളായി പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു.

## (iv) പെസഹായെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ

ഇസ്രായേലിന്റെ രക്ഷണ്യപ്രവർത്തനങ്ങൾ പ്രധാന പങ്കുവഹിക്കുന്ന പെസഹായെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ പെസഹാ എങ്ങനെ ആചരി ക്കണമെന്നും അതിന്റെ പ്രാധാന്യം എന്താണെന്നും വിവരിക്കുന്നു (പുറ. 12).

## (v) പദ്യഭാഗങ്ങൾ പഞ്ചഗ്രന്ഥത്തിൽ

ചില പദ്യഭാഗങ്ങളും പഞ്ചഗ്രന്ഥത്തിൽ ഉണ്ട്: ലാമേക്കിന്റെ പ്രതി കാരഗാനം (ഉൽപത്തി 4:23–24), യാക്കോബിന്റെ അനുഗ്രഹം (ഉല്പ. 49), മോശയുടെ ഗാനം (പുറ.15:1–18), കിണറിനെക്കുറിച്ചുള്ള ഗാനം (സംഖ്യാ 21:17–18), ബാലാമിന്റെ പ്രവചനം (സംഖ്യാ 23:24), മോശയുടെ ഗാനവും അനുഗ്രഹവും (ആവ. 32, 33). ഇവയെല്ലാം തന്നെ തലമുറകൾ വാമൊഴി യായി നിലനിർത്തിയ പാട്ടുകളാകാനാണ് സാധ്യത.

## (vi) പഞ്ചഗ്രന്ഥത്തിന്റെ രൂപീകരണം

തോറാ അല്ലെങ്കിൽ പഞ്ചഗ്രന്ഥം ഇന്നത്തെ നിലയിൽ രൂപം പ്രാപി ച്ചതു കാലക്രമത്തിലാണ്. അത് എങ്ങനെ സംഭവിച്ചു? പുറപ്പാട് സംഭവ ത്തിലൂടെ 'ദൈവജന'മെന്ന (people of God) സ്വത്വബോധത്തിലേക്കു വന്ന ഇസ്രായേൽ, ഗോത്രപിതാക്കന്മാരെക്കുറിച്ചും മരുഭൂ പ്രയാണം, കനാൻ അധിവാസത്തിനുള്ള ഒരുക്കം എന്നിവയും ചേർത്ത ശേഷം സൃഷ്ടി കഥയും കൂട്ടിച്ചേർത്തതാണെന്ന അഭിപ്രായം ചിന്തകന്മാർ പങ്കിടുന്നുണ്ട്. ആവർത്തനപുസ്തകത്തിൽ കാണുന്ന വിശ്വാസപ്രഖ്യാപനത്തെ (26:5–9) അടിസ്ഥാനമാക്കി രക്ഷാചരിത്രം തയാറാക്കിയതുമാകാം. അങ്ങനെയെ ങ്കിൽ അത് ചുവടെ ചേർക്കുംപ്രകാരം ആകാം.

ഉല്പത്തി പുസ്തകത്തിൽ കാണുന്ന 1–11 അദ്ധ്യായങ്ങളോട് ഗോത്ര പിതാക്കന്മാരുടെ ചരിത്രം കൂട്ടിച്ചേർത്തു. അതോടൊപ്പം മെസ്രേൻ വാസം,

പീഡനം, മോചനം, മരുപ്രയാണം, വാഗ്ദത്ത നാട്ടിലേക്കുള്ള യാത്ര എന്നീ ഇസ്രായേൽ ചരിത്രത്തിലെ സംഭവബഹുലമായ നാഴികക്കല്ലുകളും രക്ഷാ ചരിത്രത്തിൽ കോർത്തിണക്കി. ഇസ്രായേലും യഹോവയും തമ്മിലുള്ള ബന്ധം പരിപാലിക്കുന്നതിന് സഹായകമായ ന്യായപ്രമാണങ്ങളും യാഗങ്ങളും ഇടയ്ക്കു ചേർത്തു. മോശയുടെ മരണം അവസാനഭാഗത്തും ഉൾപ്പെടുത്തി. രക്ഷാചരിത്രം നട്ടെല്ലാക്കി രൂപം കൊടുത്ത പഞ്ചഗ്രന്ഥം പ്രവാസകാലത്തു ദൈവാത്മാവിനാൽ പ്രേരിപ്പിക്കപ്പെട്ട ഒരുവൻ ഇന്നു കാണുന്ന വിധത്തിൽ രൂപപ്പെടുത്തിയിട്ടുള്ളതാണ്.

## ചോദ്യങ്ങൾ

1. പഞ്ചഗ്രന്ഥ രൂപീകരണം - ആവ. 26:5-9 ലെ വിശ്വാസപ്രമാണം നല്കുന്ന അടിസ്ഥാനകാര്യങ്ങൾ വിശദീകരിക്കുക.
2. നോട്ടു കുറിക്കുക - പത്തു കല്പനകൾ.
3. നോട്ടു കുറിക്കുക - വ്യവസ്ഥയിന്മേൽ ഉള്ള നിയമങ്ങൾ.

# യൂണിറ്റ് 2

# യിസ്രായേൽ ചരിത്രം

## പാഠം 1

## എബ്രായചരിത്രം

❑ എബ്രായചരിത്രത്തിന്റെ പ്രത്യേകത ❑ വിഷയങ്ങളുടെ തെരഞ്ഞെടുപ്പും വിലയിരുത്തലും ❑ ഇസ്രായേൽ ചരിത്രത്തിന്റെ സിരാകേന്ദ്രം - രക്ഷാ ചരിത്രം ❑ എബ്രായ ചരിത്രകാരൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ ❑ ചരിത്രം വെറും ഓർമ്മയല്ല ❑ എബ്രായചരിത്രം ദൈവീക വെളിപാടിന്റെ സാക്ഷ്യം ❑ ഏറ്റവും പ്രധാന ദൈവമഹത്വം ❑ ദൈവമാണ് എല്ലാത്തിന്റെയും കാരണഭൂതൻ ❑ പ്രവാചകന്മാരും ചരിത്രവും.

### 1. എബ്രായ ചരിത്രത്തിന്റെ പ്രത്യേകത

പ്രധാനപ്പെട്ട വ്യക്തികൾ, അവരോടു ബന്ധപ്പെട്ട നിർണ്ണായകമായ സംഭവങ്ങൾ, പ്രധാന തീയതികൾ എന്നിവയുടെ അനുക്രമമായ വിവരണം എന്ന രീതിയിൽ മാത്രമല്ല ലോകചരിത്രത്തേയും തെരഞ്ഞെടുക്കപ്പെട്ട ജാതിയായ ഇസ്രായേലിന്റെ ചരിത്രത്തേയും എബ്രായ ചരിത്രകാരൻ വീക്ഷിക്കുന്നത്. മതേതര ചരിത്രകാരന്മാരെപ്പോലെ (secular historians) യാദൃശ്ചികമായ സംഭവങ്ങളുടെ വെറും സമാഹാരമായിട്ടുമല്ല അവയെ രേഖപ്പെടുത്തിയിരിക്കുന്നത്.

സ്രഷ്ടാവായ ദൈവത്തിന്റെ പ്രവർത്തനരംഗമാണു ചരിത്രം. ലോക സൃഷ്ടി മുതൽ ഉള്ള എല്ലാ സംഭവങ്ങളും ദൈവേഷ്ടം വെളിപ്പെടുന്നതും ഒരു പ്രത്യേക ഉദ്ദേശ്യത്തിനായി ദൈവം നയിക്കുന്നതുമായ രക്ഷാകര പ്രവർത്തനങ്ങളുടെ ശൃംഖലയായിട്ട് അവയെ തെരഞ്ഞെടുത്ത് ചരിത്ര പുസ്തക ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മനുഷ്യജാതിയെക്കുറിച്ചു ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറുവാൻ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരുടെ ഗോത്രചരിത്രം; ഇസ്രയേൽ എന്ന സമൂഹത്തിന്റെ പ്രത്യേക തെരഞ്ഞെടുപ്പ് എന്നിവ എബ്രായ ചരിത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 2. വിഷയങ്ങളുടെ തെരഞ്ഞെടുപ്പും വിലയിരുത്തലും

രണ്ടു കാര്യങ്ങൾ ചരിത്രത്തെക്കുറിച്ചു പഠിക്കുമ്പോൾ പ്രാധാന്യം അർഹിക്കുന്നതാണ്: (i) വിഷയങ്ങളുടെ തെരഞ്ഞെടുപ്പ് (ii) ഓരോ സംഭവത്തെക്കുറിച്ചും ഉള്ള ചരിത്രകാരന്റെ അഭിപ്രായവും വിലയിരുത്തലും.

### (i) വിഷയങ്ങളുടെ തെരഞ്ഞെടുപ്പ്

ചരിത്രകാരന്റെ കാഴ്ചപ്പാടിൽ പ്രാധാന്യമുള്ള സംഭവങ്ങളും വ്യക്തികളും ബന്ധപ്പെട്ട തീയതികളും മാത്രമേ ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിക്കുന്നുള്ളു. അവയെ തിരഞ്ഞെടുക്കുന്നതിൽ ചരിത്രകാരൻ ചില പ്രത്യേക മാനദണ്ഡങ്ങളും അവതരിപ്പിക്കുന്നതിൽ ചില പ്രത്യേക രീതികളും സ്വീകരിക്കുന്നു.

### (ii) ചരിത്രകാരന്റെ വിലയിരുത്തൽ

മറ്റൊരു പ്രാധാന്യമുള്ള സംഗതി ഓരോ ചരിത്ര സംഭവത്തെക്കുറിച്ചുമുള്ള ചരിത്രകാരന്റെ അഭിപ്രായവും നിഗമനവുമാണ്. ഓരോ സംഭവ വികാസവും എന്താണ് വിവക്ഷിക്കുന്നത്? അതേക്കുറിച്ച് ദൈവത്തിന്റെ ഉദ്ദേശ്യം എന്താണ്?

### 3. ഇസ്രായേൽ ചരിത്രത്തിന്റെ സിരാകേന്ദ്രം - രക്ഷാചരിത്രം

ഇസ്രായേൽ ചരിത്രത്തിന്റെ സിരാകേന്ദ്രം രക്ഷാ ചരിത്രമാണ്. ഒരു പ്രത്യേക ഉദ്ദേശ്യത്തോടെ ദൈവം തെരഞ്ഞെടുത്തു നയിച്ച സമൂഹത്തിന്റെ ജീവിതത്തിലെ ചില പ്രധാന നാഴികക്കല്ലുകൾ ചരിത്രത്തിന്റെ പ്രധാന ഭാഗങ്ങളാണ്. ഇസ്രായേലിന്റെ തെരഞ്ഞെടുപ്പ്, മെസ്രേമിൽ നിന്നുള്ള മോചനം, മരുഭൂമിയിലെ പ്രയാണം, സീനായ് ഉടമ്പടി, വാഗ്ദത്തനാടിന്റെ ദാനം എന്നീ പ്രധാന സംഭവങ്ങൾക്കിടയിൽ മറ്റു വിവരണങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

### 4. എബ്രായചരിത്രകാരൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ

വ്യക്തികളെയും അവരുടെ പ്രവർത്തനങ്ങളേയും അളക്കുവാനും വിലയിരുത്തുവാനും എബ്രായ ചരിത്രകാരൻ ചില മാനദണ്ഡങ്ങൾ ഉപയോഗിച്ചിരുന്നു. ലൗകികമായ പ്രതാപങ്ങളോ രാജ്യത്തിന്റെ വിപുലീകരണമോ മറ്റു ഭൗതീക നേട്ടങ്ങളോ അല്ല എബ്രായ ചരിത്രത്തിൽ സ്ഥാനം പിടിക്കുവാൻ പ്രേരകമായ ഘടകങ്ങൾ. യഹോവയായ ദൈവത്തെ സേവിക്കുന്നതിലും ആരാധിക്കുന്നതിലും താല്പര്യവും ശുഷ്കാന്തിയും പ്രദർശിപ്പിച്ച നേതാക്കന്മാർ ചരിത്രകാരന്റെ കാഴ്ചപ്പാടിൽ ആരാധ്യപുരുഷന്മാരായി. യഹോവയാം ദൈവത്തെ മറന്ന് അന്യദൈവങ്ങളെ ആരാധിക്കുന്നതിൽ ഔത്സുക്യം കാണിച്ചിട്ടുള്ളവർ നിശിതമായ വിമർശനത്തിനു പാത്രീഭൂതന്മാരായി. മോവാബൈറ്റ് ഫലകത്തിൽ ഇസ്രയേലിനെ ഓമ്റിയുടെ രാജ്യമെന്നു പരാമർശിക്കുന്നുണ്ട്. എന്നാൽ പ്രതാപശാലിയായ ഓമ്റി രാജാവിനെ, പ്രകീർത്തിക്കേണ്ട വ്യക്തിയായി ഇസ്രയേൽ ചരിത്രകാരൻ കാണുന്നില്ല. കാരണം സത്യദൈവത്തെ ആരാധിക്കുന്നതിൽ ഓമ്റി ശ്രദ്ധ പതിപ്പിച്ചില്ല.

## 5. ചരിത്രം വെറും ഓർമ്മയല്ല

എബ്രായ ചരിത്രകാരൻ ചരിത്രത്തെ വീക്ഷിക്കുന്നതു കഴിഞ്ഞകാല സംഭവങ്ങളുടെ വെറും ഓർമ്മ എന്ന രീതിയിലല്ല. ഗോത്രപിതാക്കന്മാരായ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരുടെ ജീവചരിത്രം, മെസ്രേൻ അടിമത്വത്തിൽ നിന്നുള്ള മോചനം എന്നിവ വായിക്കുമ്പോൾ ഇന്നു ജീവിക്കുന്നവരും അതോടൊപ്പം ബന്ധപ്പെട്ട രക്ഷാചരിത്രത്തിലെ അനുഭവങ്ങളിൽ പങ്കുചേരുന്നതായി അനുഭവപ്പെടുന്നു. ചരിത്രത്തിലെ കഥാപുരുഷന്മാർ നേരിട്ട സംഘട്ടനങ്ങളും പോരാട്ടങ്ങളും ഇന്നും യാഥാർത്ഥ്യമാണെന്നും ജീവനുള്ള ദൈവം ചരിത്രപുരുഷന്മാരിൽക്കൂടിയും സംഭവങ്ങളിൽക്കൂടിയും ഇന്നും സജീവമായി പ്രവർത്തിക്കുന്നുവെന്നും പഠിപ്പിക്കുന്നു.

## 6. എബ്രായ ചരിത്രം ദൈവിക വെളിപാടിന്റെ സാക്ഷ്യം

ദൈവിക വെളിപാടിന്റെ ക്രമാനുഗതമായ തുടർച്ചയെയാണ് എബ്രായ ചരിത്രം സാക്ഷ്യപ്പെടുത്തുന്നത്. ഓരോ കാലത്തും ദൈവികപ്രവർത്തനത്തിന് അനുയോജ്യരായ നേതാക്കളെ തെരഞ്ഞെടുക്കുകയും വഴിനടത്തുകയും ചെയ്തിട്ടുണ്ട്. ദൈവേഷ്ടം പരിപൂർണ്ണമായി നിർവ്വഹിക്കാത്തവരെ പുറംതള്ളി പുതിയ ആളുകളെ വിളിച്ചു വേർതിരിച്ചിട്ടുണ്ട്. ദൈവീക ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച ശൗലിനെ മാറ്റി ദാവീദിനെ നിയോഗിച്ചു. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനം ദൈവവിളിക്കും ദൗത്യത്തിനും ചേർന്ന രീതിയിൽ ഉത്തരവാദിത്വം നിർവ്വഹിച്ചില്ലെങ്കിൽ അവരെ പുറംതള്ളി വേറൊരു സമൂഹത്തെയോ വ്യക്തിയെയോ ദൈവം വിനിയോഗിക്കും. അന്യജാതിക്കാരനായ കുരേശിനെപ്പോലും ദൈവം ഉപയോഗിച്ചിട്ടുണ്ട് (യെശ. 45:1).

## 7. ഏറ്റവും പ്രധാനം ദൈവമഹത്വം

എബ്രായ ചരിത്രകാരൻ ഏറ്റവും പ്രാധാന്യം കൊടുത്തു ഉദ്ഘോഷിക്കുന്ന സംഗതി ദൈവമഹത്വമാണ്. മനുഷ്യന്റെ നേട്ടങ്ങൾ നേട്ടങ്ങളായി കാണുന്നതു ദൈവവുമായ സജീവബന്ധത്തിൽ അവൻ കഴിയുമ്പോഴാണ്. ദൈവത്തിൽ നിന്നു മാറി മനുഷ്യനു മഹത്വം കൊടുക്കുന്ന പ്രസ്താവനകളോ ചിത്രീകരണങ്ങളോ ചരിത്രകാരന്റെ വിവരണങ്ങളിൽ സ്ഥാനം പിടിക്കുന്നില്ല. മറ്റു സമകാലീന ചരിത്രങ്ങളിൽ കാണുന്നതുപോലെ ചില കഥാപാത്രങ്ങളെ യാതൊരു കുറവും ഇല്ലാത്ത മാതൃകാ പുരുഷന്മാരായി അവതരിപ്പിക്കുവാനോ ദൈവീകന്മാരായി പ്രദർശിപ്പിക്കുവാനോ ഉള്ള ശ്രമം ഇസ്രയേൽ ചരിത്രകാരൻ നടത്തുന്നില്ല. ശ്രേഷ്ഠരായ ഗോത്രപിതാക്കന്മാർക്കും രാജാവായ ദാവീദിനും പരിമിതികളും കുറവുകളും ഉണ്ടായി

രുന്നു. മാനുഷിക ബലഹീനതയെ അതിന്റെ പൂർണ്ണരൂപത്തിൽ വിവരിക്കുന്നതിന്റെ ഉദാഹരണമാണു ദാവീദും ബത്ത്ശേബയും തമ്മിലുള്ള അവിഹിതബന്ധത്തിന്റെ പ്രതിപാദനം.

## 8. ദൈവമാണ് എല്ലാത്തിന്റെയും കാരണഭൂതൻ

ദൈവമാണ് എല്ലാത്തിന്റെയും കാരണഭൂതൻ. മതേതര ചരിത്രകാരന്റെ കാഴ്ചപ്പാടിൽ സാധാരണ സംഭവം എന്നു തോന്നിക്കുന്നത് എബ്രായ ചരിത്രകാരനെ സംബന്ധിച്ചിടത്തോളം ദൈവീകപ്രവർത്തനമാണ്. അബ്രഹാം കൽദയരുടെ ഊരിൽ നിന്നു യാദൃശ്ചികമായി പുറപ്പെട്ടു എന്നതിനേക്കാൾ ദൈവം അബ്രഹാമിനെ കൽദയരുടെ ഊരിൽ നിന്നു പുറപ്പെടുവിച്ചു എന്നു സമർത്ഥിക്കുവാനാണു ചരിത്രകാരന്റെ ശ്രമം. ഒരു കൂട്ടം അടിമകൾ നാട്ടിൽ നിന്ന് ഓടി രക്ഷപ്പെട്ടുവെന്നു ഈജിപ്തിന്റെ ചരിത്രരേഖകൾ പ്രതിപാദിക്കുമ്പോൾ, ദൈവത്തിന്റെ അത്ഭുതാവഹമായ നടത്തിപ്പു മൂലം അടിമത്തത്തിൽ നിന്നു രക്ഷപ്പെട്ടുവെന്നു പുറപ്പാടു പുസ്തകം സാക്ഷിക്കുന്നു. മുമ്പു പിതാക്കന്മാരെ അത്ഭുതകരമായി വഴി നടത്തിയവൻ ഇന്നും വിശ്വസ്തതയോടെ നയിക്കുന്നുവെന്നും സാക്ഷിക്കുകയാണ്.

## 9. പ്രവാചകന്മാരും ചരിത്രവും

സമകാലീന സംഭവങ്ങളുടെ പ്രാധാന്യം അനുവാചകർക്കു വ്യക്തമാക്കുവാൻ ദൈവത്തിന്റെ ജിഹ്വകളായി പ്രവാചകന്മാർ പ്രവർത്തിച്ചു. എപ്പോഴും ആശ്വാസവചനങ്ങളല്ല അവർ നൽകിയിരുന്നത്. ചിലപ്പോൾ ശിക്ഷയുടേയും ന്യായവിധികളുടെയും സന്ദേശങ്ങൾ അവർ ഉദ്ഘോഷിച്ചു. ചരിത്രസംഭവങ്ങളിൽ നിന്നു മാറി നിഷ്ക്രിയനായി നിൽക്കുന്ന ദൈവമല്ല, കർമ്മനിരതനായി ഇന്നും എന്നും പ്രവർത്തിക്കുന്ന ദൈവത്തിന്റെ വെളിപാടുകൾ വഴി വിവിധ രീതിയിൽ വ്യക്തമാക്കുന്ന ദൈവഹിതവും പോകേണ്ട പാതയും മനസ്സിലാക്കി അതിൽക്കൂടി ചരിക്കേണ്ടതു തെരഞ്ഞെടുക്കപ്പെട്ട ജാതിയുടെ കർത്തവ്യമാണെന്ന് അവർ ഉറപ്പിച്ചു പ്രസ്താവിച്ചു. കൂടാതെ ഇസ്രായേലിന്റെ തെരഞ്ഞെടുപ്പ് എന്നത് വലിയ പദവിയാണെന്നു ധരിച്ച് അഹങ്കരിക്കുന്നതിനു പകരം അനുതാപത്തിലും ആത്മതപനത്തിലും കൂടി തിരിച്ചുവരുവാൻ അവർ ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെട്ടു. വചനം മൂലവും പ്രതീകാത്മക പ്രവർത്തികൾ മുഖാന്തരവും ദൈവീക പ്രവർത്തനങ്ങളുടെ പ്രാധാന്യം അവർ സമകാലീനർക്കു വ്യാഖ്യാനിച്ചുകൊടുത്തു. ചരിത്രം ദൈവീകപ്രവർത്തന രംഗമാണെന്നു പ്രവാചകർ ഉദ്ഘോഷിക്കുകയും വാഗ്ദത്തങ്ങളെ നിറവേറ്റുന്നതിൽ ദൈവം വിശ്വസ്തത പാലിക്കുന്നതുകൊണ്ടു തുടർന്നും ഇസ്രായേലിനെ നയിക്കുമെന്നും അവർ സാക്ഷിച്ചു.

### ചോദ്യങ്ങൾ

1. 'എബ്രായ ചരിത്രകാരന്മാർ ദൈവശാസ്ത്രത്തിൽക്കൂടി വസ്തുതകളെ വീക്ഷിച്ചു' എന്നുള്ളത് എത്രമാത്രം ശരിയാണ്?
2. പ്രവാചകന്മാർക്ക് ഇസ്രായേല്യ ചരിത്രത്തിലുള്ള സ്ഥാനം വിവരിക്കുക?
3. ദൈവം വാഗ്ദത്തങ്ങളിൽ വിശ്വസ്തൻ എന്ന് ഏതെങ്കിലുമൊരു പ്രവചന ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ സമർത്ഥിക്കുക.

## പാഠം 2

# ആദ്യകാലചരിത്രം

❑ പിതാക്കന്മാരുടെ കാലഘട്ടം ❑ അബ്രഹാം, ഇസഹാക്ക്, യാക്കോബ്
❑ പുറപ്പാടും കനാൻ അധിനിവേശവും

### ആമുഖം

ചരിത്രം ആദിമദ്ധ്യാന്തങ്ങളുള്ളതാണ്: ഒരിടത്ത് ആരംഭിച്ച് ഒരിടത്തുകൂടി സഞ്ചരിച്ച് മറ്റൊരിടത്ത് എത്തിച്ചേരുന്നു. വ്യക്തി, സമൂഹം, സ്ഥലം, കാലം, സംഭവം, കാരണങ്ങൾ എന്നിവയോടു ബന്ധപ്പെട്ട വസ്തുനിഷ്ഠ വിവരങ്ങൾ ചരിത്രം നൽകുന്നു. വേദചരിത്രം വസ്തുനിഷ്ഠം എന്നതുപോലെ വിശ്വാസ കഥാകഥനം കൂടിയാണ്. സംഭവങ്ങളുടെ പിന്നിലുള്ള കാരണങ്ങൾ (dynamics) വസ്തുതാപരം എന്നതിനേക്കാൾ ദൈവീക ഇടപെടൽ എന്ന വ്യാഖ്യാനമാണതിനു പഥ്യം. ഈ ബോധ്യത്തോടെയാവണം വേദചരിത്രം വിശകലനം ചെയ്യേണ്ടത്.

### i) പിതാക്കന്മാരുടെ കാലഘട്ടം (Period of Ancestors)

അബ്രഹാം മുതലായ പിതാക്കന്മാരുടെ കാലഘട്ടവും വിവരണങ്ങളും – അത് മാതാക്കളുടേതുമാണ് – നല്കിക്കൊണ്ടാണ് വേദപുസ്തകത്തിലെ ചരിത്രവിവരണം ആരംഭിക്കുന്നത് (ഉല്പ. 11:47f). അതിനു മുമ്പുള്ള സൃഷ്ടികഥ, ഏദൻതോട്ടത്തിൽ നിന്നുള്ള ബഹിഷ്കരണം, ജലപ്രളയം എന്നിവ ചരിത്രാതീതവും. പുനഃപരിശോധനയ്ക്കും താരതമ്യത്തിനും ആകാത്തത് എന്നുള്ള അർത്ഥത്തിലാണ് 'ചരിത്രാതീതം' (Pre-Historic) എന്നു കണക്കാക്കുന്നത്. അവ കെട്ടുകഥകൾ എന്നുള്ള തരത്തിലല്ല മറിച്ച് ആധുനിക ചരിത്ര മാനദണ്ഡങ്ങൾക്ക് വഴങ്ങാത്തത് എന്ന സങ്കല്പം മാത്രം.

## ii) അബ്രഹാം, ഇസഹാക്ക്, യാക്കോബ്...

അബ്രഹാം, പിതാവായ തേരഹിനൊപ്പം തങ്ങളുടെ സ്വന്തപട്ടണമായ കൽദയരുടെ "ഊരിൽ" നിന്ന് യാത്ര പുറപ്പെട്ടത് (ഉല്പ 11:1) ഏകദേശം ബി. സി. 15, 16 നൂറ്റാണ്ടുകളിലാകണം. 'കൽദയരുടെ ഊർ' പേർഷ്യൻ ഉൾക്കടലിനു വടക്കു പടിഞ്ഞാറു മാറിയുള്ള മെസപ്പൊട്ടേമിയൻ പ്രദേശമാണ്. മഹാനദികളുടെ തീരപ്രദേശങ്ങളിലൂടെ വടക്കു പടിഞ്ഞാറേക്കാണവരുടെ സഞ്ചാരജീവിതം. അവിടെയാണ് ഹാരാനും പദ്ദൻ-ആരാമും. അവിടെ നിന്ന് ഗോത്രപിതാക്കന്മാർ തെക്കുപടിഞ്ഞാറേക്ക് മെഡിറ്ററേനിയൻ കടലിന്റെ കിഴക്കേ തീരങ്ങളിലേക്ക് (കനാൻ നാട്) ജീവിതത്തിന്റെ 'കൂടാരം മാറ്റി മാറ്റി അടിച്ചു.'

യാക്കോബിന്റെ പുത്രനായ യോസഫ് മിസ്രയീമിലെത്തി ഉന്നതപദവിയിലെത്തുന്നത്, അവിടെ വർഷങ്ങൾ നീണ്ടുനിന്ന സമ്പൽസമൃദ്ധി, ക്ഷാമം, മിസ്രയീം (Egypt) സാമ്രാജ്യശക്തിയായതിനെ തുടർന്ന് യൂഫ്രട്ടീസ് നദി വരെ അധികാരം സ്ഥാപിച്ചത് എന്നീ കാര്യങ്ങൾ ശിലാഫലകങ്ങളിൽ നിന്നും മറ്റു പുരാവസ്തുക്കളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. മിസ്രയീമിന്റെ ശക്തി അതിന്റെ പാരമ്യത്തിലെത്തിയത് BC 14-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയാകണം. "യോസഫിനെ അറിയാത്ത" (പുറ 1:8) രാജാവ് അക്കാലത്തെ ചക്രവർത്തി തന്നെ ആയിരുന്നു എന്നാണ് പണ്ഡിത മതം.

## iii) പുറപ്പാടും കനാൻ അധിനിവേശവും

ബി. സി. 13-ാം നൂറ്റാണ്ടിന്റെ മധ്യകാലത്തു നിന്നുള്ള മിസ്രയീം രേഖകൾ (ca 1260 BC) അടിമകളെ കുറിച്ചും രാജ്യത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ, അടിമകളുടെ വിപ്ലവം, പുറപ്പെട്ടുപോകൽ എന്നിവയെക്കുറിച്ചും സൂചനകൾ നൽകുന്നുണ്ട്. BC 15-12 നൂറ്റാണ്ടുകളിൽ നിന്നുള്ള മിസ്രയീമ്യ രേഖകളിൽ 'ഹബീരു' 'അപ്പീരു' എന്ന അടിമവർഗ്ഗത്തെക്കുറിച്ച് ആവർത്തിച്ചു സൂചിപ്പിക്കുന്നുണ്ട്. അത് എബ്രായക്കാരെക്കുറിച്ചാകാം എന്ന് അഭിപ്രായപ്പെടുന്ന പണ്ഡിതന്മാരുണ്ട്. B.C. 13-ാം നൂറ്റാണ്ടിന്റെ മധ്യത്തുനിന്നുള്ള മിസ്രയീമ്യ രേഖയിൽ അപ്പീരുവുമായുള്ള യുദ്ധത്തിൽ ഫറവോ പരാജയപ്പെട്ടതായി തെളിവുണ്ട്.

വേദപാരമ്പര്യമനുസരിച്ച്, മോശെ യിസ്രായേൽ ജനത്തിന് നേതൃത്വം നൽകുകയും അവർ അടിമവീട്ടിൽ നിന്നും പുറപ്പെടുകയും ചെയ്തു. തുടർന്ന് കനാനിലേക്ക് അവർ പ്രവേശിച്ചു. കനാനിലേക്കുള്ള പ്രവേശനവും അനുബന്ധ സംഭവങ്ങളും യോശുവായുടെ നേതൃത്വത്തിൽ നടന്നു എന്ന് വേദരേഖകൾ പറയുന്നു. യോശുവ 5 മുതൽ 12 വരെയുള്ള അദ്ധ്യായങ്ങളിൽ കനാൻ അധിനിവേശം രേഖപ്പെടുത്തിയിരിക്കുന്നു. വാഗ്ദത്തം

പോലെ (പുറ 3:1) കനാന്യർ, ഹിത്യർ, യബൂസ്യർ, ഹിവ്യർ, പെരിസ്യർ എന്നീ പാലസ്തീനിയൻ ജാതികളെ ഒന്നടങ്കം ഇസ്രായേല്യർ കീഴടക്കി എന്നുള്ള സൂചനകൾ ശരിയാണോ? പല കനാന്യ പട്ടണങ്ങളും കീഴടക്കുവാൻ അവർക്കായില്ല എന്ന സൂചന ആദ്യകാല പ്രവാചക പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (യോശു. 15:63, 16:11, 17:12 ന്യായ 1:1–2:6). മിസ്രയീമിൽ നിന്നു പുറപ്പെട്ട ജനത്തിന് യോശുവയും തുടർന്ന് ദൈവവിശ്വസ്തരായ ന്യായാധിപന്മാരും നേതൃത്വം നൽകി. 'ഓരോരുവനും അവനവന് ബോധിച്ച രീതിയിൽ' (ന്യായാ. 21:25) നടക്കാതെ ദൈവാത്മാവിൽ ജനത്തെ അവർ നയിച്ചു. ന്യായാധിപഭരണം രണ്ടു നൂറ്റാണ്ടെങ്കിലും പിന്നിട്ട ശേഷമാണ് ഇസ്രായേലിൽ രാജാക്കന്മാർ ഭരണസാരഥ്യത്തിലേക്ക് വന്നത്.

### ചോദ്യങ്ങൾ

1. അബ്രഹാമിന്റെ ജീവിതത്തിലെ ദൈവനടത്തിപ്പിനെക്കുറിച്ച് ഉദാഹരണസഹിതം വിവരിക്കുക.
2. നോട്ടു കുറിക്കുക – പിതാക്കന്മാരുടെ ഈജിപ്തിലെ വാസവും അവിടെ നിന്നുള്ള പുറപ്പെടലും.
3. യിസ്രായേലിലെ ന്യായാധിപന്മാരിൽ രണ്ടു പേരെക്കുറിച്ച് അവരുടെ സംഭാവനകളുടെ അടിസ്ഥാനത്തിൽ വിവരിക്കുക.

## പാഠം 3

# രാജഭരണം ഇസ്രായേലിൽ

❑ ആമുഖം ❑ രാജഭരണത്തിലേക്ക് ❑ ശൗലും ദാവീദും ❑ ദാവീദിന്റെ നേട്ടങ്ങൾ ❑ ശലോമോനും രാജഭരണവും ❑ വിഭജിത യിസ്രായേലിലെ രാജാക്കന്മാർ ❑ യഹൂദ്യയുടെ പതനം

### ആമുഖം

ന്യായാധിപന്മാരുടെ നേതൃത്വം ഇസ്രായേലിന് ശത്രുക്കളിൽ നിന്ന് സംരക്ഷണവും സമാധാനപരമായ ജനജീവിതവും നൽകി. എന്നാൽ അവർ പ്രാദേശിക നേതാക്കളായിരുന്നു. വിസ്തൃതമായ കനാനിൽ ചിതറിപ്പാർത്തിരുന്ന ജനങ്ങൾക്ക് – ഗോത്രങ്ങൾക്ക് – പ്രാദേശികമായി പ്രശ്നങ്ങളും എതിർപ്പുകളും ഉണ്ടായപ്പോൾ സംരക്ഷണം നൽകിയവർ. അവർ ഇസ്രായേലിൽ ആകമാനം അംഗീകാരമുള്ളവരായിരുന്നില്ല. ഭരണത്തിന്

സ്ഥിരമായ സംവിധാനവും ക്രമീകരിച്ചിരുന്നില്ല (ന്യായാ. 2:18). ഗോത്രങ്ങൾ പരസ്പരവിരുദ്ധമായ നിലപാടുകളും താല്പര്യങ്ങളുമായി പ്രവർത്തിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു (യോശു. 22:7–34. ന്യായാ. 12:1–6).

## രാജഭരണത്തിലേക്ക്

ബി. സി. 12-ാം നൂറ്റാണ്ട് ആയപ്പോഴേക്കും ഈജിപ്തിന്റെ ശക്തി ക്ഷയിച്ചു. എബ്രായ ഗോത്രങ്ങൾ ശക്തിപ്രാപിച്ചു വന്നു. മധ്യധരണി ആഴിയുടെ കിഴക്കേ തീരപ്രദേശത്തും കനാനിലും ഫെലിസ്ത്യരും ശക്തിപ്പെട്ടു. ഫെലിസ്ത്യരുടെ സാന്നിധ്യവും യുദ്ധതാല്പര്യങ്ങളും എബ്രായഗോത്രങ്ങൾക്ക് ഭീഷണിയായ സാഹചര്യത്തിൽ യിസ്രായേലിൽ രാജാവിനു വേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഗിദെയോൻ, അബിമേലക്ക്, യിപ്താഹ് എന്നീ ന്യായാധിപന്മാരെ രാജസ്ഥാനത്തേക്ക് കൊണ്ടുവരുവാൻ ശ്രമം നടന്നതായി രേഖപ്പെടുത്തിയിരിക്കുന്നു (ന്യായാ. 8).

## ശൗലും ദാവീദും

ഫെലിസ്ത്യർ ശക്തിപ്പെട്ടുവരുകയും ന്യായാധിപന്മാർ രാജകീയ നേതൃത്വം നൽകുവാൻ വിസമ്മതിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ ഇസ്രായേൽ മൂപ്പന്മാർ ഒരു രാജാവിനായി ആഗ്രഹിച്ചു. അവർ അക്കാര്യം ന്യായാധിപനും പ്രവാചകനുമായി വന്ന ശമുവേലിനോട് അറിയിച്ചു (1 ശമു. 8:4–5). ശൗലിനെ ശമുവേൽ അഭിഷേകം ചെയ്ത് - രാജാക്കന്മാരെയും പുരോഹിതന്മാരെയും പ്രവാചകന്മാരെയും അഭിഷേകം ചെയ്യുന്ന രീതി നിലനിന്നിരുന്നു - രാജാവായി പ്രഖ്യാപിച്ചു (1 ശമു. 11:15). ശൗലിന്റെ നേതൃത്വം യിസ്രായേലിനെ ശക്തിപ്പെടുത്തുക തന്നെ ചെയ്തു. അദ്ദേഹത്തിന്റെ ഭരണകാലഘട്ടം തിട്ടപ്പെടുത്തുക സാധ്യമല്ല.

## ദാവീദിന്റെ നേട്ടങ്ങൾ

തുടർന്ന് രാജസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത് ദാവീദാണ്. ഏകദേശം ബി. സി. 1000-ാം ആണ്ടിലാകണം അദ്ദേഹത്തിന്റെ ഭരണം ആരംഭിച്ചത്. പഴയനിയമത്തിൽ ഏറ്റം അധികം പരാമർശിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യുന്ന (1 ശമു. 15 മുതൽ) വ്യക്തിയാണ് ദാവീദ്. യിസ്രയേലിന് ഭരണസ്ഥിരത, രാജ്യവിസ്തൃതി, തലസ്ഥാന നഗരി, ഐശ്വര്യം, ആത്മികമായ ഉൽക്കർഷ, സങ്കീർത്തന കൃതികൾ എന്നിവയുണ്ടാകുന്നതിന് നേതൃത്വം കൊടുത്തതു കൂടാതെ യറുശലേം ദേവാലയ നിർമ്മിതിക്കുള്ള സാധനസാമഗ്രികൾ സംഘടിപ്പിച്ചതും ശാലോമോനെ ദേവാലയ നിർമ്മാണത്തിന് പ്രോത്സാഹിപ്പിച്ചതും അദ്ദേഹമായിരുന്നു. 40 വർഷക്കാലം ദാവീദ് യിസ്രായേലിന് ഭരണസാരഥ്യം വഹിച്ചു.

## ശലോമോനും രാജഭരണവും

ദാവീദിനു ശേഷം രാജസ്ഥാനത്തേക്ക് വന്നത് മകനായ ശലോമോൻ ആയിരുന്നു. ജ്ഞാനിയും ഭരണനിപുണനും ജനസമ്മതനുമായിരുന്നു ശലോമോൻ. യറുശലേം ദേവാലയം പണിതതും വാണിജ്യസാമ്രാജ്യം വിപുലപ്പെടുത്തിയതും വിദേശബന്ധം ശക്തിപ്പെടുത്തിയതും ഭരണസം വിധാനം കുറ്റമറ്റതാക്കിയതും അദ്ദേഹം തന്നെ. യിസ്രായേലിൽ സാഹി ത്യശാഖ വിപുലപ്പെടുത്തുന്നതിലും ചരിത്രകൃതികളും രാജപിന്തുടർ ച്ചാരേഖകളും (2 ശമു. 9–20, 1 രാജാ. 1–2) ജ്ഞാനസാഹിത്യകൃതികളും (1 രാജാ. 4:29–84, 10:23) രൂപപ്പെടുത്തുന്നതിലും ശലോമോൻ വഹിച്ച പങ്ക് വ്യക്തമാണ്.

ശലോമോൻ രാജാവിന്റെ ഭരണനേട്ടങ്ങൾക്കൊപ്പം വിലയിരുത്തപ്പെ ടേണ്ട മറ്റുചില കാര്യങ്ങൾക്കൂടിയുണ്ട്. വർധിപ്പിച്ച ഭരണച്ചെലവുകൾ, ധൂർത്ത് എന്നിവ മൂലം ജനങ്ങളുടെമേൽ ദുർവഹമായ നികുതിഭാരം ചുമ ത്തപ്പെട്ടു. ഇതിൽ അസംതൃപ്തി നിലനിൽക്കെയാണ് ശലോമോന്റെ മക നായ രഹബയാം അധികാരത്തിലേക്ക് വരുന്നത്. നികുതി ഭാരം കുറയ്ക്കു വാൻ ആവശ്യപ്പെട്ട വടക്കേ നാട്ടിലെ (ശമര്യ, ഗലീല പ്രദേശം) അസംതൃ പ്തരായ ജനങ്ങളെ രഹബയാം അപമാനിച്ചത് (2 രാജാ. 12:16) രാജ്യത്തെ സ്ഥായിയായ വിഭജനത്തിലേക്ക് നയിച്ചു. തുടർന്ന് ഇസ്രായേൽ തെക്കും വടക്കുമായി സമാന്തരമായി രാജാക്കന്മാർ ഭരണം നടത്തി. ഏകദേശം 250 വർഷക്കാലം ഈ സ്ഥിതി നിലനിന്നു.

## വിഭജിത യിസ്രായേലിലെ രാജാക്കന്മാർ

### യഹൂദ്യ

| | രാജാക്കന്മാർ | ഭരണകാലം | വേദഭാഗം |
|---|---|---|---|
| 1. | രഹബയാം | 930 – 913 | 1 രാജാ. 12:1–24, 14 :21–31 |
| 2. | അബീജ | 913–910 | 1 രാജാ. 15:1–8 |
| 3. | ആസ | 910– 869 | 1 രാജാ. 15:9–24 |
| 4. | യഹോശാഫാത്ത് | 869 – 848 | 1 രാജാ. 22:41–50 |
| 5. | യഹോരാം | 848 – 841 | 2 രാജാ. 8:16–24 |
| 6. | അഹസിയ | 841 | 2 രാജാ. 8:25–29 |
| 7. | അതലിയ | 841 – 835 | 2 രാജാ. 11:1– |
| 8. | യോസ | 835 – 796 | 2 രാജാ. 12:1– |
| 9. | അമസ്യാവ് | 796 – 767 | 2 രാജാ. 14:1 – 22 |
| 10. | അസറിയാവ് | 767– 740 | 2 രാജാ. 15:1 – 7 |

| | | | |
|---|---|---|---|
| 11. | യോഥാം | 750 - 732 | 2 രാജാ. 15:32-38 |
| 12. | ആഹാസ് | 732-715 | 2 രാജാ. 16:1- |
| 13. | ഹിസ്കിയാവ് | 715 - 686 | 2 രാജാ. 16 |

**വടക്കേ ഇസ്രായേൽ**

| | | | |
|---|---|---|---|
| 1. | യൊരെബെയാം -1 | 930-909 | 1 രാജാ 12 : 25-14 : 20 |
| 2. | നാദാബ് | 909-908 | 1 രാജാ 15 : 25-31 |
| 3. | ബാഷാ | 886 | 1 രാജാ. 15:32-16:7 |
| 4. | ഏലാ | 885 | 1 രാജാ. 16:8-14 |
| 5. | സിംറി | 885 (only for 7 days) | 1 രാജാ. 16:15-20 |
| 6. | റ്റിബ്നി | 885- 880 | 1 രാജാ. 16:21-22 |
| 7. | ഒമ്റി | 885- 874 | 1 രാജാ. 16:23-28 |
| 8. | ആഹാബ് | 874 - 853 | 1 രാജാ. 16:29-22:40 |
| 9. | അഹസ്യാവ് | 853-852 | 1 രാജാ. 22:51-2 രാജാ. 1:18. |
| 10. | യോരാം | 852- 841 | 2 രാജാ. 1:17, 2 രാജാ. 3:18:15 |
| 11. | യേഹൂ | 841 - 814 | 2 രാജാ. 9:30-10:36 |
| 12. | യെഹോആഹാസ് | 814 - 798 | 2 രാജാ. 13:1-9 |
| 13. | യൊഹോവാസ് | 798 - 782 | 2 രാജാ. 13:10-25 |
| 14. | യൊരബെയാം II | 793 -753 | 2 രാജാ. 14:23-29 |
| 15. | സഖറിയാവ് | 753 (only for six months) | 2 രാജാ. 15:8-12 |
| 16. | ശല്ലൂം | 752 (only for one month) | 2 രാജാ. 15:13-15 |
| 17. | മെനഹേം | 752-742 | 2 രാജാ. 15:16-22 |
| 18. | പേക്കഹ്യാവ് | 742 - 742 | 2 രാജാ. 15:23-26 |
| 19. | പേക്കഹ് | 752 -732 | 2 രാജാ. 15:27-31 |
| 20. | ഹോശയ | 732 - 722 | 2 രാജാ. 15:30, 17:1- |

വടക്കേ ഇസ്രായേലിലും തെക്കേ യിസ്രായേൽ എന്ന യഹൂദ്യയിലും സമാന്തരമായി രാജാക്കന്മാർ ഭരണം നടത്തിവന്നു എങ്കിലും വടക്കേ രാജ്യത്ത് രാഷ്ട്രീയമായ സ്ഥിരത നൽകുവാൻ വളരെക്കുറച്ച് രാജാക്കന്മാർക്കു മാത്രമേ കഴിഞ്ഞിരുന്നുള്ളു. അവിടുത്തെ ആദ്യ രാജാവായ യൊരെബയാം ഒന്നാമനും ആഹാബ്, യേഹു, യാഹോവാഹാസ്, യൊരെബയാം രണ്ടാമൻ എന്നിവരും മാത്രമേ രണ്ടോ അതിലധികമോ ദശാബ്ദക്കാലം ഭരണത്തിലിരുന്നുള്ളു. വടക്കേ നാട് B. C 722 ൽ അസീറിയക്കാർ ആക്രമിക്കുകയും ജനങ്ങളെ അടിമകളായി പിടിച്ചുകൊണ്ടുപോകുകയും മറ്റു രാജ്യക്കാരെ ശമര്യയിൽ കൊണ്ടുവന്ന് പാർപ്പിക്കുകയും ചെയ്തു (2 രാജാ. 17:6). ശമര്യർ 'സങ്കര സന്തതികൾ' എന്ന സ്ഥിതിയിലായത് വടക്കേ ഇസ്രായേലിന്റെ പതനത്തെ തുടർന്നാണ്. BC 722 നു ശേഷമുള്ള യിസ്രായേലിന്റെ ചരിത്രം യഹൂദ്യയുടെ മാത്രം ചരിത്രമായി.

തുടർന്ന് യഹൂദ്യ രണ്ടു നൂറ്റാണ്ടിലധികം നിലനിന്നു. ശക്തരായ രാജാക്കന്മാരുടെ നേതൃത്വവും ദാവീദിന്റെ പിൻതുടർച്ചക്കാർ എന്ന ചിന്താഗതിയും ആ രാജ്യത്തെ നിലനിർത്തി എന്നു കരുതാം.

## B C 722 നു ശേഷമുള്ള യഹൂദ്യ രാജാക്കന്മാർ

| | | | |
|---|---|---|---|
| 1. | ഹിസ്കിയാവ് | 715 – 686 | 2 രാജാ. 18:1–20:21 |
| 2. | മനശ്ശെ | 697 – 642 | 2 രാജാ. 21:1–18 |
| 3. | ആമോൻ | 642 – 640 | 2 രാജാ. 21:19–26 |
| 4. | യോശിയാവ് | 640 – 609 | 2 രാജാ. 22:1–23:30 |
| 5. | യെഹോവാഹാസ് | 609 (3 മാസം) | 2 രാജാ. 23:34–24:7 |
| 6. | യെഹോയാക്കിം | 609 – 598 | 2 രാജാ. 24:8–17 |
| 7. | യെഹോയാഖീൻ | 598 – 597 (3 മാസം) | 2 രാജാ. 24:8–17 |
| 8. | സെദക്കിയാവ് | 597 – 586 | 2 രാജാ. 24:18–25:26 |

### യഹൂദ്യയുടെ പതനം

B C 610 നെ തുടർന്നുള്ള കാലഘട്ടം യഹൂദ്യയ്ക്ക് ക്ഷീണാവസ്ഥയായിരുന്നു. ആദ്യം മിസ്രയീമിന്റെയും തുടർന്ന് ബാബിലോണിന്റെയും നിയന്ത്രണത്തിൽ, കപ്പം കൊടുത്ത് സാമന്തരാജാക്കന്മാരെപ്പോലെ യഹൂദ്യ രാജാക്കന്മാർ ഭരണം നടത്തിവന്നു. സെദക്കിയാ രാജാവിന്റെ കാലത്ത് (B C 588 – 586) ബാബിലോൺ സൈന്യം യഹൂദ്യ കീഴ്പ്പെടുത്തി. യറൂശലേം നഗരവും ദേവാലയവും കൊള്ള ചെയ്യപ്പെട്ടു. മതിലുകൾ ഇടിച്ചു നിരത്തി. പട്ടണം തീ വച്ചു. യഹൂദന്മാർ നാടു കടത്തപ്പെട്ടു (2 രാജാ. 25:1–20, യിരെ. 52:28–29). രാജകുടുംബം നശിപ്പിക്കപ്പെട്ടു. ഗെദല്യാവിനെപ്പോലെയുള്ള ഗവർണ്ണർമാരെ ഭരണമേല്പിച്ചു എങ്കിലും യഹൂദ്യർ സ്വന്തദേശം വിട്ട് പ്രവാസത്തിലായി (2 രാജാ. 25:21). സ്വന്തദേശമായ കനാനിൽ നിന്ന് യഹൂദന്മാരെ ബാബിലോണ്യ പ്രദേശത്തേക്ക് പിടിച്ചുകൊണ്ടുപോയി പാർപ്പിച്ചു. പ്രവാസം 70 സംവത്സരക്കാലം നീണ്ടുനിന്നു (യിരെ. 25:11–12, 29:10 ദാനി. 9:2).

### ചോദ്യങ്ങൾ

1. യിസ്രായേലിലെ രാജഭരണം ദൈവികമോ മാനുഷികമോ? 1 ശമു. 8–12 അദ്ധ്യായങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തുക.
2. നോട്ടു കുറിക്കുക – യഹൂദ്യയും ശമര്യയുമായുള്ള വിഭജനം.
3. പ്രവാസത്തിനു തൊട്ടുമുമ്പുള്ള യഹൂദ്യ രാജഭരണം വിശദീകരിക്കുക.

## പാഠം 4

# പ്രവാസവും മടങ്ങിവരവും

❑ പ്രവാസത്തോടുള്ള പ്രതികരണം ❑ പ്രവാസത്തിൽ നിന്നുള്ള മടങ്ങി വരവ്

യഹൂദ്യപ്രദേശം ആക്രമിച്ചു കീഴ്പ്പെടുത്തിയ ബാബിലോൺ രാജാവും സൈന്യവും അവിടം കൊള്ള ചെയ്യുകയും ദേശവാസികളെ അടിമകളായി പിടിച്ചുകൊണ്ടുപോകയും ചെയ്തു (2 രാജാ. 25:11). യറുശലേം ദേവാലയവും അവിടുത്തെ സാമൂഹ്യ ജീവിതവും തകർക്കപ്പെട്ടു. നഗരമതിലും വാതിലുകളും നശിപ്പിക്കപ്പെട്ടു. രാജാവായിരുന്ന യഹോയാഖീമിനെയും അടിമയാക്കി ബാബിലോണിലേക്ക് കൊണ്ടുപോയി. എന്നാൽ അദ്ദേഹത്തെ രാജപദവിയിൽ തന്നെ അവർ കരുതുകയും ബഹുമാനിക്കയും ചെയ്തു (2 രാജാ. 25:27-30).

### പ്രവാസത്തോടുള്ള പ്രതികരണം

ബാബേൽ പ്രവാസത്തോടുള്ള യഹൂദ്യരുടെ പ്രതികരണം വ്യത്യസ്തങ്ങളായിരുന്നു.

i. മിക്കവരും സ്വന്ത ഭവനത്തെക്കുറിച്ചും ദേവാലയത്തെക്കുറിച്ചും വിലപിച്ച് കാലംകഴിച്ചു (വിലാപങ്ങൾ, സങ്കീ. 137. യെഹസ്കേൽ 1:1 മുതൽ).

ii. ചിലരാകട്ടെ ബാബിലോണിലെ ജീവിതത്തോട് പൂർണ്ണമായും ചേർന്നു ജീവിച്ചു. അവരിൽ മിക്കപേരും യഹോവ ആരാധനയും ന്യായപ്രമാണവും ഉപേക്ഷിച്ചു.

iii. വലിയൊരു പറ്റം ജനങ്ങളും പൂർവ്വിക രീതികളോടും ആചാരാനുഷ്ഠാനങ്ങളോടും പ്രമാണങ്ങളോടും ചേർന്നു നിന്നു. ഉദാഹരണം ദാനിയേലും മൂന്നു യുവാക്കളും.

iv. പ്രവാസം, പ്രവചനപൂർത്തിയായ ദൈവശിക്ഷ എന്നു ബോധ്യപ്പെട്ട് ആത്മതപനത്തിൽ കഴിച്ചുകൂട്ടി (ഉദാ. യെഹസ്കേൽ).

v. കുറച്ചുപേരെങ്കിലും യഹൂദ്യയിലേക്കുള്ള മടങ്ങിപ്പോക്ക് ആഗ്രഹിച്ച് അനുതാപത്തോടെ ജീവിച്ചു. ന്യായപ്രമാണത്തോട് വിശ്വസ്തത പുലർത്തുവാൻ അത് പ്രേരകമായി.

vi. സർഗ്ഗാത്മകമായ മറ്റൊരു പ്രതികരണം ഉണ്ടായത് സാഹിത്യസൃഷ്ടികളിലൂടെയാണ്. പ്രവാസകാലത്താണ് ആവർത്തന ചരിത്ര പുസ്തകവും സങ്കീർത്തനങ്ങളും ക്രോഡീകരിക്കപ്പെട്ടത്.

vii. യരുശലേം ദേവാലയ നാശത്തോടെ യാഗരീതികൾക്ക് മാറ്റമുണ്ടാവുകയും ന്യായപ്രമാണപാലനം പ്രത്യേകിച്ച് പരിച്ഛേദന, ശബത്താചരണം, ഭക്ഷണനിയന്ത്രണം എന്നിവ പ്രാധാന്യവത്താകുകയും ചെയ്തു.

viii. പിൽക്കാലത്ത് വളർച്ച പ്രാപിച്ച സിനഗോഗ് ആരാധന രൂപപ്പെട്ടത് പ്രവാസകാലത്തായിരുന്നു എന്ന് കരുതപ്പെടുന്നു.

## പ്രവാസത്തിൽ നിന്നുള്ള മടങ്ങിവരവ് - പേർഷ്യൻ ഭരണകാലം

പിൽക്കാലത്ത് ബാബിലോണിന്റെ പ്രതാപം അസ്തമിക്കുകയും പേർഷ്യൻ സാമ്രാജ്യശക്തി പ്രബലപ്പെട്ടുവരികയും ചെയ്തു. പേർഷ്യൻ രാജാവായ കോരശ് അധികാരത്തിലെത്തി അധികം താമസിയാതെ തന്റെ സാമ്രാജ്യത്തിലെ പ്രവാസികൾക്കെല്ലാം മടങ്ങിപ്പോക്കിനുള്ള അവസരം ഒരുക്കി. B. C. 538-ൽ യഹൂദ്യ പ്രവാസികൾക്ക് മടങ്ങിപ്പോകുവാനും ദേവാലയം നിർമ്മിക്കുവാനും, ദേവാലയം പണിയുന്നതിനാവശ്യമായ വസ്തുക്കൾ ദാനമായി സ്വീകരിക്കുവാനും കോരെശ് രാജാവ് കല്പന നൽകി (എസ്രാ 1:1-4) അതനുസരിച്ച് സെരുബ്ബാബേലിന്റെ നേതൃത്വത്തിൽ പ്രവാസികൾ മടങ്ങിപ്പോകുവാനാരംഭിച്ചു. ശെശ്ബസറിന്റെ നേതൃത്വത്തിൽ ദേവാലയത്തിനു അടിസ്ഥാനമിട്ട് പണി ആരംഭിച്ചു. ഇക്കാര്യത്തിൽ അവരെ ഉത്ബുദ്ധരാക്കിയ രണ്ടു പ്രവാചകന്മാരാണ് ഹഗ്ഗായിയും സഖര്യാവും (എസ്രാ 5:1). BC 516 -ൽ ദേവാലയം പുനർനിർമ്മിച്ച് ആരാധന പുനരാരംഭിച്ചു.

മുന്നെഴുതിയ സംഭവങ്ങൾക്ക് അര നൂറ്റാണ്ടെങ്കിലും ശേഷമാണ് എസ്രായും നെഹമ്യാവും രംഗപ്രവേശം ചെയ്യുന്നത്. അവർ ഒരേകാലത്ത് പ്രവർത്തിച്ചു എന്ന സൂചനകൾ ഉണ്ട് (നെഹ. 8:1-9). എസ്രാ ന്യായപ്രമാണത്തിൽ ഉറപ്പിക്കുന്നതിനും വർഗ്ഗ വിശുദ്ധിക്കും ശ്രമിച്ചപ്പോൾ യെരുശലേമിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും സാമൂഹ്യനീതിയുടെ സംസ്ഥാപനത്തിനുമായി നെഹമ്യാവ് പ്രവർത്തിച്ചു എന്നു കാണാം.

## ചോദ്യങ്ങൾ

1. പ്രവാസത്തിന്റെ പശ്ചാത്തലത്തിൽ 137 -ാം സങ്കീർത്തനത്തിന് ആസ്വാദനം എഴുതുക.

2. 'പ്രവാസവും ദാനിയേൽ പ്രവചനവും ' ഉപന്യസിക്കുക.

## പാഠം 5

# യഹൂദിയായുടെ പിൽക്കാല ചരിത്രം

❑ യവനകാലം ❑ മക്കാബിയ കാലം മുതൽ റോമൻ ഭരണകാലം വരെ

യഹൂദ്യ ദേശം ഉൾപ്പെടെയുള്ള സ്ഥലങ്ങളും രാജ്യങ്ങളും BC 540 മുതലുള്ള കാലഘട്ടത്തിൽ കോരശ് തുടങ്ങിയ പേർഷ്യൻ രാജാക്കന്മാരുടെ ഭരണനിയന്ത്രണത്തിലായിരുന്നു എന്ന് മുൻപാഠത്തിൽ കണ്ടുവല്ലോ. പേർഷ്യൻ രാജാക്കന്മാർ മതാന്ധതയില്ലാതെ ഭരണം നടത്തി എന്നു മാത്രമല്ല മതങ്ങളോട് ബഹുമാനം പുലർത്തുകയും ദേശനിവാസികളുടെ സ്വാതന്ത്ര്യത്തിനും ഐശ്വര്യത്തിനുമായി നിലകൊള്ളുകയും ചെയ്തു. എസ്രാ, നെഹമ്യാവ് എന്നിവർ പേർഷ്യൻ അധികാരികളുടെ ഒത്താശയോടെ യഹൂദ വിശ്വാസആചാരങ്ങൾക്കും ദേശത്തിന്റെ ഐശ്വര്യത്തിനും ന്യായപ്രമാണ കല്പനകളുടെ ആചരണത്തിനുമായി നിലകൊണ്ടത് അക്കാലഘട്ടത്തിലാകണം. BC 4-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഗ്രീക്കുകാർ ഭരണം പിടിച്ചെടുക്കുകയും യവനസംസ്ക്കാരത്തിന്റെ വക്താക്കളും പ്രയോക്താക്കളുമായി യവനരാജാക്കന്മാർ പ്രവർത്തിക്കുകയും ചെയ്തു.

എസ്രാ - നെഹമ്യാവിനെ തുടർന്നുള്ള യഹൂദ ജനതയുടെ ചരിത്രം പേർഷ്യൻ ഭരണത്തെ തുടർന്നുള്ള ലോകശക്തികളുടെ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. പേർഷ്യക്കാരെ തുടർന്ന് യവനന്മാരും അതിനുശേഷം റോമാക്കാരും ആണ് ലോകശക്തികളായി അധികാരം കയ്യാളിയത്. യഹൂദ ജനതയുടെ അക്കാലഘട്ടത്തെ ചരിത്രം, 39 പുസ്തകങ്ങളുള്ള പഴയനിയമത്തിൽ ലഭ്യമല്ല. മക്കാബിയരുടേയും മറ്റും പുസ്തകങ്ങൾ മാത്രമാണ് ആ കാലഘട്ടത്തിലേക്ക് കുറെയൊക്കെ വെളിച്ചം വീശുന്നത്.

### യവനകാലം

BC 333 -ൽ പേർഷ്യക്കാരെ യുദ്ധത്തിൽ കീഴടക്കി മഹാനായ അലക്സാണ്ടർ യവനസാമ്രാജ്യം ശക്തമാക്കി. ഈജിപ്തും ബാബിലോണും പേർഷ്യയും കടന്ന് സിന്ധു താഴ്‌വര വരെയും അദ്ദേഹം തന്റെ വരുതിയിൽ കൊണ്ടുവന്നു. പേർഷ്യൻ അധീനതയിലിരുന്ന പലസ്തീൻ പ്രദേശവും യവനാധിപത്യത്തിൽ ആയിത്തീർന്നു. കീഴടക്കിയ പ്രദേശത്തെല്ലാം ഒരേ ഭാഷയും (ഗ്രീക്ക്) സംസ്ക്കാരവും പ്രചരിപ്പിക്കുന്നതിൽ ദത്തശ്രദ്ധരായിരുന്നു അലക്സാണ്ടറും അനുയായികളും. യവനരീതിയിൽ വ്യായാമകേന്ദ്രങ്ങൾ, കലാരൂപങ്ങൾ, പ്രതിമാശില്പങ്ങൾ എന്നിവ പലസ്തീൻ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഉയർന്നുവന്നു. പ്രാദേശിക ഭാഷകൾക്കു

മുകളിൽ പ്രാധാന്യത്തോടെ ഗ്രീക്കു ഭാഷ എല്ലായിടത്തും പ്രചരിപ്പിക്കപ്പെട്ടു. യവനദേവന്മാരെ ആരാധിക്കുവാൻ യഹൂദന്മാരെയും പ്രേരിപ്പിച്ചു.

അലക്സാണ്ടറിന്റെ മരണശേഷം വിഭജിക്കപ്പെട്ട യവനസാമ്രാജ്യത്തിന് സൈന്യാധിപന്മാരായ സെലൂക്കസും പ്ടോളമിയും നേതൃത്വം നൽകി. അവരുടെ കാലശേഷം ഭരണത്തിലേക്കു വന്ന അന്ത്യോക്യസ് എപ്പിഫാനസ് BC 168 -ൽ യറുശലേം ആക്രമിച്ച് കീഴ്പ്പെടുത്തി. കടുത്ത യഹൂദ വിരോധിയും യവനസംസ്ക്കാര പ്രചാരകനുമായിരുന്ന അന്ത്യോക്യസ് എപ്പിഫാനസ് യഹൂദ മതവിശ്വാസങ്ങളുടെ മേൽ കടന്നുകയറി. യവന ദേവന്റെ ബിംബം (Zeus) യരുശലേം ദേവാലയത്തിൽ സ്ഥാപിക്കുകയും യഹൂദന്മാർക്ക് നിഷിദ്ധമായ മൃഗത്തെ ബലിപീഠത്തിൽ അർപ്പിക്കുകയും ചെയ്തു. അന്ത്യോക്യസിന്റെ നിഷ്ഠൂരകൃത്യങ്ങളും യഹൂദവിരോധവും മക്കാബിയരുടെ നേതൃത്വത്തിലുള്ള ചെറുത്തുനില്പും ദേവാലയ പുനഃ പ്രതിഷ്ഠയും സംബന്ധിച്ചുള്ള കാര്യങ്ങൾ മക്കാബിയ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു.

### മക്കാബിയ കാലം മുതൽ റോമൻ ഭരണകാലം വരെ

യവനഭരണാധിപനായ അന്ത്യോക്യസ് എപ്പിഫാനസ് സ്ഥാനാരോഹണം ചെയ്യുന്ന വൃത്താന്തത്തോടെയാണ് മക്കാബ്യ പുസ്തകം ആരംഭിക്കുന്നത്. കടുത്ത യവനസംസ്ക്കാര പ്രചാരകനായിരുന്ന അയാൾ യവന ദേവന്റെ ബിംബം യറുശലേം ദേവാലയത്തിൽ സ്ഥാപിച്ചതും (BC 167) യഹൂദന്മാർക്കു നിഷിദ്ധമായ മൃഗത്തെ ബലിയായി അർപ്പിച്ചതും യഹൂദ മതവികാരത്തെ വ്രണപ്പെടുത്തി. ന്യായപ്രമാണം ആചരിക്കുന്നത് വിലക്കിയതും ശാബത്ത് ആചരണം, പരിച്ഛേദന മുതലായവ നിരോധിച്ചതും ഏറെ പ്രകോപനം സൃഷ്ടിച്ചു. യഹൂദനായ മത്തത്തിയാസും അദ്ദേഹത്തിന്റെ മക്കളായ യൂദാസ് മക്കാബിയരും സഹോദരങ്ങളും ചേർന്ന് വിധ്വംസകരെ തുരത്തുകയും BC 165 -ൽ യറുശലേം ദേവാലയം ശുദ്ധീകരിച്ച് പുനഃപ്രതിഷ്ഠ നടത്തുകയും ചെയ്തു. മക്കാബിയരുടെ വിശ്വാസതീഷ്ണതയുടെ വിശദീകരണപത്രമാണ് 'മക്കാബിയരുടെ പുസ്തകങ്ങൾ.' അവരുടെ നേതൃത്വത്തിൻ കീഴിൽ ഒളിപ്പോരാട്ടങ്ങൾ ഉണ്ടായിരുന്നു എങ്കിലും യഹൂദന്മാർക്ക് മതപരവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യം അനുഭവിക്കാനായി.

BC 65 കാലഘട്ടം യഹൂദ രാഷ്ട്രീയ നേതൃത്വത്തിന് ക്ഷീണാവസ്ഥയുടെ കാലമായിരുന്നു. റോമൻ സൈന്യാധിപനായ പോമ്പെ (Pompey)യുടെ പടയോട്ടത്തിൽ BC 63 -ൽ യഹൂദ്യ റോമിന് കീഴടങ്ങി. തുടർന്ന് യേശുക്രിസ്തുവിന്റെയും ശിഷ്യന്മാരുടെയും പ്രവർത്തനകാലം വരെ പാലസ്തീൻ പ്രദേശം റോമൻ നുകത്തിൽ അമർന്നിരുന്നു. അവർ യഹൂദന്മാരെ അപമാനിക്കുകയും ഉപദ്രവിക്കുകയും ചൂഷണം ചെയ്യുകയും ചെയ്തതായി

പുതിയനിയമത്തിൽ സൂചനകളുണ്ട് (മത്താ. 6:41, ലൂക്കോ. 6:27–33).

തീവ്രവാദികളായ എരിവുകാരുടെ നേതൃത്വത്തിൽ BC 66 –ൽ യഹൂദന്മാർ റോമാക്കാരെ പ്രധിരോധിക്കുവാൻ ശ്രമിച്ചു എങ്കിലും ഫലമുണ്ടായില്ല. AD 70 ൽ യറുശലേം ദേവാലയം റോമാക്കാർ തകർത്ത് തരിപ്പണമാക്കി. കല്ലിന്മേൽ കല്ല് ശേഷിക്കയില്ല എന്നുള്ള കർത്തൃവചനം അങ്ങനെ നിവൃത്തിയായി.

### ചോദ്യങ്ങൾ

1. മക്കാബ്യ സഹോദരങ്ങളുടെ ചെറുത്തുനില്പ് ആത്മിക പൈതൃകത്തിന് ഇന്ന് നൽകുന്ന സന്ദേശങ്ങൾ എന്തെല്ലാം?
2. നോട്ടു കുറിക്കുക – പ്രതിഷ്ഠോത്സവം.
3. പഴയ – പുതിയനിയമങ്ങളുടെ ഇടക്കാല ചരിത്ര പഠനത്തിന്റെ പ്രാധാന്യം ചർച്ച ചെയ്യുക.

## പാഠം 6

# ആവർത്തന – ദിനവൃത്താന്ത ചരിത്രങ്ങൾ

❑ ഉള്ളടക്കത്തിലെ വ്യത്യാസങ്ങൾ ❑ സന്ദേശത്തിലെ സാമ്യ വ്യത്യാസങ്ങൾ ❑ രാജാക്കന്മാരെ വിധിക്കുന്നതിനുള്ള പ്രമാണങ്ങൾ

പഞ്ചഗ്രന്ഥങ്ങളും ഒരു പരിധിവരെ എഴുത്തുകളും പ്രവാചക ഗ്രന്ഥങ്ങളെ പോലെ ചരിത്രപരമായ ഉൾക്കാഴ്ച നല്കുന്നവ തന്നെ. എങ്കിലും പഴയനിയമത്തിൽ ചരിത്രഗ്രന്ഥങ്ങളായി അറിയപ്പെടുന്ന ഗ്രന്ഥസമുച്ചയങ്ങൾ രണ്ടാണ്: ആവർത്തനചരിത്ര പുസ്തകങ്ങളും, ദിനവൃത്താന്ത ചരിത്രവും. മുൻ പാഠത്തിൽ വിവരിച്ചതുപോലെ (II.3) യോശുവാ, ന്യായാധിപന്മാർ, 1–2 ശമുവേൽ, 1–2 രാജാക്കന്മാർ എന്നീ ആറ് പുസ്തകങ്ങൾ ഉൾപ്പെട്ടതാണ് ആവർത്തന ചരിത്രപുസ്തകങ്ങൾ. ആവർത്തന പുസ്തകത്തിൽ കാണുന്ന ന്യായപ്രമാണ വീക്ഷണഗതിയിലും (12 – 26 അദ്ധ്യായങ്ങൾ) രചനാ സമ്പ്രദായത്തിലും എഴുതപ്പെട്ടവ എന്ന അർത്ഥത്തിലാണ് ആവർത്തന ചരിത്രം എന്നു വിളിക്കുന്നത്. യിസ്രായേൽ രാജാക്കന്മാരുടെ ദൈനംദിന വൃത്താന്തങ്ങൾ (നാളാഗമം – CHRONICLES) ചേർത്തിരിക്കുന്ന പുസ്തകങ്ങളാണ് 1–2 ദിനവൃത്താന്തങ്ങൾ. രചനാ ശൈലിയിലുള്ള സാമ്യം, ഉള്ളടക്കത്തിന്റെ തുടർച്ച എന്നിവയുടെ അടിസ്ഥാനത്തിൽ എസ്രാ

– നെഹമ്യാവ് പുസ്തകങ്ങളും ദിനവൃത്താന്ത ചരിത്രത്തിന്റെ ഭാഗമായി കണക്കാക്കപ്പെടുന്നു.

## ഉള്ളടക്കത്തിലെ വ്യത്യാസങ്ങൾ

മോശെയുടെ കാലം മുതൽ പ്രവാസകാലം വരെയുള്ള യിസ്രായേല്യ ചരിത്രമാണ് ആവർത്തന ചരിത്രത്തിലുള്ളത്. ആദാം മുതലുള്ള മനുഷ്യ വംശാവലിയിൽ ആരംഭിക്കുന്നു എങ്കിലും ദാവീദിന്റെ ഭരണകാലത്തിന് ഊന്നൽ നൽകിക്കൊണ്ട് പ്രവാസത്തിൽ നിന്ന് മടങ്ങിവന്ന് ദേവാലയം പുനർനിർമ്മിച്ചതും എസ്രാ – നെഹമ്യാവിലൂടെ ആത്മീകവും ഭൗതീക വുമായ ഉയർച്ച നേടിയതും ഉൾപ്പെടെയുള്ള യഹൂദ്യ ചരിത്രം ആണ് ദിന വൃത്താന്ത ചരിത്രത്തിലുള്ളത്.

രാജാക്കന്മാരുടെ ഭരണത്തെ വിമർശനബുദ്ധ്യാ വീക്ഷിക്കുകയും വസ്തുനിഷ്ഠമായി വിധിക്കുകയും ചെയ്യുന്ന രീതിയാണ് ആവർത്തന ചരി ത്രത്തിലുള്ളത്. യഹൂദ്യയിലെ വിശ്രുത രാജാക്കന്മാരുടെ ബലഹീനത കൾ ചരിത്രത്തിൽ ചേർക്കാതെ വിട്ടുകളഞ്ഞും (ഉദാ: 2 ശമു. 11 ബേത്ത് ശേബാ സംഭവം, 2 ശമു 24:1 cp 2 ദിന 21:1) മറ്റു ചില നല്ല കാര്യങ്ങൾ കൂട്ടിച്ചേർത്തുമാണ് ദിനവൃത്താന്ത ചരിത്രം രചിച്ചിരിക്കുന്നത് (ഉദാ. 1 രാജാ. 22:43 cp 2 ദിന. 17:6, 1 ദിന. 15–16, 22–29, 2 ദിന. 33, മനശ്ശെയുടെ മാനസാ ന്തരം).

## സന്ദേശത്തിലെ സാമ്യ വ്യത്യാസങ്ങൾ

ദൈവീക വാഗ്ദത്തം, സംരക്ഷണം, യഹോവ ആരാധന എന്നിവയാണ് ചരിത്രകാരന്റെ പ്രധാന ഊന്നലുകൾ. ആവർത്തന ചരിത്രകാരനും പ്രവാ ചകന്മാരെപ്പോലെ ഗതകാല ചരിത്രത്തിലേക്കു തിരിഞ്ഞുനോക്കി മരുഭൂമി യിൽ യഹോവ അത്ഭുതകരമായി വഴിനടത്തിയതിനെ നന്ദിയോടെ സ്മരി ക്കുന്നു. വാഗ്ദത്ത ദേശത്തേക്കും യഹോവ വഴിനടത്തുമെന്നുള്ള ഉറപ്പിലും വിശ്വാസത്തിലും അടിയുറച്ചു നില്ക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു. ദൈവ ത്തിന്റെ ഉടമ്പടി പിതാക്കന്മാരോടു മാത്രമല്ല നമ്മോടും ആണെന്നു ഉറ പ്പിച്ചു പ്രസ്താവിച്ചിരിക്കുന്നു (ആവ. 5:3).

ദിനവൃത്താന്ത ചരിത്രകാരന്റെ പ്രഥമമായ താല്പര്യം കഴിഞ്ഞ കാല ത്തിലല്ല വർത്തമാനകാലത്തിൽ ആയിരുന്നു. പിതാക്കന്മാരോടുള്ള വാഗ്ദ ത്തത്തിന്റെ പ്രാധാന്യം കണക്കിലെടുത്തു സമകാലീനരായ ഇസ്രായേൽ ക്കാരെ വിശ്വാസത്തിൽ ഉറപ്പിക്കുകയെന്നുള്ളതായിരുന്നു മുഖ്യലക്ഷ്യം. കൂടാതെ യറുശലേം ദേവാലയത്തിലെ വിവിധ രീതിയിലുള്ള ആരാധനാ പാരമ്പര്യം യാതൊരു കുറവും കൂടാതെ അനുഷ്ഠിക്കുന്നതിന് എഴുത്തു കാരൻ താല്പര്യം പ്രകടിപ്പിച്ചിരിക്കുന്നു. വിവിധ പോരാട്ടങ്ങളും പരീക്ഷ

കളും യഹൂദ സമൂഹത്തിന് നേരിടുന്ന അവസരത്തിൽ വിശ്വാസ സംരക്ഷണത്തിനും ആരാധനയുടെ അഭംഗുരമായ നടത്തിപ്പിനും വേണ്ടി പ്രവർത്തിച്ച എഴുത്തുകാരൻ എന്ന നിലയിൽ ദിനവൃത്താന്തകാരൻ ശ്രദ്ധേയനാണ്.

## രാജാക്കന്മാരെ വിധിക്കുന്നതിനുള്ള പ്രമാണങ്ങൾ

രണ്ടു പ്രധാന തത്വങ്ങൾ ആണ് രാജാക്കന്മാരുടെ പ്രവർത്തനത്തെ അളക്കുവാൻ വേദപുസ്തക ചരിത്രകാരന്മാർ ഉപയോഗിച്ചത്.

i. രാജാക്കന്മാർ സത്യേക ദൈവമായ യഹോവയെ ആരാധിക്കുന്നവർ ആയിരുന്നുവോ?

ii. കേന്ദ്രദേവാലയമായ യരുശലേമിൽ ആയിരുന്നുവോ അവരുടെ ആരാധന.

യിസ്രയേലിന്റെ രാഷ്ട്രീയ പരാജയം യഹോവയിൽ നിന്നുള്ള പിന്മാറ്റത്തിന്റെ അനന്തരഫലമായാണ് ചിത്രീകരിച്ചിരിക്കുന്നത്. ദാവീദിന്റെ മഹത്വത്തിൽ ഊന്നുന്ന ദിനവൃത്താന്തകാരൻ പോലും രാഷ്ട്രീയ നേട്ടത്തിലല്ല പിന്നെയോ യിസ്രായേലിനെ ആരാധിക്കുന്ന സമൂഹമായി വളർത്തിയെടുത്തതിലാണ് ആ മഹത്വം ദർശിക്കുന്നത്.

രാജ്യത്തിന്റെ വിഭജനത്തിനു ശേഷം യഹൂദ്യയിലേക്ക് വടക്കേ ഇസ്രയേലിന്റെ ശ്രദ്ധ തിരിയാതിരിക്കുവാൻ യൊരെബെയാം രാജാവ്, ദാൻ, ബഥേൽ എന്നീ സ്ഥലങ്ങളിൽ യാഗപീഠങ്ങൾ പണിത് ആരാധന പ്രോത്സാഹിപ്പിച്ചു. എന്നാൽ ഏകദൈവം, ഏകജനം, ഏകആരാധന എന്ന ആപ്തവാക്യത്തിലൂന്നിയ ആവർത്തന ചരിത്രകാരൻ അതിനെ യഹോവയ്ക്ക് അനിഷ്ടമാണെന്ന് നിശിതമായി വിമർശിച്ചു. യരുശലേമിനു പുറത്തുള്ള യാഗപീഠവും ആരാധനയും തിന്മയുടെ വഴിയാകുന്നു എന്ന അർത്ഥത്തിൽ 'യൊരെബെയാമിന്റെ വഴി' എന്നാണ് ചരിത്രകാരൻ പരാമർശിച്ചിരിക്കുന്നത് (2 രാജാ. 13:11).

### ചോദ്യങ്ങൾ

1. യിസ്രായേലിലെ രാജധർമ്മത്തെക്കുറിച്ച് ആവ. 17 ന്റെ അടിസ്ഥാനത്തിൽ കുറിപ്പെഴുതുക.
2. മനശ്ശെയുടെ ജീവിതവും മാനസാന്തരവും യിസ്രായേലിലെ ചരിത്രപുസ്തകങ്ങളുടെ അടിസ്ഥാനത്തിൽ വിവരിക്കുക.
3. അധികാരികളും ദൈവിക പ്രമാണങ്ങളും – യിസ്രായേലിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സമകാലിക നേതാക്കളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി ഉപന്യസിക്കുക.

# യൂണിറ്റ് 3

# യവനാധിപത്യം, അപ്പോക്രിഫാ, വെളിപ്പാടു സാഹിത്യം

## പാഠം 1

## യവന മതവും യവന സംസ്ക്കാരവും

❑ മഹാനായ അലക്സാണ്ടർ ❑ ചിതറിപാർത്ത യഹൂദർ ❑ യവന നയം ❑ പ്ടോലമി ഈജിപ്റ്റിൽ ❑ സെലൂക്യർ പലസ്തീനിൽ ❑ അന്തിയോക്കസ് നാലാമൻ ❑ പരസ്യമായ പോരാട്ടം ❑ യവന സ്വാധീനം ❑ ഭവിഷ്യത്തുകൾ ❑ നേട്ടങ്ങൾ

### 1. മഹാനായ അലക്സാണ്ടർ

ബി. സി. നാലാം നൂറ്റാണ്ടിൽ അലക്സാണ്ടർ എന്ന യവന ചക്രവർത്തിയുടെ ആക്രമണമാണ് യവന സംസ്കാരത്തിന്റെ സ്വാധീനത്തിന് വഴിയൊരുക്കിയത്. ആധിപത്യം ഉറപ്പിച്ച ഭാഗങ്ങളിൽ യവന സംസ്ക്കാരം വ്യാപിപ്പിക്കുക എന്നതായിരുന്നു അലക്സാണ്ടറിന്റെ ജീവിതലക്ഷ്യം.

### 2. ചിതറി പാർത്ത യഹൂദർ

അലക്സാണ്ടറിനു മുൻപു തന്നെ യഹൂദന്മാർ മദ്ധ്യപൂർവ്വ ദേശത്ത് വിവിധ ഭാഗങ്ങളിൽ വ്യാപിച്ചുകഴിഞ്ഞിരുന്നു. അസ്സിറിയാക്കാരും ബാബിലോൺകാരും കീഴടക്കിയ ഇസ്രായേൽ സമൂഹത്തെ ഇതര ഭാഗങ്ങളിലേക്ക് മാറ്റി പാർപ്പിച്ചു. സ്വാതന്ത്ര്യം ലഭിച്ച അവസരത്തിൽ ചിലരെല്ലാം സ്വദേശത്തേക്കു മടങ്ങിപ്പോന്നു. ചിലർ ചിതറിപ്പാർത്ത സ്ഥലങ്ങളിൽ താമസം തുടങ്ങുകയും യഹൂദന്മാരുടെ പ്രത്യേക മതാചാര പാരമ്പര്യം സംരക്ഷിക്കുകയും ചെയ്തു. ഈജിപ്റ്റ്, അന്ത്യോഖ്യാ, സിറിയയിലെ മറ്റു പട്ടണങ്ങൾ എന്നിവയിൽ യഹൂദന്മാർ വസിച്ചിരുന്നു. എന്നാൽ അലക്സാണ്ടറുടെ കാലത്ത് യഹൂദവംശജരുടെ ചിതറിപ്പാർക്കുന്ന രീതി മറ്റ് അവസരങ്ങളേക്കാൾ കൂടുതലായിരുന്നു.

### 3. യവന നയം

യവനഭാഷ, ആചാരം, സംസ്ക്കാരം എന്നിവയിൽ ഐക്യമുള്ള ഒരു ലോകസാമ്രാജ്യം കെട്ടിപ്പടുക്കണമെന്നുള്ളതായിരുന്നു അലക്സാണ്ടറുടെ ജീവിതോദ്ദേശ്യം. ഈ സ്വപ്നം പ്രായോഗികമാക്കുവാൻ അലക്സാണ്ടർ തുടങ്ങിവെച്ച പ്രവൃത്തി അദ്ദേഹത്തിന്റെ പിൻഗാമികളുടെ കാലത്ത് ശക്തി

പ്രാപിച്ച് സിറിയയിൽ സെലൂക്യരും ഈജിപ്റ്റിൽ പ്ടോലമീസും തുടർന്നു വന്നു.

അലക്സാണ്ടർ യവന വ്യാപാരികളെയും കീഴടക്കിയ പ്രദേശങ്ങളിലേക്ക് അയച്ചിരുന്നു. യവനർ മതസഹിഷ്ണുത പുലർത്തിയിരുന്നതുകൊണ്ട് ചിതറിപ്പാർത്ത യഹൂദന്മാർ മതസ്വാതന്ത്ര്യം അനുഭവിച്ചു. യവന മാതൃകയിലുള്ള, അലക്സാന്ത്രിയ പോലുള്ള പട്ടണങ്ങൾ നിലവിൽ വന്നു. തദ്ദേശവാസികൾക്കു രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യം ഒരു പരിധി വരെ അംഗീകരിച്ചുകൊണ്ടുള്ളതായിരുന്നു ഗ്രീക്കു പട്ടണങ്ങൾ.

## 4. പ്ടോലമി ഈജിപ്തിൽ

അലക്സാണ്ടറിനു ശേഷം പ്ടോലമി ഈജിപ്തിൽ അധികാരം പ്രാപിക്കുകയും പലസ്തീൻ അവരുടെ സ്വാധീനത്തിൽ വരികയും ചെയ്തു. സമാധാനപരമായ സൈ്വരജീവിതം നയിച്ച യഹൂദന്മാർ യവന ഭരണാധികാരികൾക്കു ചില നികുതികൾ കൊടുക്കേണ്ടി വന്നു. പ്ടോലമി രണ്ടാമന്റെ കാലത്താണു ന്യായപ്രമാണം ഗ്രീക്കു ഭാഷയിലേക്കു വിവർത്തനം ചെയ്തത്. യവന സ്വാധീനം യഹൂദരിൽ ഉണ്ടാകുവാൻ ഇത് പ്രധാന കാരണങ്ങളിൽ ഒന്നായിരുന്നു. കൂടാതെ, ഈജിപ്തിലെ യഹൂദർ ഗ്രീക്കു ഭാഷ സ്വീകരിക്കുകയും ചെയ്തു.

## 5. സെലുക്യർ പലസ്തീനിൽ

അന്തിയോക്കസ് മൂന്നാമന്റെ കാലത്ത് (ബി. സി. 223-187) പലസ്തീൻ സെലൂക്യരുടെ കീഴിൽ വന്നു. യഹൂദരിൽ ഒരു വിഭാഗം ആ ഭരണകൂടത്തെ കലവറ കൂടാതെ സ്വാഗതം ചെയ്യുകയും, അന്തിയോക്കസിനോട് സ്നേഹവും ഭക്തിയും പ്രകടിപ്പിക്കുകയും ചെയ്തു. ഇതിൽ സന്തുഷ്ടനായ അന്തിയോക്കസ്, അഭയാർത്ഥികളായ യഹൂദന്മാരെ സ്വന്തം നാടുകളിലേക്ക് തിരിച്ചുപോകുവാൻ അനുവദിച്ചു. കൂടാതെ പട്ടണങ്ങളുടെ സാമ്പത്തിക മേന്മയ്ക്കു നികുതിഭാരങ്ങൾ മൂന്നു വർഷത്തേക്ക് ഇളച്ചുകൊടുക്കുകയും ചെയ്തു.

## 6. അന്തിയോക്കസ് നാലാമൻ

ഈ സമാധാനപരമായ അന്തരീക്ഷം അധികകാലം നീണ്ടുനിന്നില്ല. അന്തിയോക്കസ് നാലാമന്റെ നയം യഹൂദന്മാരെ പ്രകോപിപ്പിക്കുന്ന രീതിയിൽ ഉള്ളതായിരുന്നു. അന്തിയോക്കസ്, പരിപാവനമായ ദേവാലയത്തിലെ സമ്പത്തിന്മേൽ കൈവെക്കുവാൻ മടിച്ചില്ല. സീയൂസ് എന്ന യവന ദേവനെ ആരാധിക്കുവാനും ദേവന്റെ കാണപ്പെട്ട അവതാരമായി രാജാവിനെ അംഗീകരിക്കുവാനും യഹൂദരെ നിർബന്ധിച്ചു. ഈ സാഹചര്യം യഹൂദരുടെ ഇടയിൽ ഭിന്നമായ ചിന്താഗതികൾ രൂപം പ്രാപിക്കുവാൻ ഇടയാക്കി. മത

പരമായ അധികാരസ്ഥാനങ്ങൾ കൈയടക്കി സ്വന്ത താല്പര്യം പരിരക്ഷിക്കുവാൻ ഈയവസരം ചിലർ ഉപയോഗിച്ചു. യോശുവ എന്ന ജെയിസൻ, ഒനിയാസിനെ മാറ്റി പ്രധാനാചാര്യസ്ഥാനം കൈക്കലാക്കുവാൻ അന്തിയോക്കസിനു വലിയ തുക വാഗ്ദാനം ചെയ്തു. ഒനിയാസും ജയിസനും തമ്മിലുള്ള വടംവലി, യവന സ്വാധീനം കൂടുതൽ ശക്തമാക്കുവാൻ കാരണമാക്കി.

### 7. പരസ്യമായ പോരാട്ടം

പ്രധാനാചാര്യ സ്ഥാനം കൈക്കലാക്കുവാൻ അധികാരമോഹികൾ ഉപയോഗിച്ച ഹീനമായ മാർഗ്ഗങ്ങളും അടവുകളും ഭക്തരായ യഹൂദരെ അസ്വസ്ഥരാക്കി. യവനരെ പിന്തുണക്കുന്നവരും എതിർക്കുന്നവരും തമ്മിൽ വലിയ വിടവു തന്നെ ഉണ്ടായി. തന്റെ ഭരണത്തിനു വഴങ്ങാത്ത യഹൂദരെ നിർമ്മൂലനാശം വരുത്തുവാൻ തന്നെ അന്തിയോക്കസ് തീരുമാനിച്ചു. യവനരീതിയിൽ ആരാധിക്കുവാൻ നിബന്ധനകൾ ഉണ്ടാക്കി. യവന മാതൃകയിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ, കളിസ്ഥലങ്ങൾ എന്നിവ നിലവിൽ വന്നു. ഈ സാഹചര്യം പരസ്യമായ ഒരു യുദ്ധത്തിന് കളം ഒരുക്കി.

### 8. യവന സ്വാധീനം

രാഷ്ട്രീയമായും, സാംസ്കാരികമായും, മതപരമായും യവനർ ഉപയോഗിച്ച തന്ത്രങ്ങൾ യവനസ്വാധീനം യഹൂദരിൽ രൂഢമൂലമാക്കി. പൗരസ്ത്യരെയും പാശ്ചാത്യരെയും യവനസംസ്ക്കാരത്തിന്റെ സ്വാധീനത്തിൽ കൊണ്ടുവരുവാൻ സംഘടിത യത്നം തന്നെ നടന്നു. മിശ്രവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കപ്പെട്ടു. യവന ഭടന്മാരും തദ്ദേശവാസികളും തമ്മിലുള്ള പല വിവാഹങ്ങളും നടന്നു. യവനഭാഷ, സംസ്ക്കാര സമ്പന്നരുടെ ഭാഷയായി. യവന രീതിയിലുള്ള ഭരണ സംവിധാനം പല പട്ടണങ്ങളിലും രൂപം പ്രാപിച്ചു. പലരും യവനനാമങ്ങൾ സ്വീകരിച്ചു.

### 9. ഭവിഷ്യത്തുകൾ

യവന ചിന്താഗതി പലരെയും സ്വാധീനിച്ചപ്പോൾ, പരിപാവനമായ ന്യായപ്രമാണവും ആചാരങ്ങളും യഹൂദ ജീവിതത്തിൽ നിന്ന് അന്യമാകുവാൻ തുടങ്ങി. യഹൂദ സംസ്കാരത്തിനും മതത്തിനും നിരക്കാത്ത ആചാരരീതികൾ നിലവിൽ വന്നപ്പോൾ, യഹൂദ നിബന്ധനപ്രകാരമുള്ള മതപരമായ കർമ്മങ്ങൾ അവഗണിക്കപ്പെട്ടു. ആരാധന സമയത്തു പോലും കായികരംഗങ്ങളിലും, കലാവേദികളിലും യുവാക്കൾ സമയം ചെലവഴിച്ചു. ഗ്രീക്കു കായിക വിനോദങ്ങൾ നഗ്നശരീരത്തോടെ ആയിരുന്നു. പരിച്ഛേദന മൂലം ശരീരഭാഗത്തിനു രൂപഭേദം വന്നതു മാറ്റി പൂർവ്വസ്ഥിതിയിലാക്കുവാൻ ചില യഹൂദന്മാർ സന്നദ്ധരായി. യവനഭാഷയുടെ അതി

സ്വാധീനം മൂലം പലരും എബ്രായ ഭാഷ തന്നെ മറക്കുവാൻ തുടങ്ങി.

**10. നേട്ടങ്ങൾ**

യവനസാഹിത്യത്തിന്റെയും, ചിന്തയുടെയും പ്രാധാന്യം കണക്കിലെടുത്തു യവനമാതൃകയെ അനുധാവനം ചെയ്തുകൊണ്ടുള്ള സാഹിത്യകൃതികൾ പലതും രൂപം പ്രാപിച്ചു. ഫിലോയെപ്പോലുള്ള യഹൂദചിന്തകന്മാർ വിശുദ്ധ ഗ്രന്ഥവും, ഗ്രീക്കു തത്വചിന്തയും തമ്മിൽ സമന്വയം നടത്തുന്നതിനുള്ള തീവ്രശ്രമം നടത്തുകയും ചെയ്തു.

**ചോദ്യങ്ങൾ**

1. യവനസ്വാധീനം ഏതെല്ലാം വിധത്തിൽ?
2. നേട്ടങ്ങളും ഭവിഷ്യത്തുകളും വിവരിക്കുക?
3. ഇംഗ്ലീഷ് - യൂറോപ്യൻ സംസ്ക്കാരം ഭാരത ക്രൈസ്തവരുടെ ആത്മീക പൈതൃകത്തെ ഹനിക്കുന്നത് എങ്ങനെ എന്നു വിവരിക്കുക.

**പാഠം 2**

# യഹൂദമതത്തിലെ പ്രധാന വിഭാഗങ്ങൾ

❑ ഹസിദീം ❑ പരീശന്മാർ ❑ പരീശന്മാരുടെ ബലഹീനത ❑ സദൂക്യർ ❑ എസ്സീൻകാർ (എസ്സീന്യർ) ❑ സെലട്ട്ൻ (എരിവുകാർ) ❑ കുംറാൻ ഉടമ്പടികൾ

പഴയനിയമ, പുതിയനിയമ കാലഘട്ടത്തിനിടയിൽ യഹൂദ സമൂഹത്തിൽ രൂപം പ്രാപിച്ച മതപരമായ ചിന്താഗതികൾ ചില അവാന്തരവിഭാഗങ്ങളെ സൃഷ്ടിക്കുന്നതിനു കളം ഒരുക്കി. യഹോവയാം ദൈവത്തോടു വിശ്വാസത്തിൽ അടിയുറച്ചുനിന്ന്, യഹൂദമതത്തിന്റെ പ്രത്യേകതകൾ സംരക്ഷിക്കുവാൻ അവർ ശ്രമിച്ചപ്പോൾ ഭിന്ന സ്വഭാവമുള്ള ഗണങ്ങളായി വേർപിരിഞ്ഞു. അവയിൽ പ്രധാനമായ വിഭാഗങ്ങളെ വിലയിരുത്തുന്നത് യഹൂദ സമൂഹത്തിന്റെ പ്രത്യേകതകൾ ഗ്രഹിക്കുവാൻ സഹായിക്കും.

**1. ഹസിദീം**

യവന ചിന്താഗതിയും, സംസ്ക്കാരവും, ആചാരാനുഷ്ഠാനങ്ങളും പരിപൂർണ്ണമായി വെറുത്ത് എതിർത്തു മാറി നിന്ന വിശ്വസ്തരായ യഹൂദസമൂഹമായിരുന്നു അവർ. അന്തിയോക്കസിന്റെ പ്രകോപനപരമായ നടപടി

കളെ അവർ സഹിച്ചില്ല. രാഷ്ട്രീയ സ്വാതന്ത്ര്യം അവർക്കു താൽപര്യ മുള്ള വിഷയമായിരുന്നില്ല. ജെയിസിൻ, ഒനിയാസ് മൂന്നാമനെ മാറ്റി കുത്സി തമാർഗ്ഗം ഉപയോഗിച്ചു പ്രധാനാചാര്യ സ്ഥാനം കൈക്കലാക്കുവാൻ ശ്രമി ച്ചപ്പോൾ അവർ രംഗത്തിറങ്ങി. പ്രധാനാചാര്യ സ്ഥാനം കൊടുക്കുവാനോ എടുക്കുവാനോ ഉള്ള സ്വാതന്ത്ര്യം ദൈവത്തിൽ ആണു നിക്ഷിപ്തമായി രിക്കുന്നത് എന്നവർ വിശ്വസിച്ചു. മൗനമായ നിസ്സഹകരണം മാത്രം പോരാ, കർമ്മരംഗത്തിറങ്ങി മക്കബായരോടു സഹകരിച്ച് അന്തിയോക്കസിനെ തിരായി അണിനിരക്കുവാൻ അവർ സന്നദ്ധരായി. മക്കബായരോടൊപ്പം അവർ ചുറ്റിനടക്കുകയും പുറജാതിയാഗപീഠങ്ങൾ തച്ചുടയ്ക്കുകയും പരി ച്ഛേദന ഏല്ക്കാത്ത കുഞ്ഞുങ്ങളെ അഗ്രചർമ്മച്ഛേദനം നടത്തുകയും ചെയ്തു. എന്നാൽ മക്കബായർ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനു മുൻതൂക്കം കൊടുത്തപ്പോൾ ഹസിദീം അവരിൽ നിന്നു പിൻതിരിഞ്ഞു. പരീശന്മാരും, എസ്സീൻകാരും ഈ സമൂഹത്തിൽ നിന്ന് ഉത്ഭവിച്ചതായിരിക്കാം.

### 2. പരീശന്മാർ

'പരീശർ' എന്ന പദത്തിന്റെ അർത്ഥം, 'വേർതിരിക്കപ്പെട്ടവർ' എന്നാണ്. എന്തിൽ നിന്നാണ് വേർതിരിക്കപ്പെട്ടത്? എന്തിനു വേണ്ടിയാണ് വേർതിരി ക്കപ്പെട്ടത്? ന്യായപ്രമാണ പഠനത്തിനും വ്യാഖ്യാനത്തിനുമായി 'ഭൗമിക രിൽ നിന്ന്' സ്വമേധയാ വേർതിരിക്കപ്പെട്ടവർ ആയിരുന്നു പരീശർ. പുറ ജാതിക്കാരിൽ നിന്നു മാറി, പുറജാതിക്കാരോടൊപ്പം ഭക്ഷണം കഴിക്കാതെ, വിശുദ്ധിയിൽ കഴിയുവാനും പാരമ്പര്യം സംരക്ഷിക്കുവാനും വ്രതം എടു ത്തവർ ആയിരുന്നു അവർ.

ലിഖിതന്യായപ്രമാണം കൂടാതെ വാമൊഴിയായ പ്രമാണങ്ങൾക്കും അവർ പ്രാധാന്യം കല്പിച്ചു. സിന്നഗോഗുകളായിരുന്നു അവരുടെ പ്രവർ ത്തനകേന്ദ്രം. ഹേരോദാവിന്റെ കാലത്ത് ഏകദേശം 6000 പേർ അവരുടെ ഗണത്തിൽ ഉണ്ടായിരുന്നു. അവരിൽ നല്ലൊരു ഭാഗം സാധാരണക്കാർ ആയിരുന്നതുകൊണ്ടു ജനശ്രദ്ധ പ്രത്യേകം പിടിച്ചുപറ്റി. മോശെ മുഖാ ന്തിരം നൽകപ്പെട്ട ന്യായപ്രമാണവും, വാമൊഴിയായി ഇസ്രായേലിനു വെളി പ്പെടുത്തിക്കൊടുത്ത പാരമ്പര്യവും അനുസരിച്ചു ജീവിക്കുന്നതിൽ അവർ പ്രത്യേകം ശ്രദ്ധ കാണിച്ചു. ഈ രണ്ടു വിധത്തിലുള്ള നിയമങ്ങൾ അനു സരിച്ചു ജീവിച്ചാൽ മരണശേഷം ആത്മാവു വരുവാനുള്ള ലോകത്തിൽ ജീവൻ കണ്ടെത്തുമെന്നും ഉയിർത്തെഴുന്നേറ്റ ശരീരത്തോടു യോജിക്കു മെന്നും അവർ പഠിപ്പിച്ചു.

### 3. പരീശന്മാരുടെ ബലഹീനത

പരീശഗണത്തിന്റെ ബലഹീനത, അവർ നിയമത്തിന്റെ യഥാർത്ഥ അർത്ഥം ത്യജിച്ച് ആക്ഷരികമായ വ്യാഖ്യാനത്തിന് അമിതപ്രാധാന്യം കൊടുത്തു എന്നുള്ളതാണ്.

### 4. സദൂക്യർ

യെരുശലേമിലെ പുരോഹിത സമൂഹത്തിന്റെ ആത്മീയ പിന്തുടർച്ച ക്കാർ ആയിരുന്നു ഇവർ. പരീശരെ അപേക്ഷിച്ചു ധനികരും സമൂഹത്തിൽ സമുന്നതസ്ഥാനം ഉള്ളവരും ആയിരുന്നു സദൂക്യർ. യവനസംസ്ക്കാരവും, ആചാരമര്യാദകളും സ്വീകരിക്കുന്നതിൽ അവർക്കു യാതൊരു മടിയും ഇല്ലായിരുന്നു. ബി. സി. 135–105 കാലഘട്ടത്തിൽ ആണ് ഒരു പ്രത്യേക ഗണമായി അവർ രൂപം പ്രാപിച്ചത്. 63 ബി. സി. യിൽ പോംപെയും 37 ബി. സി. യിൽ ഹേരോദും അവരെ പീഡിപ്പിച്ചു. എ. ഡി. 70 നു ശേഷം അവരുടെ സ്വാധീനം തീരെ ക്ഷയിച്ചുപോയി.

സ്വതന്ത്രമായ ഒരു യഹൂദ രാജ്യത്തെക്കുറിച്ചുള്ള പ്രതീക്ഷയാണ് അവരുടെ പ്രവർത്തനങ്ങൾക്കു ഉത്തേജനം നൽകിയത്. പരീശന്മാരെപ്പോലെ തന്നെ ന്യായപ്രമാണത്തിന്റെ പ്രാധാന്യത്തെ അവർ മാനിച്ചിരുന്നു. വാമൊഴിയായിട്ടുള്ള നിയമാവലികളെയോ, പാരമ്പര്യങ്ങളെയോ അവർ വിശ്വാസത്തിന് അടിസ്ഥാനമായി അംഗീകരിച്ചില്ല. പുനരുത്ഥാനം, മരണാനന്തര പ്രതിഫലം, ശിക്ഷ എന്നിവയും യുഗാവസാന ചിന്തകൾ, മാലാഖമാരെക്കുറിച്ചുള്ള പഠിപ്പിക്കൽ എന്നിവയും അവർ തിരസ്കരിച്ചു. യെരുശലേം ദേവാലയത്തിലെ യാഗങ്ങൾ കൃത്യമായി നടത്തുന്നതിലും, ന്യായപ്രമാണം അനുസരിച്ച് ജീവിക്കുന്നതിലും അവർ അതിയായി ശ്രദ്ധ പതിപ്പിച്ചു.

### 5. എസ്സീൻകാർ (എസ്സീന്യർ)

ഫിലോ, ജൊസീഫസ് എന്നിവരുടെ എഴുത്തുകളിൽ എസ്സീൻകാരെക്കുറിച്ചു പ്രതിപാദനങ്ങൾ കാണാം. ഫിലോയുടെ കാലത്തു സിറിയയിലും, പലസ്തീനിലും ഏകദേശം 4000 എസ്സീൻകാർ ഉണ്ടായിരുന്നു. ചാവുകടലിന്റെ പടിഞ്ഞാറുവശത്തു ജീവിച്ചിരുന്ന എസ്സീൻകാരെക്കുറിച്ച് പ്ലിനി എന്ന എഴുത്തുകാരനും പരാമർശിക്കുന്നു. വിശുദ്ധ ജീവിതത്തിലുള്ള താത്പര്യമാണ് 'എസ്സീൻകാർ' എന്ന പേരിനു തന്നെയുള്ള അടിസ്ഥാനം. യഹോവയാം ദൈവത്തെ അവർ ആരാധിച്ചിരുന്നു, യാഗങ്ങൾ അർപ്പിച്ചിരുന്നില്ല. വസ്തുവകകൾ പൊതുവായി കണക്കാക്കുകയും, സാധുക്കളെ സംരക്ഷിക്കുന്നതിൽ പ്രത്യേക താല്പര്യം കാണിക്കുകയും ചെയ്തു. ബി. സി. 144 ലാണ് അവരുടെ ഉത്ഭവമെന്നു ജൊസീഫസ് രേഖപ്പെടുത്തിയിരിക്കുന്നു.

സൂര്യനമസ്ക്കാരം, ഭക്ഷണത്തിനു മുമ്പും പിമ്പുമുള്ള സ്തോത്ര പ്രാർത്ഥന, ആത്മീയ പ്രാധാന്യമുള്ള സ്നാനം, വിശുദ്ധ ഭക്ഷണത്തിന്റെ കൂട്ടായ്മ എന്നിവ എസ്സീൻ സമൂഹത്തിന്റെ ചില പ്രത്യേകതകൾ ആണ്. സമൂഹത്തിൽ പെടാത്തവരുമായി അവർ സംസർഗം ത്യജിച്ചു. മിശിഹാ

യുടെ ആഗമനം ഉടനെ ഉണ്ടാകുമെന്നുള്ള പ്രതീക്ഷയിൽ, പ്രാർത്ഥനയിലും വേദപുസ്തക പഠനത്തിലും, കൃഷിപ്പണിയിലും അവർ സമയം ചെലവഴിച്ചു. 'പുതിയ ഉടമ്പടിക്കാർ' എന്ന് അവർ അവരെക്കുറിച്ചു പരാമർശിക്കുന്നു.

## 6. സെലട്ട്സ് (എരിവുകാർ)

രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പടപൊരുതുവാൻ സന്നദ്ധരായ തീവ്രവാദികളുടെ സമൂഹമാണ് സെലട്ട്സ്. എ. ഡി. 6-ൽ ആണ് അവരുടെ ഉത്ഭവമെന്നു ജൊസീഫസ് എഴുതിയിരിക്കുന്നു. അന്നാണു ഗലീലക്കാരനായ യൂദാ, റോമാക്കാർക്കെതിരായി വിപ്ലവം നടത്തിയത്. മക്കബായരുടെ പിന്തുടർച്ചക്കാരാണ് എരിവുകാരായ സെലട്ട്സ് എന്നു ഫൈഫർ അഭിപ്രായപ്പെടുന്നു. ദൈവം മാത്രമേ രാജാവായിട്ടുള്ളുവെന്നും, യഹൂദന്മാരെ ഭരിക്കുവാൻ വന്ന വിദേശീയ മേല്ക്കോയ്മയ്ക്കു കീഴടങ്ങരുത് എന്നും അവർ വാദിച്ചു. ശബത്ത് ആചരിക്കുന്നതിൽ അവർ നിഷ്കർഷ കാണിച്ചു. പുറജാതിക്കാരെ പരിച്ഛേദന നടത്തുവാൻ അവർ മുമ്പോട്ടുവന്നു. ചക്രവർത്തിക്കു കരം കൊടുക്കുന്നതു വിഗ്രഹാരാധനയ്ക്കു തുല്യമായ പ്രവൃത്തിയായി അവർ കരുതി. അവരുടെ ചരിത്രം മസാദാ കോട്ടയിൽ വച്ച് എ. ഡി. 74-ൽ അവസാനിച്ചു.

## 7. കുംറാൻ ഉടമ്പടിക്കാർ

ജോൺ ഹിർക്കാനസിനു ശേഷം (134-104 ബി. സി.) രൂപം പ്രാപിച്ചു യരുശലേമിന്റെ നാശത്തോടെ (എ. ഡി. 70) അവസാനിച്ച സമൂഹമാണു കുംറാൻ ഉടമ്പടിക്കാർ.

ഹസീദിം ഗണത്തിൽപെട്ട ഒരു കൂട്ടം ആളുകൾ ബി. സി. 2-ാം നൂറ്റാണ്ടിൽ 'നീതിയുടെ ഗുരു'വിന്റെ നേതൃത്വത്തിൽ യഹൂദ്യായിലെ മരുഭൂമിയിലേക്ക് പലായനം ചെയ്തു. 'നീതിയുടെ ഗുരു', വി. പുസ്തകം എങ്ങനെ പഠിക്കണമെന്നും വ്യാഖ്യാനിക്കണമെന്നുമുള്ള ശിക്ഷണം അവർക്കു നൽകി. കുംറാൻ സമൂഹം എസ്സീൻ വിഭാഗത്തിൽ നിന്നു ഉത്ഭവിച്ച്, ഭിന്നമായ ചില ചിന്താഗതികൾ സ്വീകരിച്ച ഗണമാണ്. ചാവുകടൽ തീരത്തെ ചുരുളുകളിൽ നിന്നും, പുസ്തകങ്ങളിൽ നിന്നും അവരുടെ പ്രധാനമായ ഉപദേശങ്ങളെക്കുറിച്ച് അറിയുവാൻ സാധിച്ചിട്ടുണ്ട്.

ന്യായപ്രമാണത്തിനു നൽകിയ പ്രാധാന്യത്തിലും യഹോവയോടു പുലർത്തിയ അചഞ്ചലമായ ഭക്തിയിലും വിവിധ യഹൂദ സമൂഹങ്ങൾ തമ്മിൽ ഐക്യം ഉണ്ട്. വിദേശി മേധാവിത്വത്തോടുള്ള എതിർപ്പിലും, വിയോജിപ്പിലും സാദൂക്യർ ഒഴിച്ചു മറ്റുള്ള വിഭാഗങ്ങൾ അഭിപ്രായഐക്യം പുലർത്തുന്നു.

(പുതിയനിയമ പഠനത്തിലും ഈ വിഷയം ഉൾപ്പെടുത്തിയിരുന്നത് ഓർക്കുക)

**ചോദ്യങ്ങൾ**

1. യഹൂദ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ ഏതെല്ലാം?
2. വിവിധ വിഭാഗങ്ങളുടെ പ്രത്യേകതകൾ വിവരിക്കുക?
3. ക്രിസ്തീയ സഭയിലെ അവാന്തര വിഭാഗങ്ങളുമായി അവയ്ക്കുള്ള സാമ്യം കണ്ടെത്തി വിവരിക്കുക.

## പാഠം 3

# ചാവുകടൽ ചുരുളുകൾ

❑ കണ്ടുപിടുത്ത ചരിത്രം ❑ ശാസ്ത്രീയ ഗവേഷണം ❑ ചാവുകടൽ ചുരുൾപണ്ഡിതർ ❑ ഗവേഷണപഠനത്തിനു വിധേയമായ വേദപുസ്തക ചുരുളുകൾ ❑ ഹബക്കൂക്കിന്റെ വ്യാഖ്യാനം ❑ ശിക്ഷണത്തിന്റെ നിയമാവലി ❑ പ്രകാശത്തിന്റെ മക്കളും അന്ധകാരത്തിന്റെ മക്കളും തമ്മിലുള്ള യുദ്ധം ❑ നന്ദിപ്രകടനത്തിന്റെ സങ്കീർത്തനം ❑ കുംറാൻ സമൂഹത്തിന്റെ ഉത്ഭവം ❑ കുംറാൻ ഉടമ്പടിക്കാരും ക്രിസ്തീയ സഭയും

1947 ൽ, ചാവുകടൽ തീരത്തുനിന്നു യാദൃശ്ചികമായി കണ്ടെടുത്ത വേദപുസ്തകചുരുളുകൾ, വേദപഠന രംഗത്തു നിർണ്ണായകമായ അദ്ധ്യായം കുറിച്ചു. ഏകദേശം രണ്ടായിരം വർഷം പഴക്കമുള്ള പുസ്തകങ്ങളുടെ കൈയെഴുത്തുപ്രതികൾ കണ്ടെടുക്കുന്നതിന് അത് സാഹചര്യം സൃഷ്ടിച്ചു. വേദപുസ്തകമൂലപാഠം, എഴുതുന്നതിനു ഉപയോഗിച്ച ലിപികൾ, തുകൽ ചുരുളുകൾ, പപ്പൈറസ് കൈയെഴുത്തുകൾ, ചുരുളുകൾ പൊതിയുന്നതിന് ഉപയോഗിച്ച ലിനൻ തുണികൾ, നിക്ഷേപിക്കപ്പെട്ട ഭരണികൾ എന്നിവ പഠന വിഷയമായി. ദൈവശാസ്ത്രജ്ഞന്മാരും വേദപുസ്തകപണ്ഡിതന്മാരും മാത്രമല്ല, ലോകത്തെങ്ങുമുള്ള ശാസ്ത്രജ്ഞന്മാരും അതിലേക്ക് ആകർഷിക്കപ്പെട്ടു.

### 1. കണ്ടുപിടുത്ത ചരിത്രം

മുഹമ്മദ് എദ്ദീബ് എന്ന ആട്ടിടയൻ കാണാതായ ആടിനെ അന്വേഷിച്ച് ചാവുകടൽ തീരത്തുള്ള ഒരു ഗുഹയിൽ ചെന്നുകയറി. അകത്ത് ഇരുട്ടായതിനാൽ ഉള്ളിൽ എന്താണെന്ന് അറിയുവാൻ ഉള്ള ജിജ്ഞാസയോടെ

ഒരു കല്ലു വലിച്ചെറിഞ്ഞു. എന്തോ പൊട്ടിച്ചിതറുന്ന ശബ്ദം കേട്ട് അതിൽ നിധിയുണ്ടെന്ന ധാരണയിൽ ഒരു കൂട്ടുകാരനെക്കൂടെ സഹായത്തിനു വിളിച്ചുകൊണ്ട് ഗുഹയിൽ പ്രവേശിച്ചു. മൺഭരണികളിൽ നിക്ഷേപിച്ചിരുന്ന ലിനനിൽ പൊതിഞ്ഞ തുകൽ ചുരുളുകളാണ് അവർ കണ്ടെത്തിയത്. അത് ബത്ലഹേമിൽ കൊണ്ടുവന്നു പുരാവസ്തുക്കൾ വ്യാപാരം ചെയ്യുന്ന ഒരു കച്ചവടക്കാരനു കൈമാറി. അവിടെനിന്നും പല കച്ചവടക്കാരിൽ കൂടെ മാർ അത്താനാസ്യോസ് യേശു ശമുവേൽ എന്ന അന്ത്യോഖ്യൻ സിറിയൻ ഓർത്തഡോക്സ് മെത്രാപ്പോലീത്തായുടെ കൈയിൽ അത് എത്തിച്ചേർന്നു.

## 2. ശാസ്ത്രീയ ഗവേഷണം

1951 –ൽ ആർ. ഡിവോ, എൽ ഹാർഡിംഗ് എന്നിവർ മുകളിൽ പറഞ്ഞ ചുരുൾ ലഭിച്ച കിർബത്തു കുംറാൻ എന്ന സ്ഥലത്ത് ശാസ്ത്രീയമായ രീതിയിലുള്ള പുരാവസ്തു ഗവേഷണം നടത്തി. 118 അടി നീളവും 94 അടി വീതിയും ഉള്ള പ്രധാന കെട്ടിടം, ബഞ്ചുകൾ, മൺഭരണികൾ, ചുരുളുകൾ നിക്ഷേപിക്കുവാൻ ഉപയോഗിച്ച വലിയ ഭരണികൾ എന്നിവയും കണ്ടെടുത്തു. 1952 –ൽ വാഡി മുറാബത്ത് എന്ന സ്ഥലത്തും ഗവേഷണം നടത്തി.

## 3. ചാവുകടൽ ചുരുൾ പണ്ഡിതർ

ചാവുകടൽ ചുരുളിന്റെ പഠനത്തോട് ബന്ധപ്പെട്ട പണ്ഡിതരുടെ പേരുകൾ അനവധിയുണ്ട്. അവരിൽ പ്രമുഖർ ഇ. എൽ. സുകേനിക്ക്, വൈ. യാദിൻ, മില്ലർ ബറോസ്, ബ്രൌൺലി ട്രെവർ, ആർ. ഡിവോ, എൽ. ഹാർഡിംഗ് എന്നിവർ ആണ്. ചിലർ അതു പകർത്തിയെഴുതുകയും തർജ്ജമ ചെയ്യുകയും, വിവിധ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

## 4. ഗവേഷണപഠനത്തിനു വിധേയമായ വേദപുസ്തകച്ചുരുളുകൾ

1. ഒന്നാമത്തെ ഗുഹയിൽ നിന്നു ലഭിച്ച ഏശായായുടെ രണ്ടു ചുരുളുകൾ പ്രത്യേകം പ്രാധാന്യം അർഹിക്കുന്നവയാണ്. ഒന്നാമത്തേത് ഏശായായുടെ പുസ്തകം മുഴുവൻ അടങ്ങിയതാണ്. രണ്ടാമത്തേത്, ഏശായായുടെ പുസ്തകത്തിന്റെ മൂന്നിൽ ഒരു ഭാഗം മാത്രം ഉള്ളതാണ്. ഏശായായുടെ പുസ്തകം എബ്രായ മൂലപാഠവുമായി വളരെ യോജിപ്പുണ്ട്.

എബ്രായ ബൈബിളിന്റെ ഗണത്തിൽ പെടാത്ത അപ്പോക്രിഫാ, പ്സ്യൂഡെപ്പിഗ്രാഫാ എന്ന ഗണത്തിൽ പെട്ട പുസ്തകങ്ങളും കണ്ടെടുത്തിട്ടുണ്ട്. മറ്റു ഗ്രന്ഥങ്ങളിൽ പ്രമുഖമായത്:–

**i. ഹബക്കൂക്കിന്റെ വ്യാഖ്യാനം**

ഹബക്കൂക്ക് പ്രവാചകന്റെ പ്രവചനം എങ്ങനെ കുംറാൻ സമൂഹത്തിന്റെ ചരിത്രത്തിൽ പൂർത്തീകരണം പ്രാപിച്ചിരിക്കുന്നുവെന്ന് ഈ വ്യാഖ്യാനത്തിൽ കാണുന്നു.

**ii. ശിക്ഷണത്തിന്റെ നിയമാവലി**

സമൂഹത്തിന്റെ ആരാധനാപരവും അച്ചടക്കത്തെ സംബന്ധിച്ചുള്ളതുമായ ക്രമീകരണങ്ങൾ നൽകുന്നു. സമൂഹത്തിൽ പ്രവേശിക്കുന്നവർ അനുഷ്ഠിക്കേണ്ട ചില നിബന്ധനകളെക്കുറിച്ചും ഇതു വിവരണം നൽകുന്നു.

**iii. പ്രകാശത്തിന്റെ മക്കളും, അന്ധകാരത്തിന്റെ മക്കളും തമ്മിലുള്ള യുദ്ധം**

അവർ യുഗാന്ത്യത്തിൽ ആണു ജീവിക്കുന്നതെന്നും, മാലാഖമാർ കൂടി യുദ്ധത്തിൽ പങ്കെടുത്തു സഹായിക്കുമെന്നും വിശ്വസിച്ചു. യുദ്ധം 40 വർഷം നീണ്ടുനിൽക്കും. 7-ാം വർഷം യുദ്ധമുണ്ടായിരിക്കയില്ല. ദൈവത്തിന്റെ പദ്ധതിയനുസരിച്ചാണു യുദ്ധം. ഈ യുദ്ധത്തിൽ പ്രകാശത്തിന്റെ മക്കൾ മൂന്നു പ്രാവശ്യവും ബെലിയാറിന്റെ മക്കൾ മൂന്നു പ്രാവശ്യവും വിജയം വരിക്കും. 7-ാം പ്രാവശ്യം ദൈവത്തിന്റെ ശക്തമായ കൈ ബെലിയാറിനെയും, അവന്റെ സൈന്യത്തെയും കീഴടക്കും.

**iv. നന്ദിപ്രകടനത്തിന്റെ സങ്കീർത്തനം**

ദൈവതിരുസന്നിധിയിൽ ദൈവത്തിന്റെ നന്മയെ ഓർത്തു ധ്യാനിക്കുകയും, നന്ദി പറയുകയും ചെയ്യുന്നു.

## 5. കുംറാൻ സമൂഹത്തിന്റെ ഉത്ഭവം

യെരുശലേം ദേവാലയത്തിലെ അഴിമതികൾ കണ്ട് മനംനൊന്ത സമൂഹം 'യഥാർത്ഥ ഇസ്രായേൽ' എന്ന വിധത്തിൽ ജീവിക്കുവാൻ മരുഭൂമിയിലേക്കു മാറിത്താമസിച്ചു. 'പുതിയ ഉടമ്പടിക്കാർ' എന്ന നാമത്തിൽ ജീവിതം ആരംഭിച്ചു. അവർ ഒരുമിച്ചിരുന്നു സ്തോത്രം പാടി ഭക്ഷണം കഴിക്കുകയും, വി. പുസ്തകങ്ങൾ പഠിക്കുകയും, ഉപജീവനത്തിനു കായികാദ്ധ്വാനം നടത്തുകയും ചെയ്തു. കുംറാൻ സമൂഹത്തിൽ പുരോഹിതന്മാർക്കു ചില പ്രധാന സ്ഥാനങ്ങൾ ഉണ്ടായിരുന്നു. ജനായത്തപരമായ തത്വങ്ങളെ അവർ മാനിച്ചു. സമൂഹത്തിൽ സംസാരിക്കുവാൻ മൂപ്പുമുറ അനുസരിച്ചാണ് അനുവദിച്ചിരുന്നത്. ഓരോ അംഗത്തിനും സംസാരിക്കുവാനും വോട്ടു രേഖപ്പെടുത്തുവാനും അവകാശം ഉണ്ടായിരുന്നു. വിവിധ പടികൾ കടന്നു ശ്രദ്ധേയമായ പരിശോധനയ്ക്കു ശേഷമാണ് ഒരാൾക്കു കുംറാൻ സമൂഹത്തിൽ പൂർണ്ണ അംഗത്വം നൽകിയിരുന്നത്.

### 6. കുംറാൻ ഉടമ്പടിക്കാരും ക്രിസ്തീയ സഭയും

കുംറാൻ സമൂഹത്തിന്റെ ഉപദേശവും, ക്രിസ്തീയ സഭയുടെ പഠിപ്പിക്കലും തമ്മിൽ വളരെ സാമ്യമുണ്ട്. യോഹന്നാൻ മാംദാന ഈ സമൂഹത്തിൽ പരിശീലനം ലഭിച്ച ആളായിരിക്കുമെന്ന അഭിപ്രായത്തിനു പണ്ഡിതന്മാരുടെ ഇടയിൽ അംഗീകാരം ലഭിച്ചുകൊണ്ടിരിക്കുന്നു. അവസാന കാലത്തു മിശിഹാ വരുമെന്ന പ്രതീക്ഷയിൽ അവർ കാത്തിരുന്നു. എഫ്. എം. ക്രോസ് ഇപ്രകാരം പ്രസ്താവിക്കുന്നു: 'മിശിഹാ വരുമെന്നുള്ള പ്രത്യാശയല്ല ക്രിസ്തുമതത്തിന് അതിന്റെ പ്രത്യേകസ്ഥാനം നേടിക്കൊടുത്തത്, എന്നാലോ മിശിഹാ യേശുക്രിസ്തുവിൽ രാജ്യഭരണം നടത്തുന്നുവെന്നും വീണ്ടും വരുമെന്നുമുള്ള ഉറപ്പാണ്.'

### ചോദ്യങ്ങൾ

1. ചാവുകടൽ ചുരുളുകളുടെ പ്രാധാന്യം എന്ത്?
2. കുംറാൻ പ്രദേശത്തു നിന്നു ലഭിച്ച പ്രധാന പുസ്തകങ്ങൾ ഏവ?

## പാഠം 4

# അപ്പോക്രിഫാ

❑ നിർവചനം ❑ അപ്പോക്രിഫായും സഭകളും ❑ റോമൻകത്തോലിക്കാസഭ ❑ സിറിയൻ ഓർത്തഡോക്സ് സഭ ❑ പ്രൊട്ടസ്റ്റന്റ് സഭകളും അപ്പോക്രിഫായും ❑ എന്തുകൊണ്ടാണ് അപ്പോക്രിഫാ എന്ന പദം? ❑ സഭാപിതാക്കന്മാരും അപ്പോക്രിഫായും ❑ അപ്പോക്രിഫായിലെ പുസ്തകങ്ങൾ ❑ അപ്പോക്രിഫായിലെ പ്രധാന ചിന്തകൾ ❑ ഉപസംഹാരം

### 1. നിർവചനം

അപ്പോക്രിഫാ എന്ന പദം 'ഒളിക്കപ്പെട്ട' അല്ലെങ്കിൽ 'മറയ്ക്കപ്പെട്ട' എന്ന് വിവർത്തനം ചെയ്യാവുന്ന ഗ്രീക്ക് ധാതുവിൽ നിന്ന് ഉത്ഭവിച്ചതാണ്. ക്രിസ്തുവിനു മുമ്പുള്ള രണ്ടു ശതാബ്ദങ്ങളിൽ യഹൂദ സാഹിത്യ രംഗത്ത് എബ്രായ, ഗ്രീക്ക്, അറമായ എന്നീ ഭാഷകളിൽ പല പുസ്തകങ്ങളും രചിക്കപ്പെട്ടു. അന്നത്തെ പ്രത്യേക സാഹചര്യവും സമകാലീന ചിന്തകളും അവയിൽ പ്രതിഫലിക്കപ്പെടുന്നു. ഈ കാലഘട്ടത്തിൽ തോറാ, പ്രവാചകന്മാർ, എഴുത്തുകൾ എന്നീ എബ്രായ മൂലഗ്രന്ഥഗണത്തിൽപ്പെടാതിരുന്ന

ചില പുസ്തകങ്ങൾ പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷയായ സെപ്റ്റു വജിന്റിൽ സ്ഥാനം പിടിച്ചു.

### 2. അപ്പോക്രിഫായും സഭകളും

'അപ്പോക്രിഫാ' എന്ന ഗണത്തിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങളെക്കുറിച്ചും അവയുടെ കാനോനിക പദവിയെക്കുറിച്ചും വിവിധ സഭകളിൽ ഭിന്നമായ അഭിപ്രായഗതികളാണുള്ളത്. എബ്രായ ബൈബിളിൽ കാണുന്ന പുസ്തകങ്ങളെ ഉല്പത്തി – മാലാഖി ഗണമെന്നും അപ്പോക്രിഫായിൽ ഉൾപ്പെടുത്തിയവയെ തൂബീദ് – മക്കാബി ഗണമെന്നും ചില പുസ്തകങ്ങളിൽ പരാമർശിക്കുന്നു.

### i. റോമൻ കത്തോലിക്കാ സഭ

1549 –ലെ ട്രെന്റ് കൗൺസിലിന് ശേഷമാണ് ഉല്പത്തി – മാലാഖി ഗണത്തോടൊപ്പം തന്നെ തൂബീദ് – മക്കാബി പുസ്തകങ്ങൾ കണക്കാക്കണമെന്ന തീരുമാനം റോമൻ കത്തോലിക്കാ സഭ ഉണ്ടാക്കിയത്. എന്നാൽ ഒന്നും രണ്ടും എസ്ഡ്രാസും മനശ്ശെയുടെ പ്രാർത്ഥനയും റോമൻ കത്തോലിക്കാ വേദപുസ്തകത്തിൽ കാനോനികഗണത്തിൽ ഉൾപ്പെടുത്താതെ പിന്നാലെ ചേർത്തിരിക്കുന്നു.

### ii. സിറിയൻ ഓർത്തഡോക്സ് സഭ

സുറിയാനി സഭയുടെ ഔദ്യോഗിക വേദപുസ്തകമാണ് പെഷീത്താ എന്നറിയപ്പെടുന്ന സുറിയാനി ഗ്രന്ഥം. ഇതിന്റെ പുരാതന കൈയെഴുത്തു പ്രതിയായ കോഡെക്സ് അംബ്രോസിയാനോസിൽ ഉല്പത്തി – മാലാഖി ഗണത്തെക്കൂടാതെ തൂബീദ് – മക്കാബി പുസ്തകങ്ങളും ഉണ്ട്. ബാർ എബ്രായയുടെ കാനോനിൽ പഴയനിയമപുസ്തകങ്ങളുടെ പട്ടികയിൽ ഉല്പത്തി – മക്കാബി പുസ്തകങ്ങൾ കാണുന്നു. സുറിയാനിസഭ ഉപയോഗിക്കുന്ന വേദവായനക്കുറിപ്പിൽ 'അപ്പോക്രിഫാ' എന്നറിയപ്പെടുന്ന പുസ്തകങ്ങളിൽ നിന്നുള്ള വായന ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഹോളണ്ടിൽ നിന്നു പെഷീത്താ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന സുറിയാനി പഴയനിയമത്തിൽ കോഡെക്സ് അബ്രോസിയാനോസിന്റെ അടിസ്ഥാനത്തിൽ 'അപ്പോക്രിഫാ' എന്നറിയപ്പെടുന്ന പുസ്തകങ്ങളും ഉണ്ട്.

### iii. പ്രോട്ടസ്റ്റന്റ് സഭകളും അപ്പോക്രിഫായും

പ്രോട്ടസ്റ്റന്റ് സഭകളിൽ ഭൂരിഭാഗവും എബ്രായ ബൈബിളിലെ പുസ്തകങ്ങൾ മാത്രമാണ് അംഗീകരിക്കുന്നത്. അപ്പോക്രിഫൽ ഗ്രന്ഥങ്ങളെ വിശ്വാസത്തിനടിസ്ഥാനമായി സ്വീകരിക്കാതെ ധ്യാനത്തിന് ഉപകരിക്കുന്നവയായി പരിഗണിക്കുന്ന ക്രിസ്തീയ വിഭാഗങ്ങളും ഉണ്ട്.

### 3. എന്തുകൊണ്ടാണ് അപ്പോക്രിഫാ എന്ന പദം?

എബ്രായ വിശുദ്ധ ഗ്രന്ഥത്തിൽ കാണുന്ന ചിന്താഗതികളോടു നിരക്കാത്ത പ്രതിപാദനങ്ങളും ചിന്താഗതികളും ഉൾക്കൊള്ളുന്ന പുസ്തകങ്ങൾ ആയതുകൊണ്ടും അതേക്കുറിച്ചു ശരിയായ ജ്ഞാനവും, വിവേചനശക്തിയും, ത്യാജഗ്രഹണബോധവും ഉള്ളവർക്കു മാത്രം കൈകാര്യം ചെയ്യുവാൻ കൊള്ളാവുന്ന പുസ്തകങ്ങൾ ആയതുകൊണ്ടും, സാധാരണക്കാരിൽ നിന്നും മാറ്റിസൂക്ഷിക്കേണ്ട പുസ്തകങ്ങൾ എന്ന നിലയിൽ അപ്പോക്രിഫാ എന്ന പേരു നൽകപ്പെട്ടു. 2 എസ്ഡ്രാസിൽ ഇപ്രകാരം കാണുന്നു: *'മറയ്ക്കപ്പെട്ട സാഹിത്യം' എന്ന അർത്ഥത്തിൽ വിശുദ്ധ പുസ്തകങ്ങൾ എഴുതുവാൻ എസ്രായ്ക്കു നിർദ്ദേശം നൽകപ്പെട്ടു. അതനുസരിച്ച് 94 എണ്ണം എസ്രാ എഴുതി. 'ആദ്യം നീ എഴുതിയ പുസ്തകങ്ങൾ നല്ലവനും ദുഷ്ടനും ഒരുപോലെ വായിക്കുവാൻ പ്രസിദ്ധീകരിക്കുക. ബാക്കി 70 എണ്ണം നിങ്ങളിൽ ജ്ഞാനികൾ മാത്രം വായിച്ചറിയുവാൻ സൂക്ഷിച്ചുവയ്ക്കുക'* (2 എസ്ഡ്രാസ് 14:44-46).

### 4. സഭാപിതാക്കന്മാരും അപ്പോക്രിഫായും

സഭാപിതാക്കന്മാർ പലരും അപ്പോക്രിഫായിൽ നിന്നും ഉദ്ധരണികൾ എടുത്തിട്ടുണ്ട്. അപ്രേം, അഫ്രോറ്റിസ് എന്നിവരുടെ പുസ്തകങ്ങളിൽ അപ്പോക്രിഫായിൽ നിന്നുള്ള ഭാഗങ്ങൾ കാണാം. ഒറിഗൻ, യെരുശലേമിലെ മാർ കൂറിലോസ് എന്നിവർ 'അപ്പോക്രിഫാ' എന്ന പദപ്രയോഗവും നടത്തിയിട്ടുണ്ട്.

### 5. അപ്പോക്രിഫായിലെ പുസ്തകങ്ങൾ

#### 1. ഒന്നാമത്തെ എസ്ഡ്രാസ്

ദിനവൃത്താന്തം, എസ്രാ, നെഹെമിയാ എന്നീ പുസ്തകങ്ങളിൽ ഉള്ള വിവരണങ്ങൾക്കു തുല്യമായ ചിത്രീകരണമാണ് അതിൽ കാണുന്നത്. കൂടാതെ, പേർഷ്യൻ കൊട്ടാരത്തിലെ മൂന്നു യുവാക്കൾ തമ്മിലുള്ള വാദപ്രതിവാദം, ദേവാലയ പുനർനിർമ്മാണം, എസ്രാ നൽകിയ നിയമം എന്നിവ അതിലെ വിഷയങ്ങളാണ്.

#### 2. രണ്ടാമത്തെ എസ്ഡ്രാസ്

പാപികളായ യൂദന്മാർക്കുള്ള ന്യായവിധി, എസ്രാ കണ്ട ഏഴു ദർശനങ്ങൾ എന്നിവ അതിൽ കാണുന്നു.

#### 3. തൂബീദ്

ഷാൽമനേസർ രാജാവിന്റെ കാലത്തു തൂബീദും, തോബിയാസും നിനുവയിലേക്ക് അടിമകളായി നയിക്കപ്പെട്ടു. അവിടെ വിശ്വാസത്തെ പ്രതി

അവർ പീഡനം അനുഭവിച്ചു. ദൈവകൃപയാൽ എങ്ങനെ രക്ഷപ്പെട്ടു വെന്നും അന്ധനായ തൂബീദിന് എങ്ങനെ കാഴ്ച ലഭിച്ചുവെന്നും അതിൽ കാണുന്നു.

**4. ജൂഡിതിന്റെ പുസ്തകം**

എബ്രായ ഭാഷയിൽ രചിക്കപ്പെട്ടതാണു ജൂഡിതിന്റെ പുസ്തകം. മദ്യം, സ്ത്രീകൾ എന്നിവരാൽ ആകർഷിക്കപ്പെട്ടിരുന്ന ഹോളോ ഫെർനസിൽ നിന്ന് ജൂഡിത് യൂദന്മാരെ എങ്ങനെ രക്ഷിച്ചുവെന്നു പുസ്തകം വിവരിക്കുന്നു.

**5. ദാനിയേലിന്റെ അനുബന്ധം**

അശരിയയുടെയും മൂന്നു യുവാക്കളുടേയും പ്രാർത്ഥനകൾ, പൊള്ളുന്ന തീച്ചൂളയിൽ യാതൊരു അപകടവും കൂടാതെ രക്ഷിക്കപ്പെട്ട യുവാക്കൾ ദൈവത്തെ മഹത്വപ്പെടുത്തുന്നതായുള്ള പ്രതിപാദനം എന്നിവ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

**6. സൂസന്നാ**

ചാരിത്ര്യം ഭംഗപ്പെടുത്തുവാൻ ശ്രമിക്കുന്ന നേതാക്കന്മാരിൽ നിന്നു സൂസന്നയെന്ന യഹൂദസ്ത്രീയെ, ബാബിലോണിൽ വച്ചു ദാനിയേൽ എങ്ങനെ രക്ഷിക്കുന്നു എന്നതാണ് അതിന്റെ ഉള്ളടക്കം.

**7. ബേലും പെരുമ്പാമ്പും**

വിഗ്രഹാരാധനയെ പരിഹസിക്കുന്ന വിവരണമാണ് അവ. ദാനിയേൽ, ബേൽ ആരാധന എതിർത്തു. തന്മൂലം സിംഹങ്ങളുടെ ഗുഹയിൽ എറിയപ്പെട്ടു. 6 ദിവസം അവിടെ കിടന്നതിനു ശേഷം 7-ാം ദിവസം ദാനിയേലിനെ രക്ഷിക്കുന്നു.

**8. എസ്ഥേറിന്റെ അനുബന്ധം**

ഗ്രീക്കുഭാഷയിലുള്ള വിവരണത്തിൽ ഇപ്രകാരം കാണാം.

1. മോർദക്കായിയുടെ സ്വപ്നം 2. എല്ലാ യൂദന്മാരെയും നശിപ്പിക്കുവാനുള്ള രാജാവിന്റെ കല്പന. 3. എസ്ഥേറിന്റെയും, മോർദക്കായിയുടേയും പ്രാർത്ഥനകൾ. 4. എസ്ഥേർ രാജസന്നിധിയിൽ. 5. രാജാവിന്റെ കല്പന, യഹൂദന്മാർ സ്വയം രക്ഷിക്കുവാനുള്ള ആഹ്വാനം. 6. മോർദക്കായിയുടെ സ്വപ്നം.

**9. മനശ്ശെയുടെ പ്രാർത്ഥന**

മനശ്ശെയുടെ മാനസാന്തരത്തിനു ശേഷമുള്ള പ്രാർത്ഥന.

**10. ബാറൂക്ക്**

ദാനിയേൽ 9-ാം അദ്ധ്യായത്തിന്റെ മാതൃകയിൽ, ആശ്വാസത്തിന്റെ പ്രാർത്ഥന ഉൾക്കൊള്ളുന്നു.

**11. യെറമിയയുടെ ലേഖനം**

ബാബിലോൺ പ്രവാസത്തിലുള്ളവരെ ആശ്വസിപ്പിക്കുന്നതാണ്.

**12. എക്ലിസിയാസ്റ്റിക്കസ് (ബാറാസീറാ)**

ജീസസ് ബെൻസിറായുടെ ജ്ഞാനവും, ധാർമ്മികപ്രമാണങ്ങളും ഉൾക്കൊള്ളുന്നു.

**13. ശലോമോന്റെ ജ്ഞാനം**

യഹൂദവിശ്വാസത്തിലെ സത്യത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നു.

**14. മക്കുബായക്കാരുടെ ഒന്നാം പുസ്തകം**

മക്കുബായ വിപ്ലവത്തിനു മുമ്പുള്ള കാലം മുതൽ ശീമോന്റെ മരണം വരെയുള്ള കാലസംഭവങ്ങൾ (175–134 ബി. സി.) അതിൽ അടങ്ങിയിരിക്കുന്നു.

**15. മക്കുബായക്കാരുടെ രണ്ടാം പുസ്തകം**

മക്കുബായക്കാരുടെ രണ്ടാം പുസ്തകത്തിൽ ആത്മാവിന്റെ അമർത്യത, പുനരുത്ഥാനം, ന്യായപ്രമാണത്തോടുള്ള വിശ്വസ്തത, പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥത, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന എന്നീ ആശയങ്ങൾ കാണുന്നു.

## 6. അപ്പോക്രിഫായിലെ പ്രധാന ചിന്തകൾ

അപ്പോക്രിഫാ പുസ്തകങ്ങളിൽ കാണുന്ന, ദൈവത്തെക്കുറിച്ചുള്ള ചിന്ത, പഴയനിയമത്തിൽ കാണുന്ന ചിന്തകളോടു യോജിപ്പുള്ളതാണ്. ദൈവം പല വിധത്തിൽ സ്വയം വെളിപ്പെടുത്തുന്നു. പ്രകൃതിയിൽക്കൂടിയും (എക്ലിയാസ്റ്റിക്കസ് 42:15), ജ്ഞാനത്തിൽക്കൂടിയും (ജ്ഞാനം 10:1), മാലാഖമാർ മുഖാന്തരവും (2 എസ്ഡ്രാസ് 5:31), വെളിപ്പെടുത്തുന്നു. ഏകദൈവം (എക്ലിസിയാസ്റ്റിക്കസ് 36:5), സ്രഷ്ടാവായ ദൈവം (എക്ലീ. 42:23, 3 യുവാക്കളുടെ പാട്ട് 35–68), പിതാവായ ദൈവം (തൂബീദ് 13:4) കൂടാതെ നിത്യനായ ദൈവം, ചരിത്രത്തിന്റെ നാഥനായ ദൈവം, സർവ്വശക്തനായ ദൈവം, നീതിമാനായ ദൈവം എന്നീ ആശയങ്ങളും കാണാം. ന്യായപ്രമാണവും ജ്ഞാനവുമായിട്ടുള്ള ഏകീഭാവവും ചില ഭാഗങ്ങളിൽ ഉണ്ട് (1 ബാറൂക്ക് 3:9–4:4). ന്യായപ്രമാണത്തോടു വിശ്വസ്തത പുലർത്തേണ്ടതിന്റെ ആവശ്യവും ഊന്നിപ്പറയുന്നു (2 എസ്ഡ്രാസ് 7:20).

**7. ഉപസംഹാരം**

ബി. സി. 2–ാം നൂറ്റാണ്ടു മുതൽ എ. ഡി. 1–ാം നൂറ്റാണ്ടു വരെ യഹൂദ മതത്തിലും സംസ്ക്കാരത്തിലും ഉണ്ടായിട്ടുള്ള വിവിധ ചിന്താഗതികളെ

ക്കുറിച്ചും ആത്മീയ സംഘട്ടനങ്ങളെക്കുറിച്ചും അറിയുവാൻ അപ്പോക്രിഫാ പഠനം സഹായകമാണ്. പുതിയനിയമത്തിൽ രൂപം പ്രാപിച്ചിട്ടുള്ള ഉപദേശങ്ങളുടേയും സംജ്ഞകളുടേയും പ്രാധാന്യം ഗ്രഹിക്കുവാനും പഴയനിയമ, പുതിയനിയമ കാലത്തെ ബന്ധിപ്പിക്കുന്ന കണ്ണി എന്ന നിലയിലും അപ്പോക്രിഫാ പഠനം പ്രയോജനമുള്ളതാണ്. ഈ യാഥാർത്ഥ്യം വിഭാഗിക വ്യത്യാസം കൂടാതെ പണ്ഡിതന്മാരെ അപ്പോക്രിഫായുടെ ശ്രദ്ധേയമായ പഠനത്തിനും, ഗവേഷണത്തിനും പ്രേരിപ്പിക്കുന്നു. ക്രിസ്തീയസഭയുടെ ആചാര അനുഷ്ഠാനങ്ങളുടേയും പഠിപ്പിക്കലുകളുടെയും പശ്ചാത്തലവും ഈ ഗ്രന്ഥങ്ങൾ നൽകുന്നു.

**ചോദ്യങ്ങൾ**

1. അപ്പോക്രിഫായിലെ പുസ്തകങ്ങൾ ഏവ?
2. അപ്പോക്രിഫാ പുസ്തകങ്ങളുടെ പ്രാധാന്യം വിവരിക്കുക?
3. 'അപ്പോക്രിഫൽ ചിന്തകൾ പുതിയനിയമ പുസ്തകങ്ങളിൽ വളർച്ച പ്രാപിച്ചതായി കാണുന്നു' - വിവരിക്കുക.

**പാഠം 5**

# അപ്പോകലുപ്റ്റിക് പുസ്തകങ്ങൾ (വെളിപ്പാടു പുസ്തകങ്ങൾ)

❑ ഉത്ഭവവും പ്രത്യേകതയും ❑ വെളിപ്പാടു സാഹിത്യപുസ്തകങ്ങൾ ❑ അജ്ഞാതനായ എഴുത്തുകാരൻ ❑ ഈ യുഗം സാത്താന്റെ അധീനതയിൽ ❑ സ്വർഗ്ഗീയ രഹസ്യങ്ങൾ ജ്ഞാനികൾക്ക് ❑ വെളിപ്പാടു സാഹിത്യത്തിന്റെ പ്രത്യേകതകൾ ❑ അക്കങ്ങളും വെളിപ്പാടും ❑ മിശിഹായെക്കുറിച്ചുള്ള പ്രതീക്ഷ ❑ മരിച്ചവരുടെ പുനരുത്ഥാനം

## 1. ഉത്ഭവവും പ്രത്യേകതയും

പഴയനിയമത്തിലും പുതിയനിയമത്തിലും അപ്പോകലുപ്റ്റിക് എന്നൊരു വിഭാഗം പുസ്തകങ്ങൾ ഉണ്ട്. പഴയനിയമകാലത്തു പ്രവാചകശബ്ദം നിലച്ചപ്പോൾ ദൈവിക നിർദ്ദേശങ്ങൾ നൽകുവാൻ ഉപകരിച്ച പുസ്തകസമൂഹമാണ് അപ്പോകലുപ്റ്റിക് പുസ്തകങ്ങൾ (വെളിപ്പാടു പുസ്തകങ്ങൾ). പ്രവാചകപുസ്തകങ്ങളുടെ ശിശുവാണു വെളിപ്പാടു പുസ്തകങ്ങളെന്നു വാദിക്കുന്ന പണ്ഡിതന്മാർ ഉണ്ട്. എന്നാൽ പ്രവാചക

പാരമ്പര്യത്തിൽ നിന്നു ഭിന്നമായ സമീപനവും ആവിഷ്ക്കരണവുമാണു വെളിപ്പാടു സാഹിത്യത്തിനുള്ളത്. പ്രവാചകന്മാർ വർത്തമാന കാലത്തു നിന്നു ഭാവിയിലേക്ക് ഉറ്റുനോക്കുമ്പോൾ വെളിപ്പാടു എഴുത്തുകാർ ഭാവി വർത്തമാനത്തിലേക്ക് ശക്തിയോടെ പ്രവേശിച്ചു ദൈവിക പ്രവർത്തനത്താൽ പുതിയ യുഗം ഉദ്ഘാടനം ചെയ്യുമെന്നു പ്രതീക്ഷിച്ചു.

## 2. വെളിപ്പാടു സാഹിത്യ പുസ്തകങ്ങൾ

പഴയനിയമത്തിൽ വെളിപ്പാടു സാഹിത്യത്തിൽപ്പെടുന്ന പുസ്തകങ്ങൾ:

ദാനിയേലിന്റെ പുസ്തകം, ഏശായാ 24–27 അദ്ധ്യായങ്ങൾ, സഖര്യാവ് 12–14 അദ്ധ്യായങ്ങൾ, യെഹസ്കേൽ 33–39 എന്നിവയാണ്.

കൂടാതെ പഴയനിയമ പുതിയനിയമങ്ങൾക്കിടയിൽ രൂപം പ്രാപിച്ച പുസ്തകങ്ങളിൽ ചിലതു വെളിപ്പാടു സാഹിത്യത്തിൽപ്പെടുന്നവയാണ്. ഉദാ:– ഈനോക്ക്, എസ്ഡ്രാസ്.

## 3. വെളിപ്പാടു സാഹിത്യത്തിന്റെ പ്രത്യേകതകൾ, പഠിപ്പിക്കലുകൾ

### i) അജ്ഞാതനായ എഴുത്തുകാരൻ

ആരാണ് എഴുത്തുകാരൻ എന്ന് ഗ്രന്ഥകാരൻ വ്യക്തമാക്കുന്നില്ല. അന്നത്തെ പ്രത്യേക പ്രതികൂല പരിതഃസ്ഥിതി ആയിരിക്കാം യഥാർത്ഥ പേരു വെളിപ്പെടുത്താതിരിക്കുവാൻ പ്രേരിപ്പിച്ച ഘടകം. പുസ്തകത്തിന് അംഗീകാരം ലഭിക്കുവാൻ മുമ്പു ജീവിച്ചിരുന്ന ഗോത്രപിതാക്കന്മാരുടെയോ, പ്രവാചകരുടെയോ, എഴുത്തുകാരുടെയോ പേരുകളുമായി അതിനെ ബന്ധപ്പെടുത്തി.

### ii) ഈ യുഗം സാത്താന്റെ അധീനത്തിൽ

ഈ യുഗം സാത്താന്റെ പ്രവർത്തനത്തിനു വിധേയമാണ്. വിശ്വസ്തരായ ഭക്തജനങ്ങൾക്കു പീഡനവും ഞെരുക്കവും ഉണ്ടാകും. പുതിയ ഒരു യുഗം ഉടനെ തന്നെ പിറക്കുമെന്നും, സ്വാഭാവികമായ ഒരു സംഭവമായിട്ടല്ല, ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടൽ മൂലമാണ് അതു സാധ്യമാകുന്നതെന്നും വെളിപ്പാടു പുസ്തകങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു.

### iii) സ്വർഗ്ഗീയ രഹസ്യങ്ങൾ ജ്ഞാനികൾക്ക്

സ്വർഗ്ഗത്തിൽ ഉള്ള രഹസ്യങ്ങളെ പ്രത്യേക സന്ദർഭത്തിൽ ദൈവം ജ്ഞാനികൾക്കു വെളിപ്പെടുത്തിക്കൊടുക്കുന്നു. ദർശനങ്ങളിൽക്കൂടിയാണ് വെളിപ്പാടു നടക്കുന്നത്. വെളിപ്പാട് ഒരുപോലെ എല്ലാവർക്കും സുഗ്രാഹ്യമല്ല. ചില വ്യാഖ്യാനങ്ങളും വിവരണങ്ങളും വിശദീകരണങ്ങളും

അതിന്റെ പൊരുൾ ഗ്രഹിക്കുവാൻ സാധാരണക്കാർക്ക് ആവശ്യമാണ്.

പ്രവചനങ്ങളിൽ എന്നതുപോലെ വെളിപ്പാടിലും ദർശനങ്ങൾക്കു വളരെയധികം പ്രാധാന്യം ഉണ്ട്. സാധാരണയുള്ള അനുഭവത്തിൽ നിന്നു ഭിന്നമായ രീതിയിൽ ദൈവിക രഹസ്യങ്ങളെ കാണുവാൻ ശ്രേഷ്ഠമായ രംഗത്തേക്ക് എടുക്കപ്പെടുന്ന അവസരത്തിൽ, താൽക്കാലികമായി പ്രജ്ഞ നഷ്ടപ്പെട്ട് അബോധാവസ്ഥയിൽ സ്ഥിതിചെയ്യുന്ന അനുഭവം ദർശകർക്കുണ്ടായി. അങ്ങനെയുള്ള അവസരങ്ങളിൽ ദൈവിക രഹസ്യങ്ങളിലേക്കുള്ള താൽക്കാലികമായ പ്രവേശനമാണ് സാധിച്ചിരുന്നത്.

### iv) അക്കങ്ങളും വെളിപ്പാടും

ചില അക്കങ്ങൾക്കും രൂപങ്ങൾക്കും ജീവികൾക്കും ഗൂഢമായ അർത്ഥമുണ്ടെന്നും, പ്രത്യേക പ്രാധാന്യം അനുവാചകർക്കു മനസ്സിലാക്കിക്കൊടുക്കുവാനും വ്യംഗ്യാർത്ഥം അപഗ്രഥിച്ചു കൊടുക്കുവാനും ആവശ്യമുണ്ടെന്നുള്ള ചിന്താഗതി, വെളിപ്പാടു സാഹിത്യത്തിന്റെ ഒരു പ്രത്യേകതയാണ്.

### v) മിശിഹായെക്കുറിച്ചുള്ള പ്രതീക്ഷ

ദൈവത്തിന്റെ പ്രതിപുരുഷനായി ഇസ്രായേൽക്കാരെ സംയോജിപ്പിച്ചു പുതിയ സാമ്രാജ്യം സ്ഥാപിക്കുന്ന പ്രവാചക പുസ്തകങ്ങളിൽ പരാമർശിക്കുന്ന മിശിഹായെ അല്ല വെളിപ്പാടു പുസ്തകങ്ങളിൽ കാണുന്നത്. ആരംഭത്തിൽ തന്നെ ദൈവസാന്നിധ്യത്തിൽ വസിച്ച ദൈവപ്രഭാവത്തിൽ, പ്രാബല്യത്തോടെ രംഗപ്രവേശം ചെയ്യുന്ന അമാനുഷിക ശക്തിയുള്ള മിശിഹായെയാണ് അവിടെ ദർശിക്കുന്നത്.

### vi) മരിച്ചവരുടെ പുനരുത്ഥാനം

നീതി പ്രവർത്തിച്ചു നന്മ ചെയ്തു മൺമറഞ്ഞ വീരയോദ്ധാക്കളുടെ സ്ഥിതി എന്താണ്? അവർക്ക് ഏതെങ്കിലും വിധത്തിലുള്ള അസ്ഥിത്വമുണ്ടോ? ജീവിച്ചിരിക്കുന്നവർക്കു പോരാട്ടം സഹിച്ചു രക്തസാക്ഷി മരണം വരിക്കുവാൻ നൽകുന്ന പ്രേരണയും, ഉത്തേജനവും എന്താണ്? ഈ ചോദ്യങ്ങൾക്കുത്തരം പുനരുത്ഥാനം, നിത്യജീവൻ എന്നിവയിൽ കണ്ടെത്തി. മരണാനന്തരജീവിതം വെറും നിഴൽ പോലെയല്ലെന്നും, ന്യായപ്രമാണാനുസൃതം ജീവിതം നയിച്ചു യാതനയും പീഡകളും സഹിച്ചു വാങ്ങിപ്പോയവർക്കു പുനരുത്ഥാനവും നിത്യജീവനും ഉണ്ടെന്നുള്ള ആശ്വാസവചനം, മരണാനന്തര പ്രത്യാശയുടെ പുതിയ ചിന്താഗതി ജീവിതത്തിനു പ്രദാനം ചെയ്തു. ഈ ചിന്താഗതികളുടെ പിൽക്കാല വളർച്ചയാണു പുതിയനിയമ പുസ്തകങ്ങളിൽ കാണുന്നത്.

### ചോദ്യങ്ങൾ

1. വെളിപ്പാടു സാഹിത്യത്തിലെ പ്രധാന ചിന്തകൾ വിവരിക്കുക.
2. പ്രവചനഗ്രന്ഥങ്ങളിൽ നിന്നു ഇവ ഏതെല്ലാം വിധത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു?

## പാഠം 6

# വെളിപ്പാടു സാഹിത്യത്തിന്റെ പ്രാധാന്യം

❑ പഴയനിയമ പുതിയനിയമ ഇടവേള ❑ സമകാലീനപ്രശ്നങ്ങളും വെളിപ്പാട് എഴുത്തുകാരും ❑ കഷ്ടതയിൽ ആശ്വാസം ❑ വെളിപ്പാടും അശുഭാപ്തിയും ❑ ദൈവവിശ്വാസം അനുഭവത്തിന്റെ വെളിച്ചത്തിൽ ❑ പുനരുത്ഥാനത്തിന്റെ സന്ദേശം

പ്രവചനപുസ്തകങ്ങൾ പഠിക്കുവാൻ പഴയനിയമ പണ്ഡിതന്മാർ ശ്രമിക്കുന്നതുപോലെ വെളിപ്പാടു പുസ്തകങ്ങൾ പഠിക്കുന്നതിനു ശ്രമിക്കുന്നില്ല. സുഗ്രാഹ്യമല്ലാത്ത പ്രതീകങ്ങളും ആശയങ്ങളും വെളിപ്പാടു സാഹിത്യവിഭാഗത്തെ അവഗണിക്കുവാൻ കാരണമായി. നമ്മുടെ കർത്താവ് പ്രവാചക പാരമ്പര്യം മാത്രമല്ല, വെളിപ്പാടു പുസ്തകത്തിലെ പാരമ്പര്യവും ഗൗരവമായി കണക്കിലെടുത്തുവെന്നും നമ്മുടെ കർത്താവിന്റെ ഉപദേശങ്ങളും (ദൈവരാജ്യം, മനുഷ്യപുത്രൻ) പുതിയനിയമ ചിന്താഗതികളും ഗ്രഹിക്കുവാൻ വെളിപ്പാടു സാഹിത്യം സൂക്ഷ്മമായി പഠിക്കണമെന്നും വാദിക്കുന്ന പണ്ഡിതന്മാർ ഉണ്ട്.

### 1. പഴയനിയമ പുതിയനിയമ ഇടവേള

വെളിപ്പാടു പുസ്തകങ്ങൾ പ്രതിഫലിക്കുന്നതു പഴയനിയമ പുതിയനിയമ ഇടവേളയിലെ പ്രത്യേക പ്രശ്നങ്ങളാണ്. ദൈവരാജ്യം ഈ ലോകത്തിൽ യാഥാർത്ഥ്യമാകുമെന്ന പ്രതീക്ഷയിൽ കഴിഞ്ഞുകൂടിയ ഭക്തരായ യഹൂദസമൂഹത്തിനു തോല്വിയും, അപമാനവും അഭിമുഖീകരിക്കേണ്ടി വന്നപ്പോൾ പരമ്പരാഗതമായി രൂഢമൂലമായിരുന്ന പല വിശ്വാസപ്രമാണങ്ങളുടെയും സാംഗത്യം ചോദ്യം ചെയ്യപ്പെട്ടു. ദൈവത്തിന്റെ വിശ്വസ്തതയ്ക്കു ഭംഗം ഭവിച്ചോ? തെരെഞ്ഞെടുക്കപ്പെട്ട ജാതിയെ ദൈവം

കൈവെടിഞ്ഞോ? ന്യായപ്രമാണം അനുസരിച്ചു ജീവിക്കുന്ന ഭക്തർ അനുഭവിക്കുന്ന കഷ്ടതകൾക്ക് എന്തെങ്കിലും അർത്ഥമുണ്ടോ? നീതിമാനായ ദൈവം ഈ ലോകത്തിൽ അനീതി നടമാടുവാൻ അനുവദിക്കുന്നതെന്ത്? എന്നീ ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു.

### 2. സമകാലീനപ്രശ്നങ്ങളും വെളിപ്പാട് എഴുത്തുകാരും

വെളിപ്പാട് എഴുത്തുകാർ വ്യക്തമായ ചില നിഗമനങ്ങളിൽ എത്തി. ഈ യുഗം തിന്മയും ദുഷ്ടതയും നിറഞ്ഞതാണ്. അതിനെ ഉദ്ധരിക്കുവാനോ രൂപാന്തരപ്പെടുത്തുവാനോ സാധ്യമാകാത്ത രീതിയിൽ അത് അധഃപതിച്ചു പോയിരിക്കുന്നു. ഈ കാലത്തിന്റെ അന്ത്യം ഉടനെ തന്നെ സംഭവിക്കുന്നതിന്റെ ലക്ഷണങ്ങൾ അങ്ങിങ്ങായി കണ്ടു തുടങ്ങിയിരിക്കുന്നു. നിരാശാജനകമായ ഈ സ്ഥിതിവിശേഷത്തെ വ്യത്യാസപ്പെടുത്തുവാൻ മനുഷ്യനു സാധ്യമല്ല. ദൈവം അത്ഭുതകരമായി ഇടപെടാതെ രൂപാന്തരം സാധിക്കുകയില്ല. എന്നാൽ പ്രവാചകപുസ്തകങ്ങളിൽ കാണുന്ന ദൈവരാജ്യത്തെക്കുറിച്ചുള്ള ചിന്താഗതി ഇതിൽ നിന്നു ഭിന്നമാണ്. ദൈവം ഈ ലോകത്തെ പൂർണ്ണമായി സാത്താനു വിട്ടുകൊടുത്തിട്ടില്ല. മനുഷ്യൻ സഹകരിച്ചു ദൈവീകപ്രവർത്തനത്തോടു യോജിച്ചുപോയാൽ ഈ വ്യവസ്ഥിതിക്കു വ്യതിയാനം സംഭവിക്കും. സ്വന്തം സാമർത്ഥ്യം കൊണ്ട് എല്ലാം നേടിയെടുക്കാമെന്നും, ലോകത്തിന്റെ കുറവുകൾ പരിഹരിക്കാമെന്നുമുള്ള മനുഷ്യന്റെ അഹന്തയുടെ മുമ്പിൽ വെളിപ്പാടിന്റെ സന്ദേശം ഒരു തെറ്റു തിരുത്തൽ തന്നെ ആയിരുന്നു.

### 3. കഷ്ടതയിൽ ആശ്വാസം

കഷ്ടതയുടെയും ഞെരുക്കത്തിന്റെയും കാലയളവിൽ വെളിപ്പാടു പുസ്തകങ്ങളുടെ സന്ദേശം പുതിയ ജീവനും ആവേശവും പ്രദാനം ചെയ്തു. നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനത്തെക്കുറിച്ചുള്ള വിവരണത്തിൽ വായനക്കാർ മാറിനിന്നു വെറും കാഴ്ചക്കാരനെപ്പോലെ വീക്ഷിക്കാതെ സഹനസമരത്തിൽ ഭാഗഭാക്കായി വിജയം വരിക്കുന്ന നന്മയോടൊപ്പം ഒത്തുചേരുന്നതായി മനസ്സിലാക്കുന്നു. തിന്മയുടെ പ്രവർത്തനത്തെ ചെറുത്തുനിന്നു നന്മയുടെ ഭാഗത്താണു നിൽക്കുന്നതെന്ന ബോധ്യം, ഏതു പോരാട്ടത്തേയും പീഡനത്തേയും നേരിടുവാൻ ശക്തി പ്രദാനം ചെയ്തു. പ്രയാസങ്ങളുടേയും പ്രതിബന്ധങ്ങളുടെയും നടുവിൽ നന്മയ്ക്കുവേണ്ടിയുള്ള ത്യാഗം ഇന്നും യഥാർത്ഥമാണെന്നുള്ള വസ്തുത വിശ്വാസികൾക്ക് ഉത്തേജനം നൽകുന്നു.

### 4. വെളിപ്പാടും അശുഭാപ്തിയും

വെളിപ്പാടു എഴുത്തുകാർ അശുഭാപ്തി വിശ്വാസികൾ ആയിരുന്നോ? തിന്മ, തിന്മയാണെന്നും; തിന്മ, തിന്മയെ മാത്രം സൃഷ്ടിക്കുകയുള്ളു

വെന്നും അവർ വിശ്വസിച്ചു. തിന്മയെക്കൊണ്ടു നന്മയെ സൃഷ്ടിക്കുവാൻ സാധ്യമല്ല. ഈ യുഗത്തിൽ തിന്മയുടെ ആധിപത്യം ഉണ്ട്. അതിനാൽ, ഈ യുഗത്തെ സംബന്ധിച്ചിടത്തോളം ശുഭോദർക്കമല്ലാത്ത ചിന്താഗതിയാണ് അവർക്കുണ്ടായിരുന്നത്. താല്ക്കാലികമായി ദൈവത്തിന്റെ സഹായം ലഭിച്ചില്ലെന്നു തോന്നിയാലും ദൈവം ഉടൻ തന്നെ ആധിപത്യം സ്ഥാപിക്കുകയും വിജയം വരിക്കുകയും ചെയ്യും. വർത്തമാനകാലത്തെക്കുറിച്ചു വെളിപ്പാടു വക്താക്കൾക്കു അശുഭാപ്തി വിശ്വാസമായിരുന്നെങ്കിലും വരുവാനുള്ള യുഗത്തെക്കുറിച്ചു തികഞ്ഞ ശുഭാപ്തിയാണ് ഉണ്ടായിരുന്നത്.

## 5. ദൈവവിശ്വാസം അനുഭവത്തിന്റെ വെളിച്ചത്തിൽ

വെളിപ്പാടു സാഹിത്യവക്താക്കളുടെ ദൈവവിശ്വാസം രൂപം പ്രാപിച്ചതു യുക്തിയുടെയും, ബുദ്ധിയുടെയും അസാമാന്യമായ സമന്വയത്തിലോ, ദാർശനികചിന്തയുടെ അനന്തരഫലമായോ അല്ല; അനുഭവത്തിന്റെ മൂശയിലാണ് അതു വാർത്തുണ്ടാക്കിയത്. അദൃശ്യലോകം വെറും സങ്കല്പസൃഷ്ടിയല്ല. ദൈവം ആധിപത്യം സ്ഥാപിക്കുന്ന യുഗമാണ്. നീതിക്കുവേണ്ടിയുള്ള സഹനസമരത്തിൽ, ലോകത്തിൽ നേരിടുന്ന കഷ്ടതകൾ യാഥാർത്ഥ്യമായിരിക്കുന്നതുപോലെ വരുവാനുള്ള ലോകത്തിലെ മഹത്വവും യാഥാർത്ഥ്യമാണ്. പൊള്ളുന്ന തീച്ചൂളയിൽ സഹായത്തിനെത്തുന്ന നാലാമൻ (ദാനി. 3:25) ദൈവസാന്നിധ്യത്തെ പ്രതിനിധീകരിക്കുന്ന ദൈവപുത്രൻ എന്നപോലെ ജീവിതത്തിന്റെ തീച്ചൂളയിൽ അവർക്കു തുണയായിരിക്കുമെന്ന് അവർ വിശ്വസിച്ചു. ഈ അടിയുറച്ച ദൈവവിശ്വാസം ഏതു പോരാട്ടത്തെയും അടിപതറാതെ നേരിടുവാൻ അവർക്കു ശക്തി നൽകി.

## 6. പുനരുത്ഥാനത്തിന്റെ സന്ദേശം

പെട്ടെന്നു പ്രത്യക്ഷപ്പെട്ട നൂതന ചിന്തയല്ല 'പുനരുത്ഥാനം.' പഴയനിയമ പുസ്തകങ്ങളിൽ അങ്ങിങ്ങായി പുനരുത്ഥാനചിന്തയിലേക്കു നയിക്കുന്ന ആശയങ്ങൾ കാണുന്നുണ്ട്. ചിലയിടത്തു നീതിമാന്മാരുടെ ഉയിർത്തെഴുന്നേല്പ് എന്ന വിധത്തിലും, മറ്റു ചിലയിടത്തു എല്ലാവരുടെയും ഉത്ഥാനം എന്ന രീതിയിലും വിവരണങ്ങൾ കാണാം. ദൈവത്തോടു ഭക്തിയും വിശ്വസ്തതയും പുലർത്തുന്നവർ, ദൈവരാജ്യത്തിന്റെ അനുഭവത്തിൽ നിന്നു വിദൂരസ്തർ ആകുന്നില്ല. സ്വർഗത്തിലായാലും, ഭൂമിയിലായാലും, അവർ ദൈവസഖിത്വത്തിൽ സ്ഥിതി ചെയ്യും. വെളിപ്പാടു പുസ്തകങ്ങളിൽ കാണുന്ന ആശയങ്ങൾ ക്രിസ്തീയ വിശ്വാസത്തിലെ പുനരുത്ഥാനം, മരണാനന്തര അവസ്ഥ, ന്യായവിധി എന്നിവയിലേക്കു നയിക്കുന്നതാണ്.

## ചോദ്യങ്ങൾ

1. വെളിപ്പാടു സാഹിത്യത്തിന്റെ പ്രസക്തി ഏവ?
2. വെളിപ്പാടു സാഹിത്യചിന്തയും ക്രിസ്തീയ ചിന്തയും തമ്മിലുള്ള ബന്ധം വിവരിക്കുക?

# യൂണിറ്റ് 4

# പഴയനിയമവും ദൈവശാസ്ത്രവും

## പാഠം 1

## പഴയനിയമവും മതഗ്രന്ഥങ്ങളുടെ പഠനവും

❑ ആമുഖം ❑ നിഷേധാത്മക സമീപനം ❑ മദ്ധ്യപൂർവ്വദേശത്തെ മത സാഹിത്യം ❑ കനാന്യ മതഗ്രന്ഥങ്ങൾ ❑ ദൈവസ്വഭാവ പ്രതിഫലനം മത വിശ്വാസികളിൽ ❑ ഭാരത പശ്ചാത്തലത്തിൽ ❑ മറ്റു മതഗ്രന്ഥങ്ങൾ പഠി ക്കേണ്ടതിന്റെ ആവശ്യകത ❑ പഴയനിയമത്തിന്റെ മേന്മ

### 1. ആമുഖം

പുതിയനിയമ സഭയായ ക്രിസ്തീയ സഭയ്ക്ക് പഴയനിയമം ഒഴിച്ചു കൂടാനാവാത്ത ആത്മിക അടിത്തറയാകുന്നു എന്ന് നാം കണ്ടുവല്ലോ (I.1). എന്നാൽ പഴയനിയമം, ഇസ്രായേലിന്റെ മതഗ്രന്ഥമല്ലേ? അവ ഒരേ സ്ഥലത്ത് കിളിത്തുവന്നതിനാൽ പരസ്പരപൂരകം എന്നു കരുതാമെങ്കിലും ഭാരത ക്രിസ്ത്യാനികൾക്കുള്ളതുപോലെ ആത്മിക പ്രചോദനം നൽകുന്ന സാഹിത്യ സമ്പന്നതയുള്ള സ്ഥലങ്ങളിൽ ഇതര മതഗ്രന്ഥങ്ങളോടുള്ള സമീപനം എങ്ങനെയായിരിക്കണം?

### 2. നിഷേധാത്മക സമീപനം

വിശുദ്ധ വേദപുസ്തകം മാത്രമേ സാക്ഷാൽ വിശുദ്ധ ഗ്രന്ഥമുള്ളു വെന്നും മറ്റു മതവിഭാഗങ്ങളുടെ വിശിഷ്ട ഗ്രന്ഥങ്ങളെ തീരെ പഠിക്കേണ്ട ആവശ്യമില്ലെന്നുമുള്ള ധാരണയാണ് ക്രിസ്തീയ പണ്ഡിതന്മാരുടെ ഇട യിൽ നിലവിലിരുന്നത്. ഈ അവഗണനാ മനോഭാവത്തിനും നിഷേധാ ത്മകമായ സമീപനത്തിനും 20-ാം നൂറ്റാണ്ടിൽ കാതലായ മാറ്റം ഉണ്ടായി ട്ടുണ്ട്. ഇതര മതഗ്രന്ഥങ്ങളിലും ദൈവിക വെളിപ്പാടിന്റെ അമൂല്യ സാക്ഷ്യവും ചരിത്രവും അടങ്ങിയിരിക്കുന്നുവെന്ന യാഥാർത്ഥ്യം അംഗീ കരിച്ചു തുടങ്ങിയിട്ടുണ്ട്.

### 3. പുരാതന പശ്ചിമേഷ്യയിലെ മതസാഹിത്യം

പുരാതന പശ്ചിമേഷ്യയിൽ നിന്നും ലഭ്യമായ മതസാഹിത്യം പഴയ നിയമത്തിലെ പല ചിന്തകളുടെയും, സംഘടനകളുടെയും, സംഘർഷ

ങ്ങളുടെയും പശ്ചാത്തലം ഗ്രഹിക്കുവാൻ സഹായകമാണ്. ഇന്നു ഗൗരവമല്ലെന്നു തോന്നുന്ന പല ഘടകങ്ങളും അന്നു വളരെ പ്രാധാന്യം അർഹിക്കുന്ന വിഷയങ്ങളായിരുന്നു. മറ്റു മതവിഭാഗങ്ങളുടെ ആരാധനയുമായി സമ്പർക്കത്തിനോ സഹവർത്വത്തിനോ മുതിരുന്നവൻ മൗലികമായ പലതും ഉപേക്ഷിക്കേണ്ടിവരുമെന്നും കാതലായ പലതിനെയും ബലികഴിക്കേണ്ടി വരുമെന്നും ഏലിയുടെ കാലത്തു നിലനിന്നിരുന്ന യഹോവ വിശ്വാസം വെളിച്ചം നൽകുന്നു.

### 4. കനാന്യ മതഗ്രന്ഥങ്ങൾ

പുരാവസ്തു ഗവേഷണം മൂലം പുരാതന പശ്ചിമേഷ്യയിലെ മതഗ്രന്ഥങ്ങൾ പലതും പഠിക്കുന്നതിനും, അതിന്റെ മഹത്വം കണ്ടെത്തുന്നതിനും പണ്ഡിതന്മാർക്കു സാധിച്ചിട്ടുണ്ട്. ചില ആചാരങ്ങൾക്കും ആരാധനാരീതിക്കും തത്തുല്യമായതും, സമാന്തരമായതുമായ ചിത്രീകരണങ്ങൾ ഇസ്രായേലിന്റെ അയൽക്കാരുടെ മതസാഹിത്യത്തിൽ കാണാം. ഉദാ. അന്നത്തെ ആരാധനയുടെ അവിഭാജ്യഘടകമായിരുന്നു യാഗങ്ങൾ. ബാബിലോണ്യമതത്തിലും, കനാന്യമതത്തിലും, ബലിയർപ്പണവും യാഗവസ്തുവിനെ കൈകാര്യം ചെയ്യുന്ന വിധവും, പുരോഹിതന്മാരുടെ പ്രാധാന്യവും കാണാം. യാഗത്തെ സംബന്ധിച്ചു പലതിലും യോജിപ്പുണ്ടെങ്കിലും വ്യത്യസ്തങ്ങളായ ഘടകങ്ങളും പഴയനിയമത്തിൽ പണ്ഡിതന്മാർ കാണുന്നുണ്ട്. യാഗം അതിൽതന്നെ പൂർണ്ണം എന്നതിനേക്കാൾ ആന്തരിക ശുദ്ധിക്കാണ് പഴയനിയമം പ്രാധാന്യം കൊടുക്കുന്നത്. അക്രമത്തിലും അനീതിയിലും ജീവിക്കുന്നവർക്കു യാഗങ്ങൾ നടത്തി ദൈവത്തെ പ്രീതിപ്പെടുത്തുവാൻ സാധ്യമല്ല. യഹോവയുമായുള്ള യഥാർത്ഥമായ ആന്തരിക ബന്ധത്തിൽ നിന്ന് ഉരുത്തിരിഞ്ഞതായിരിക്കണം യാഗാർപ്പണം. യാഗം കഴിക്കുന്നവൻ പ്രഥമമായി ദൈവത്തിങ്കലേക്കു തിരിഞ്ഞു ദൈവികബന്ധം നേരെയാക്കണമെന്ന പ്രധാന ചിന്ത പഴയനിയമത്തിൽ കാണാം.

### 5. ദൈവസ്വഭാവ പ്രതിഫലനം മതവിശ്വാസികളിൽ

ദൈവത്തിൽ വിശ്വസിക്കുന്നവർ ദൈവസ്വഭാവത്തിനു അനുരൂപമായി ജീവിക്കണമെന്നുള്ള സംഗതി ഇസ്രായേൽ മതത്തിന്റെ ഒരു പ്രത്യേകതയാണ്. നീതിമാനായ ദൈവം നീതി പ്രവർത്തിക്കുന്നതും, നീതിയെ മാനിക്കുന്നതും, അംഗീകരിക്കുന്നതുമായ ഒരു സമൂഹത്തെയാണ് ആഗ്രഹിക്കുന്നത്. ദൈവത്തിന്റെ നീതി എന്നതു ന്യായം എന്നതിനേക്കാൾ ദൈവത്തിന്റെ സ്നേഹ ഉടമ്പടിയിൽ അധിഷ്ഠിതമായ ബന്ധമാണ്.

### 6. ഭാരതപശ്ചാത്തലത്തിൽ

ഭാരതപശ്ചാത്തലത്തിൽ മറ്റു മതഗ്രന്ഥങ്ങളുമായി താരതമ്യപഠനം നട

ത്തുമ്പോൾ വളരെയധികം സൂക്ഷ്മതയും ശ്രദ്ധയും ആവശ്യമാണ്. ഹിന്ദു മതഗ്രന്ഥങ്ങൾക്കോ, ഇസ്ലാം വിശുദ്ധഗ്രന്ഥമായ ഖുറാനോ, പഴയ നിയമരംഗത്തു കൈവന്നിട്ടുള്ള ചരിത്രപരമായ നിരൂപണപഠനം ലഭിച്ചിട്ടില്ല. തന്മൂലം യഥാർത്ഥ മൂലപാഠം അറിയുന്നതിനോ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ ഓരോ ഭാഗത്തിന്റേയും അർത്ഥം ഗ്രഹിക്കുന്നതിനോ ഉള്ള ശ്രമം ഉണ്ടായിട്ടില്ല. ഈ വസ്തുത താരതമ്യ പഠനത്തിന് ഒരു വലിയ പ്രതിബന്ധമാണ്. വി. പുസ്തകത്തിലെ ഉദ്ധരണികൾ, യഥാർത്ഥ പശ്ചാത്തലത്തിൽ നിന്നു വിടർത്തി ഉപയോഗിക്കുമ്പോൾ അർത്ഥവ്യത്യാസവും ആശയക്കുഴപ്പവും ഉണ്ടാകും.

### 7. മറ്റു മതഗ്രന്ഥങ്ങൾ പഠിക്കേണ്ടതിന്റെ ആവശ്യകത

ആധുനിക യുഗത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന രീതിയിൽ വളർന്നു വന്നിട്ടുള്ള പഠനരീതിയാണ് മതസംവാദം. ഒരു മതവിഭാഗം ഇതര മതവിഭാഗത്തെ വാദമുഖങ്ങൾകൊണ്ടു കീഴടക്കുക എന്നതല്ല അതുകൊണ്ടു വിവക്ഷിക്കുന്നത്. പരസ്പരം മനസ്സിലാക്കുവാനും ആദരിക്കുവാനും അംഗീകരിക്കുവാനും ഈ സംരംഭം സഹായിക്കുന്നു. വിവിധ മതഗ്രന്ഥങ്ങളുടെ നിധികളായ ഗ്രന്ഥങ്ങൾ തുറന്ന മനസ്സോടെ പഠിക്കുക, സ്വീകരണയോഗ്യമായത് അംഗീകരിക്കുക. പരസ്പരം പ്രകാശം നൽകുന്നതും ഉൾക്കാഴ്ച നൽകുന്നതുമായ ഈ ഉദ്യമം ഓരോ ഗ്രന്ഥത്തിന്റെയും മഹത്വം കാണുവാനും ദൈവത്തിന്റെ വെളിപ്പാടു വിവിധ മാർഗ്ഗങ്ങളിൽക്കൂടി പരിവർത്തിക്കുന്നത് ഗ്രഹിക്കുവാനും സഹായിക്കും.

### 8. പഴയനിയമത്തിന്റെ മേന്മ

മറ്റു വിശുദ്ധ മതഗ്രന്ഥങ്ങൾക്കുള്ളതിനേക്കാൾ ശ്രേഷ്ഠമായ സ്ഥാനം പഴയനിയമത്തിനുണ്ട് എന്നുള്ളതു മാനുഷികമായ അവകാശവാദമല്ല. ദൈവികമായ വെളിപ്പാടാണ് ഇതു സാക്ഷിക്കുന്നത്. ആ ദൈവികശക്തി ഇന്നും പ്രവർത്തിക്കുകയും യേശുക്രിസ്തുവിൽ പ്രത്യക്ഷപ്പെട്ട ദൈവസ്വഭാവത്തിന്റെ മഹത്വത്തിലേക്കു നയിക്കുകയും ചെയ്യുന്നു. ചരിത്രപരമായ സംഭവങ്ങളിൽക്കൂടി ദൈവം തന്റെ ഹിതം വെളിപ്പെടുത്തിയെന്ന പഴയനിയമ സാക്ഷ്യത്തിന് അതുല്യമായ സ്ഥാനം ഉണ്ട്.

### ചോദ്യങ്ങൾ

1. മറ്റു മതഗ്രന്ഥങ്ങൾ പഠിക്കേണ്ടതിന്റെ ആവശ്യം വിവരിക്കുക.
2. പഴയനിയമത്തിന്റെ പ്രത്യേകതകൾ വിവരിക്കുക.
3. പുരാണേതിഹാസങ്ങളിലും വി. ബൈബിളിലും കാണുന്ന സൃഷ്ടി വിവരണങ്ങൾ താരതമ്യം ചെയ്യുക.

## പാഠം 2

# പഴയനിയമവും ക്രിസ്തീയാരാധനയും

❑ വി. കുർബാനയും വേദപുസ്തകവും ❑ പഴയനിയമവായനയും ആരാധനയും ❑ വി. കുർബാന യാഗമാകുന്നു ❑ വി. കുർബാനയും പ്രതീകാത്മക പ്രവർത്തനങ്ങളും ❑ വി. കുർബാനയും ആത്മീയസന്തോഷവും

സിന്നഗോഗ് ആരാധനയും, നമ്മുടെ കർത്താവു പഠിപ്പിച്ച് സ്ഥാപിച്ച തിരുവത്താഴ കർമ്മവും സംയോജിപ്പിച്ചു കാലക്രമത്തിൽ സഭ വളർത്തിയെടുത്തതാണു ക്രിസ്തീയസഭയുടെ വിശുദ്ധ കുർബാന. നൂറ്റാണ്ടുകളുടെ ചരിത്രം അതിൽ പ്രതിഫലിച്ചു കാണുന്നു. ദൈവവചന ഘോഷണത്തിന് അതിൽ പ്രമുഖമായ സ്ഥാനമുണ്ട്. കൂടാതെ, ആണ്ടടക്കമുള്ള പെരുന്നാളുകളിലെ പ്രാർത്ഥനകൾ, പ്രുമിയോൻ, സെദറാ, എത്ത്റോ, സ്ലൂസൊ, ഗാനങ്ങൾ എന്നിവയിലെല്ലാം പ്രത്യക്ഷമായോ, പരോക്ഷമായോ വേദപുസ്തകത്തിലെ ആശയങ്ങൾ ഉൾക്കൊള്ളുകയോ സ്വാംശീകരിക്കുകയോ ചെയ്തിട്ടുണ്ട്.

### 1. വി. കുർബാനയും വേദപുസ്തകവും

വി. വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ കർത്താവിന്റെ രക്ഷാകരമായ ഓരോ പ്രവർത്തനത്തെയും വി. കുർബാനയിൽ പരാമർശിച്ചിരിക്കുന്നത്. ദൈവം മുൻകൂട്ടി കണ്ടു നിയോഗിച്ചതും, നിയമിച്ചതുമായ ആചാരങ്ങളുടെയും കർമ്മങ്ങളുടെയും സമാഹാരമായിട്ടാണു വിവിധ ഭാഗങ്ങളെ ആരാധനയിൽ കോർത്തിണക്കിയിരിക്കുന്നത്. എല്ലാത്തിന്റെയും ഉടയവനും നിർമ്മാതാവും പരിപാലകനും രക്ഷിതാവും ദൈവം തന്നെയാണെന്നുള്ള യാഥാർത്ഥ്യമാണ് ദൈവസ്തുതിക്കും സ്തോത്രത്തിനും പുകഴ്ചക്കും ആരാധനയിൽ മുൻതൂക്കം നൽകുന്നത്.

### 2. പഴയനിയമ വായനയും ആരാധനയും

പഴയനിയമ വായനകൾ ഇല്ലാത്ത ശുശ്രൂഷകൾ മലങ്കര ഓർത്തഡോക്സ് സഭയിൽ ഇല്ലായെന്നു തന്നെ പറയാം. വി. കുർബാനയിലെ പല ഭാഗങ്ങളിലും പഴയനിയമത്തിൽ നിന്നുള്ള പല ഉദ്ധരണികളും, ആശയങ്ങളും കാണാം. തൂയോബൊ (ഒരുക്കത്തിന്റെ ശുശ്രൂഷ) യുടെ ഭാഗത്തും, വിശുദ്ധ കുർബാനയുടെ മധ്യഭാഗത്തും, വി. കുർബാന അനുഭവം കഴിഞ്ഞുള്ള ഭാഗങ്ങളിലും പൂർണ്ണമായോ ഭാഗികമായോ ഉള്ള പഴയനിയമ പരാമർശങ്ങൾ കാണാവുന്നതാണ്. സങ്കീർത്തനം 43:4, 118:27, 36:9, 116:13–14, 51:6, 93, യെശയ്യാ 53:7 എന്നിവ ഒരുക്കത്തിന്റെ ഭാഗത്തു കാണുന്നു. വി. കുർബാനയുടെ കേന്ദ്രഭാഗത്തു സങ്കീർത്തനം 103:10, 25:7, 143:2 എന്നിവ

ഉദ്ധരിക്കപ്പെടുന്നു. വി. കുർബാന അനുഭവത്തിനു ശേഷമുള്ള ഭാഗത്തു സങ്കീ. 23:1, 26:2, 29:3 എന്നിവ ഉപയോഗിക്കുന്നു.

## 3. വി. കുർബാന യാഗമാകുന്നു

വി. കുർബാനയെ യാഗമായി വി. സഭ പരാമർശിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അക്ഷരാർത്ഥത്തിൽ അല്ല യാഗം എന്ന പദം കാണേണ്ടത്. സ്തുതി, സ്തോത്രം, പാപപരിഹാരം എന്നീ ആശയങ്ങൾ ഉൾക്കൊള്ളുന്ന യാഗത്തിന്റെ പ്രാധാന്യം എന്താണെന്നും അതുകൊണ്ടു വിവക്ഷിക്കുന്ന ഉദ്ദേശ്യം എന്താണെന്നും ഗ്രഹിക്കുവാൻ പഴയനിയമ പഠനം അനിവാര്യമാണ്. വി. കുർബാനയുടെ പ്രത്യേകത ചൂണ്ടിക്കാണിക്കുവാൻ ഉപയോഗിക്കുന്ന സവിശേഷതകൾ പഴയനിയമ യാഗങ്ങളുമായി അടുത്ത ബന്ധം ഉള്ളതിന്റെ തെളിവുകളാണ്. ഉദാഹരണമായി വി. കുർബാന മൃഗരക്തരഹിതയാഗമാണ്. വി. കുർബാന ആത്മീക യാഗമാണ്. വി. കുർബാന അംഗീകരിക്കപ്പെട്ട യാഗമാണ്. വി. കുർബാന ജീവനുള്ള യാഗമാണ്. വി. കുർബാന അനുസ്മരണ പ്രക്രിയയാണ് എന്നിവ. വി. കുർബാനയിൽ പരാമർശിക്കപ്പെടുന്ന യാഗങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ, എങ്ങനെ പ്രവാചകന്മാർ യാഗത്തെ കണ്ടുവെന്നും, എങ്ങനെ സങ്കീർത്തനങ്ങളിൽ അവ വിലയിരുത്തപ്പെട്ടുവെന്നും, നമ്മുടെ കർത്താവിന്റെ സമീപനം യാഗങ്ങളെക്കുറിച്ച് എന്തായിരുന്നുവെന്നും, പുതിയനിയമത്തിൽ അവ എങ്ങനെ വ്യാഖ്യാനിക്കപ്പെട്ടുവെന്നും ഗ്രഹിക്കുന്നതിനു സഹായകമാണ്.

## 4. വി. കുർബാനയും പ്രതീകാത്മക പ്രവർത്തനങ്ങളും

വി. കുർബാനയിൽ വളരെയധികം പ്രാധാന്യം ഉള്ള ഒരു ഭാഗമാണ് സമാധാനത്തിന്റെ ചുംബനം. പരസ്പരം നിരപ്പാകണം എന്ന വസ്തുത, യാഗാർപ്പണത്തിനുള്ള വ്യവസ്ഥ ആയി നമ്മുടെ കർത്താവു ചൂണ്ടിക്കാണിക്കുന്നു.

പ്രതീകാത്മക പ്രവർത്തനങ്ങൾ പലതും പ്രവാചക പുസ്തകങ്ങളിൽ കാണാം (യെശയ്യാ 20:2; യെറമിയ 19:10; 28:10; ഹസ്ക്കീയേൽ 4:3). നമ്മുടെ കർത്താവ് 'ഇത് എന്റെ ശരീരം' എന്ന് അപ്പം എടുത്ത് വാഴ്ത്തി അരുളിച്ചെയ്തത് ഒരു പ്രതീകാത്മക പ്രവൃത്തി മാത്രമല്ല, യാഥാർത്ഥ്യ പ്രതീകാത്മക പ്രവൃത്തിയാണ് (വി. മത്തായി 26:26; വി. മർക്കോസ് 14:12, 22; വി. ലൂക്കോസ് 22:19). ഒന്ന് വേറൊന്നിനെ പ്രതിനിധീകരിക്കുന്ന രീതിയിൽ മാത്രമല്ല, പ്രതിനിധീകരിക്കുന്ന യാഥാർത്ഥ്യത്തിലേക്കും, അതിന്റെ രക്ഷാകരമായ അനുഭവത്തിലേക്കും പ്രവേശിക്കുവാൻ മുഖാന്തിരമായി പരിവർത്തിക്കുന്ന പ്രക്രിയയായിട്ട് അതിനെ കണക്കാക്കി. നമ്മുടെ കർത്താവു വിവക്ഷിച്ച പ്രതീകാത്മക പ്രവൃത്തിയുടെ പൂർത്തീകരണം സാധിക്കുന്നതു

ക്രൂശിൽ ആണികളാൽ തറയ്ക്കപ്പെട്ട അവസരത്തിലാണ്.

'ഇതാകുന്നു അനേകരുടെ പാപമോചനത്തിനായി ചൊരിയപ്പെടുന്ന എന്റെ പുതിയനിയമരക്തം' (വി. മത്തായി 26:28). അതിൽ പുതിയനിയമത്തിന്റെ രക്തം എന്നതു സീനായിൽ വച്ചു സ്ഥാപിച്ച ഉടമ്പടിയിലേക്കു വിരൽ ചൂണ്ടുന്നു. 'പുതിയനിയമം' എന്നതു യെരമിയയുടെ പ്രവചനത്തിൽ കാണുന്ന പുതിയ ഉടമ്പടിയെ പരാമർശിച്ചുള്ളതാണ്. ഏത് ഉദ്ദേശ്യത്തിൽ സീനായ് ഉടമ്പടി സ്ഥാപിച്ചുവോ ആ ലക്ഷ്യം നിറവേറ്റുന്നതിനു വേണ്ടിയാണു പുതിയ ഉടമ്പടി രൂപം പ്രാപിച്ചത്. ആരാധനയിൽ പ്രമുഖ സ്ഥാനമുള്ള പുതിയ ഉടമ്പടിയുടെ പ്രാധാന്യം ഗ്രഹിക്കുവാൻ പഴയനിയമപഠനം വളരെ സഹായകമാണ്.

## 5. വി. കുർബാനയും ആത്മീയ സന്തോഷവും

പ്രവാസത്തിനു മുമ്പുള്ള, ഇസ്രായേൽക്കാരുടെ ആരാധനയുടെ ഒരു പ്രത്യേകതയായിരുന്നു സന്തോഷം. ദൈവതിരുമുമ്പാകെ ഒരുമിച്ചു കൂടുന്ന അവസരങ്ങൾ ആഹ്ലാദത്തിന്റെയും സന്തോഷത്തിന്റെയും സന്ദർഭങ്ങളായിരുന്നു. പ്രവാസത്തിനു ശേഷം യാഗങ്ങളുടെ എണ്ണം വർദ്ധിച്ചപ്പോൾ, യാഗങ്ങൾ അർപ്പിക്കുന്നതിന്റെ ചെറിയ, ചെറിയ ആചാരാവശ്യങ്ങൾക്കു അമിതമായ പ്രാധാന്യം നൽകി യഥാർത്ഥ സന്തോഷത്തിന്റെയും, ആത്മനിർവൃതിയുടേയും പ്രാധാന്യം പുറന്തള്ളപ്പെട്ടുപോയി. ക്രിസ്തീയ ആരാധന, അവഗണിക്കപ്പെട്ട ഘടകമായ സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും ആത്മാവിനെ വീണ്ടെടുക്കുന്നതിലും, സുപ്രധാനമായ സ്ഥാനം കൊടുക്കുന്നതിലും വിജയിച്ചു. വി. കുർബാനയിലെ വിവിധ ഘടകങ്ങളെയും അവയുടെ പ്രത്യേകതകളെയും മനസ്സിലാക്കുവാൻ പഴയനിയമപഠനം സഹായകമാണ്.

### ചോദ്യങ്ങൾ

1. വി. കുർബാന 'അനുഗ്രഹവും സമാധാനവും ബലിയും സ്തോത്രവും ആകുന്നു' എന്നു പറയുന്നത് എങ്ങനെ വിശദീകരിക്കാം?
2. വിശുദ്ധ കുർബാനയിൽ പഴയനിയമ ഗ്രന്ഥങ്ങളുടെയും ചിന്തകളുടെയും സ്വാധീനം എത്രമാത്രമാണെന്നു കണ്ടുപിടിക്കുക?

## പാഠം 3

# പഴയനിയമവും നീതിശാസ്ത്രവും

❑ നീതിശാസ്ത്രത്തിന്റെ ആവശ്യം ❑ പഴയനിയമ ധർമ്മശാസ്ത്രത്തിന്റെ അടിസ്ഥാനം ❑ പത്തുകല്പനകൾ ❑ പ്രവാചകന്മാരും ധാർമ്മിക പ്രമാണങ്ങളും ❑ ബി. സി. 8-ാം നൂറ്റാണ്ടിലെ പ്രവാചകർ ❑ യാഗങ്ങളും ധാർമ്മിക പ്രമാണങ്ങളും ❑ സമൂഹത്തിലെ ബലഹീനരോടുള്ള പെരുമാറ്റം ❑ കീഴടക്കിയ ജാതികളോടുള്ള ക്രൂരത ❑ അന്യമതസ്ഥരോടുള്ള ഭിന്നമായ സമീപനം ❑ ഉന്നതമായ ധാർമ്മിക നിലവാരം ❑ എല്ലാവർക്കും ഒരളവുകോൽ

### 1. നീതിശാസ്ത്രത്തിന്റെ ആവശ്യം

ഓരോ മതത്തിനും അതിന്റേതായ നീതിശാസ്ത്രം ഉണ്ട്. സമകാലീന പ്രശ്നങ്ങളെ ദൈവശാസ്ത്ര വെളിച്ചത്തിൽ വിലയിരുത്തുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും അതു സഹായിക്കുന്നു. വിവിധ സാഹചര്യങ്ങൾ വിവിധ പ്രശ്നങ്ങളെ സൃഷ്ടിക്കുന്നു. ഏതെങ്കിലും വിഷയത്തെക്കുറിച്ചു തെറ്റോ ശരിയോ എന്ന ചോദ്യം ഉയർന്നുവരുമ്പോൾ വേദപ്രമാണങ്ങളെ വ്യാഖ്യാനിച്ച് ഉപദേശം നൽകുക എന്നതാണ് നീതിശാസ്ത്ര വക്താക്കളുടെ കർത്തവ്യം. ഇസ്രായേൽ വിവിധ ഘട്ടങ്ങളിൽ അഭിമുഖീകരിച്ച സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ചും വ്യക്തിപരമായ ആവശ്യങ്ങളെക്കുറിച്ചും അവയെ നേരിട്ട വിവിധ മാർഗ്ഗങ്ങളെക്കുറിച്ചുമുള്ള പരാമർശം പഴയനിയമത്തിൽ അങ്ങിങ്ങായി കാണാവുന്നതാണ്.

### 2. പഴയനിയമ ധർമ്മശാസ്ത്രത്തിന്റെ അടിസ്ഥാനം

'ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിപ്പിൻ' (ലേവ്യ 11:44, 19:2) എന്നതാണു പഴയനിയമ ധർമ്മശാസ്ത്രത്തിന്റെ അടിസ്ഥാനം. ദൈവസ്വഭാവത്തിന് അനുരൂപമായി ജീവിക്കയാണു വിളിക്കപ്പെട്ട ജനത്തിന്റെ കർത്തവ്യം. സ്നേഹ ഉടമ്പടിയാൽ ബന്ധിക്കപ്പെട്ട ജനത്തെ ശത്രുക്കളിൽ നിന്നും, ക്ഷാമത്തിൽ നിന്നും, പ്രകൃതിയുടെ ക്ഷോഭത്തിൽ നിന്നും രക്ഷിക്കേണ്ട ചുമതല ദൈവത്തിന്റേതായിരുന്നു.

സ്നേഹവാനായ ദൈവം വിളിക്കപ്പെട്ട ജനത്തിൽ നിന്നു ചില പ്രധാന കാര്യങ്ങൾ പ്രതീക്ഷിക്കുന്നു. നിബന്ധനകളും ചട്ടങ്ങളും അനുസരിച്ചു ജീവിക്കുക എന്നതിനേക്കാൾ ഉപരിയായി, നീതിക്കും സത്യത്തിനും വിശുദ്ധിക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സാമൂഹ്യജീവിതം ദൈവത്തിന്റെ ദിവ്യസ്നേഹത്തോടുള്ള പ്രതികരണമാണ്. കൂടാതെ വിശുദ്ധിയിൽ ജീവിക്കുവാൻ സഹായിക്കുന്ന ആരാധനാക്രമം ദൈവം ഇസ്രായേ

ലിനു നൽകി. ജീവനും അനുഗ്രഹവും പ്രാപിക്കുവാൻ സഹായിക്കുന്ന വഴിയും അവർക്കു കാണിച്ചുകൊടുത്തു.

### 3. പത്തു കല്പനകൾ

മേൽ പ്രസ്താവിച്ച പശ്ചാത്തലത്തിൽ വേണം പത്തു കല്പനകളെ മനസ്സിലാക്കുവാൻ (പുറ. 20:1 മുതൽ). ആദ്യത്തെ ഭാഗം (1-4 കല്പന കൾ) ദൈവത്തോടുള്ള ബന്ധവും രണ്ടാമത്തെ ഭാഗം (5-10 കല്പനകൾ) മാനുഷികബന്ധവും പരാമർശിക്കുന്നതാണ്. ആദ്യത്തെ വിഭാഗത്തിലെ ഒന്നാം കല്പന യഹോവയോടുള്ള വിധേയത്വം, ഭയഭക്തി എന്നിവയ്ക്ക് ഊന്നൽ കൊടുത്തു പ്രസ്താവിക്കുന്നു. രണ്ടാമത്തെ വിഭാഗം, മനുഷ്യ ജീവനും മനുഷ്യന്റെ അവകാശങ്ങൾക്കും മഹനീയമായ സ്ഥാനം കല്പിച്ചു കൊടുക്കുന്നതാണ്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം, മനുഷ്യനും ദൈവവുമായുള്ള ബന്ധത്തിൽ അധിഷ്ഠിതമാണ്. 10-ാം കല്പന അനുസ്മരിപ്പിക്കുന്ന ഒരു പ്രധാന സംഗതി, എല്ലാ കല്പനകളും അതിന്റെ യഥാർത്ഥ ഉദ്ദേശ്യത്തിൽ ഗ്രഹിക്കണമെന്നതാണ്.

### 4. പ്രവാചകന്മാരും ധാർമ്മിക പ്രമാണങ്ങളും

തെരഞ്ഞെടുക്കപ്പെട്ട ജനം, ദൈവിക ഉടമ്പടിക്കെതിരായി പ്രവർത്തിച്ച അവസരത്തിൽ ദൈവേഷ്ടം വെളിപ്പെടുത്തുന്ന പ്രവാചകന്മാർ രംഗ പ്രവേശം ചെയ്തു. രാജാവായാലും നേതാവായാലും, തെറ്റു തെറ്റാണെന്നു ചൂണ്ടിക്കാണിക്കുവാൻ അവർ മടിച്ചില്ല. രാജാവിന്റെ അപ്രീതിയെന്നോ, പുരോഹിതവൃന്ദത്തിന്റെ എതിർപ്പെന്നോ ഭയപ്പെടാതെ അവർ നീതിക്കു വേണ്ടി ധർമ്മയുദ്ധം നടത്തി. ഊരിയായെ വധിപ്പിച്ച ദാവീദ്, നാബോ ത്തിന്റെ മുന്തിരിത്തോട്ടം കവർന്നെടുത്ത ആഹാബ് എന്നിവർ പ്രവാചക രുടെ നിശിതമായ വിമർശനത്തിനു വിധേയരായി.

### 5. ബി. സി. 8-ാം നൂറ്റാണ്ടിലെ പ്രവാചകന്മാർ

ബി. സി. 8-ാം നൂറ്റാണ്ടിലെ പ്രവാചകനായ ആമോസ്, സമൂഹത്തിലെ ധനവാന്മാരെയും കച്ചവടക്കാരെയും അവരുടെ അധാർമ്മികതയേയും ശക്തമായ ഭാഷയിൽ അപലപിച്ചു. നീതിമാനായ ദൈവം നീതിനിഷ്ഠമായ ജീവിതം ആഗ്രഹിക്കുന്നുവെന്നും, അനീതി പ്രവർത്തിക്കുന്നവർ കടുത്ത ശിക്ഷാവിധി നേരിടുമെന്നും ഉച്ചൈസ്തരം ഉദ്ഘോഷിച്ചു. 8-ാം നൂറ്റാ ണ്ടിലെ പ്രവാചകന്മാരുടെ ചിന്താഗതി മീഖാ സംഗ്രഹിക്കുന്നതിപ്രകാര മാണ്. 'മനുഷ്യാ, നല്ലത് എന്തെന്ന് അവൻ നിനക്കു കാണിച്ചുതന്നിരി ക്കുന്നു. ന്യായം പ്രവർത്തിപ്പാനും ദയാതൽപ്പരനായിരിപ്പാനും നിന്റെ ദൈവ ത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്' (മീഖാ. 6:8). യിസ്രായേലിൽ സമ്പൽ

സമൃദ്ധിയുടെ കാലമായ 8- ാം നൂറ്റാണ്ടിൽ പ്രവചന ശുശ്രൂഷ നടത്തിയ മറ്റു രണ്ടു പ്രവാചകന്മാർ ഹോശയായും യെശയ്യാവും (യെശ. 1–39) ആണ്.

### 6. യാഗങ്ങളും ധാർമ്മികപ്രമാണങ്ങളും

ബി. സി. 8–ാം നൂറ്റാണ്ടിലെ പ്രവചനങ്ങൾ വായിക്കുമ്പോൾ, യാഗങ്ങളോടുള്ള നിഷേധാത്മക സമീപനം എന്നു തോന്നിക്കുന്ന ഭാഗങ്ങൾ പലതും കാണുവാൻ സാധിക്കും (ആമോസ് 5:21–22, യെശയ്യാ 1:11). പ്രവാചകന്മാരായ ആമോസ്, യെശയ്യാ എന്നിവർ യാഗപീഠങ്ങളുമായി ബന്ധം പുലർത്തിയിരുന്നവരാണ്. എന്നാൽ അവർ എതിർത്തതു യാഗങ്ങളെയല്ല; പിന്നെയോ ഏതൊരുവിധത്തിലുള്ള അധർമ്മജീവിതം നയിച്ചാലും യാഗങ്ങൾ കഴിച്ചു ദൈവപ്രീതി നേടാമെന്ന തെറ്റായ ചിന്താഗതിയെയാണ്. യാഗങ്ങൾ അംഗീകരിക്കണമെങ്കിൽ ആദ്യമായി, അർപ്പിക്കുന്നയാൾ യഹോവയുമായുള്ള ബന്ധം നേരെയാക്കണം. യഥാർത്ഥയാഗം എന്നതു, ദൈവവുമായുള്ള ആന്തരികബന്ധത്തിൽ നിന്ന് ഉത്ഭവിക്കുന്ന സ്തോത്രത്തിന്റെയും നന്ദിയുടെയും പാപപരിഹാരത്തിന്റെയും പ്രത്യക്ഷകർമ്മമായിരിക്കണം.

### 7. സമൂഹത്തിലെ ബലഹീനരോടുള്ള പെരുമാറ്റം

വികലാംഗരോടും, അനാഥരോടും, വിധവകളോടും, ദരിദ്രന്മാരോടും പ്രത്യേകം കരുതലും ആർദ്രതയും കാണിക്കുവാൻ അനുശാസിക്കുന്ന നിയമങ്ങൾ പഴയനിയമത്തിൽ കാണുന്നു (ലേവ്യ 19:14; ആവ. 10:18–19, 15:11–18; 24:17; ലേവ്യ 23:22). യിസ്രായേൽ ഒരു കാലത്തു ദരിദ്രരും (ആവ. 15:15), ഊടാടി സഞ്ചരിക്കുന്നവരും അടിമകളും ആയിരുന്നു. യഹോവയാണ് അവർക്കു ദേശവും അതിലെ സമ്പത്തും നല്കിയത് (ആവ. 7:8; 26:5). അതിന്റെ നന്ദി നിറഞ്ഞ സ്മരണയെന്നോണം ദുർബലവിഭാഗങ്ങൾക്കു താങ്ങും തണലും നല്കുവാൻ നിയമങ്ങൾ അനുശാസിക്കുന്നു.

### 8. കീഴടക്കിയ ജാതികളോടുള്ള ക്രൂരത

കീഴടക്കിയ ജാതികളെ സമൂലം നിഗ്രഹിക്കുന്നതിൽ അവർ സ്വീകരിച്ച തീക്ഷ്ണതയും രീതിയും ഇരുപതാം നൂറ്റാണ്ടിലെ മനുഷ്യന്റെ വീക്ഷണത്തിൽ കടുത്ത ക്രൂരതയായി കണ്ടേക്കാം. അന്നത്തെ പശ്ചാത്തലത്തിൽ അതിനു ഭിന്നമായ അർത്ഥവും പ്രാധാന്യവും ഉണ്ട്. യുദ്ധം എന്നത് യിസ്രായേലിനെ സംബന്ധിച്ചിടത്തോളം വിശുദ്ധ യുദ്ധമായിരുന്നു. യുദ്ധത്തിന്റെ വിജയം യഹോവയുടെ വിജയമായിരുന്നു. യുദ്ധത്തിൽ പങ്കെടുക്കുന്നവർ ചില വ്രതങ്ങളും നിഷ്ഠകളും അനുവർത്തിക്കേണ്ടിയിരുന്നു. യുദ്ധത്തിൽ നിന്നു ലഭിച്ച സർവ്വവും ദൈവത്തിനായി സമർപ്പിക്കേണ്ടതും യിസ്രായേൽക്കാരുടെ കടമയായിരുന്നു. ഈ നിബന്ധനയെ ലംഘിച്ചതു മൂലമാണ്

ഹായ് എന്ന സ്ഥലത്തു വച്ച് പോരാട്ടത്തിൽ തോൽവി ഭവിക്കുന്നതും തോൽവിക്കു കാരണക്കാരനായ ആഖാനെയും കുടുംബത്തെയും നിഗ്രഹിക്കുന്നതും (യോശുവ 7).

### 9. അന്യ മതസ്ഥരോടുള്ള ക്രൂരത

ജൂബിലിവർഷം കടം ഇളച്ചുകൊടുക്കുക എന്നതു യിസ്രായേൽക്കാരുടെ ഇടയിൽ നിലനിന്നിരുന്ന രീതിയായിരുന്നു. എന്നാൽ പുറജാതിക്കാരന് ഈ ആനുകൂല്യം അനുവദിച്ചിരുന്നില്ല (ആവ. 15:3). പലിശ യിസ്രായേൽക്കാരോടു വാങ്ങിക്കുവാൻ അനുവാദമില്ലെങ്കിലും പുറജാതിക്കാരോടു വാങ്ങിക്കുന്നതിൽ തെറ്റില്ലായിരുന്നു (ആവ. 23:20). താനെ ചത്ത മൃഗങ്ങളെ തിന്നുന്നതിനെ യിസ്രായേൽക്കാരെ വിലക്കിയിരുന്നു. യിസ്രായേൽക്കാർ അല്ലാത്തവന് അതു വിൽക്കുവാൻ നിയമം അനുവദിച്ചിരുന്നു (ആവ. 14:21).

### 10. ഉന്നതമായ ധാർമ്മിക നിലവാരം

മറ്റുള്ള അയൽവാസികളുമായി താരതമ്യപ്പെടുത്തുമ്പോൾ യിസ്രായേൽക്കാർ, കണ്ണിനു പകരം കണ്ണ് എന്നു മാത്രമുള്ള ശിക്ഷാരീതിയാണു സ്വീകരിച്ചിരുന്നത്. എതിർക്കുന്നവനെയും ശണ്ഠ ഉണ്ടാക്കുന്നവനെയും പരിപൂർണ്ണമായി വകവരുത്തുക എന്ന സമീപനമാണ് യിസ്രായേലിന്റെ അയൽക്കാർക്ക് ഉണ്ടായിരുന്നത്. അതിൽ നിന്നു ഭിന്നമായ വിധത്തിൽ തുല്യശിക്ഷ പ്രതികാരമായി നല്കുകയെന്ന സമ്പ്രദായം യിസ്രായേൽ സ്വീകരിച്ചു.

### 11. എല്ലാവർക്കും ഒരളവുകോൽ

സമൂഹത്തിലെ മേൽതട്ടിൽ ഉള്ളവനോ, താഴ്ന്ന നിലയിൽ ഉള്ളവനോ എന്ന പരിഗണന കൂടാതെ തെറ്റു ചെയ്യുന്നവർക്കെല്ലാം ശിക്ഷ നല്കുവാൻ യിസ്രായേൽ നീതിശാസ്ത്രം അനുശാസിച്ചു. അയൽക്കാരായ മറ്റു ജാതികളുടെ രീതി ഭിന്നമായിരുന്നു. ചെറിയവൻ വലിയവനോട് അപരാധം ചെയ്താൽ വലിയ ശിക്ഷയും മറിച്ചായാൽ ചെറിയ ശിക്ഷയും നല്കുന്ന രീതി നിലവിലുണ്ടായിരുന്നു. ദൈവം നീതിമാനായതുകൊണ്ട് എല്ലാവർക്കും ഒരേ രീതിയിലുള്ള നീതി നിർവ്വഹണമാണ് യിസ്രായേലിൽ നിർദ്ദേശിച്ചിരുന്നത്.

### ചോദ്യങ്ങൾ

1. യിസ്രായേലിന്റെ ധാർമ്മിക പ്രമാണങ്ങളുടെ അടിസ്ഥാനം എന്ത്?
2. യിസ്രായേലിന്റെ ധർമ്മശാസ്ത്രത്തിന്റെ പ്രത്യേകതകൾ ഏവ?
3. ക്രിസ്തീയ ധർമ്മശാസ്ത്രം ഏതെല്ലാം വിധത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു?

## പാഠം 4

# പഴയനിയമവും ദൈവശാസ്ത്രവും

❑ യഹോവയുടെ ദിവസം ❑ പ്രവാചകന്മാരും യഹോവയുടെ ദിവസവും ❑ പ്രവാസവും മിശിഹായുടെ രാജ്യവും ❑ പ്രവാസത്തിനു ശേഷം ❑ ദൈവത്തിന്റെ ആധിപത്യം യാഥാർത്ഥ്യമോ?

'ദൈവരാജ്യം' എന്ന പദപ്രയോഗം പഴയനിയമത്തിൽ കാണുന്നില്ലെങ്കിലും 'ദൈവരാജ്യം' എന്ന ആശയം പഴയനിയമ പുസ്തകങ്ങളിൽ പ്രമുഖമായ സ്ഥാനം വഹിക്കുന്നു. യഹോവയുടെ നിത്യമായ വാഴ്ചയെക്കുറിച്ചു പുറപ്പാടു പുസ്തകത്തിൽ ഇപ്രകാരം കാണുന്നു: 'യഹോവ എന്നും എന്നേക്കും രാജാവായി വാഴും' (പുറ. 15:18). ദൈവം ആധിപത്യം വഹിക്കുന്നതും ന്യായപ്രമാണം അനുസരിച്ചു ജീവിക്കുന്നവർക്കു അവകാശമായി നല്കുന്നതുമായ ഭൗതികരാജ്യത്തെക്കുറിച്ചും അതിലെ സമൃദ്ധിയെക്കുറിച്ചുമുള്ള ചിന്തയാണു പഴയനിയമത്തിലെ പല പുസ്തകങ്ങളിലും കാണുന്നത്.

### 1. യഹോവയുടെ ദിവസം

'ദൈവരാജ്യചിന്ത'യുടെ ആദ്യത്തെ പടി 'യഹോവയുടെ ദിവസം' എന്നതാണ്. ഇസ്രായേലിനെ സംയോജിപ്പിച്ചു ശത്രുക്കൾക്കെതിരായി സംഘടിപ്പിച്ചു നിർത്തി, വിജയം വരിക്കുന്ന അനുഭവമാണ് അതോടനുബന്ധിച്ച് വിഭാവനം ചെയ്തിരുന്നത്. യാഗങ്ങളും, മതപരമായ അനുഷ്ഠാനങ്ങളും അതിലേക്ക് ഇസ്രായേൽക്കാരെ ഒരുക്കുന്നതായിരുന്നു.

### 2. പ്രവാചകന്മാരും യഹോവയുടെ ദിവസവും

ബി. സി. 8-ാം നൂറ്റാണ്ടിലെ പ്രവാചകന്മാരായ ആമോസ്, ഹോശേയ, യെശയ്യാ, മീഖാ എന്നിവർ 'യഹോവയുടെ ദിവസം' എന്ന ചിന്തയ്ക്കു പുതിയൊരു അർത്ഥം നൽകി. ഇസ്രായേൽ പ്രതീക്ഷിച്ചിരുന്നതുപോലെ യഹോവ പ്രത്യക്ഷപ്പെട്ടു നീതിമാന്മാരെ അംഗീകരിച്ചു മഹത്വപ്പെടുത്തുമെന്നുള്ള ചിന്തയല്ല അവർ പ്രദാനം ചെയ്തത്. യഹോവയുടെ ദിവസം എല്ലാവർക്കും ന്യായവിധിയുടെ ദിവസമാണ് – ഇസ്രായേലിനും, മറ്റു ജാതികൾക്കും! ഇസ്രായേലിനു പ്രത്യേക പദവിയും ആനുകൂല്യവും ഉള്ളതുകൊണ്ടു ശിക്ഷയും കഠിനമായിരിക്കും (ആമോസ് 3:2).

### 3. പ്രവാസവും മിശിഹായുടെ രാജ്യവും

ബാബിലോൺ പ്രവാസവും, തുടർന്നുള്ള തിക്താനുഭവങ്ങളും ഇസ്രായേലിന്റെ പരമ്പരാഗതമായ വിശ്വാസത്തെ ഉലയ്ക്കുന്നതായിരുന്നു. യെഹൂ

ദ്യയുടെ വീഴ്ചയെ ദൈവത്തിന്റെ ശക്തിക്കുറവായല്ല, തെരഞ്ഞെടുക്കപ്പെട്ട ജാതിയുടെ പാപത്തിന്റെ അനന്തരഫലമായിട്ടാണു പ്രവാചകന്മാർ വ്യാഖ്യാനിച്ചത്. കൂടാതെ യഹോവയുടെ രാജകീയ ആധിപത്യത്തെക്കുറിച്ചുള്ള ചിന്തയ്ക്ക് ആത്മികമായ രൂപാന്തരം ഉണ്ടാകുകയും ചെയ്തു. ദൈവികഉദ്ദേശ്യം നിറവേറ്റുവാൻ ദൈവം ലോകശക്തികളെയും ഇസ്രായേലിനു പുറത്തുള്ളവരെയും കൂടി വിനിയോഗിക്കുമെന്നും യെശയ്യാ പ്രഖ്യാപിച്ചു. പേർഷ്യാക്കാരുടെ പ്രവർത്തനം ദൈവപ്രവർത്തനമായും കൂരേശിനെ (Cyrus - King of Persia) 'ഇടയൻ' 'അഭിഷിക്തൻ' എന്നീ വിധത്തിൽ പരാമർശിക്കുകയും ചെയ്തു (യെശ. 41:1–7; 44:24–45:25). ദൈവത്തിന്റെ ആധിപത്യം ജാതികളിൽ മാത്രമല്ല; പ്രകൃതിയിന്മേലും വ്യാപിക്കുമെന്നും, അവന്റെ രാജ്യം നിത്യമാകുമെന്നും ഉള്ള ചിന്തയ്ക്കു പ്രാധാന്യം ലഭിച്ചു (സങ്കീ. 145:13; 103:19).

### 4. പ്രവാസത്തിനു ശേഷം

പ്രവാസത്തിനു ശേഷമുള്ള കാലഘട്ടത്തിൽ, നിത്യവും, സാർവ്വത്രികവുമായ യഹോവയുടെ ആധിപത്യം എന്ന പ്രവാചക ആശയങ്ങൾക്കു നിരക്കാത്ത അനുഭവങ്ങൾ ഉണ്ടായി. രാജ്യം നഷ്ടപ്പെട്ടു വിദേശീയ മേൽക്കോയ്മക്ക് അടിയറവയ്ക്കേണ്ടിവന്ന അവസരത്തിൽ പതറിയ ജനത്തിനു ദൈവത്തിന്റെ ആധിപത്യം ഭാവിയിൽ സ്ഥാപിക്കപ്പെടുമെന്ന ചിന്ത ആശ്വാസം നൽകി. ഈ വിധത്തിലുള്ള യുഗാന്ത്യചിന്ത പ്രവാചകന്മാരുടെ പ്രഖ്യാപനങ്ങളിൽ കാണുന്നുണ്ടെങ്കിലും (യെശ. 2:2–4) വെളിപ്പാടു സാഹിത്യവിഭാഗത്തിലാണ് അതിനു മുൻതൂക്കം ലഭിക്കുന്നത് (യെശയ്യാ 24:27; സെഖര്യാ 9–14).

### 5. ദൈവത്തിന്റെ ആധിപത്യം യാഥാർത്ഥ്യമോ?

നല്ലവനായ ദൈവത്തിന്റെ ആധിപത്യത്തിനു നിരക്കാത്ത തിന്മയുടെ തേർവാഴ്ച എങ്ങനെ സാധൂകരിക്കാം? കഷ്ടതയും ദുഷ്ടതയും ലോകത്തിൽ നടമാടുന്നതെന്ത്? ഇതുപോലെയുള്ള ചോദ്യങ്ങൾ ദൈവരാജ്യചിന്തയ്ക്കു നൂതനമായ വ്യാഖ്യാനം കൊടുക്കുവാനുള്ള സാഹചര്യം സൃഷ്ടിച്ചു. രണ്ടു വിധം രാജ്യങ്ങളുണ്ട്.

1. ദൈവത്തിന്റെ ആധിപത്യം അംഗീകരിക്കുന്ന രാജ്യം.

2. ദൈവത്തിനെതിരായി പടപൊരുതുന്ന സാത്താന്റെ രാജ്യം.

സാത്താന്റെ രാജ്യം വിജയം വരിക്കുമെന്നു തോന്നിയാലും, ദൈവത്തിന്റെ ആധിപത്യം അവസാനം വിജയം വരിക്കുകയും, സാത്താനെയും സൈന്യത്തെയും കീഴടക്കുകയും ചെയ്യും. ദാനിയേലിന്റെ പുസ്തകത്തിൽ ആണു വിവിധ സാമ്രാജ്യങ്ങളെക്കുറിച്ചും അതിനു ശേഷമുള്ള ദൈവ

ത്തിന്റെ ആധിപത്യത്തെക്കുറിച്ചും പ്രതിപാദനം ഉള്ളത് (ദാനിയേൽ 7:14). ഈ വെളിച്ചത്തിൽ, ദൈവരാജ്യത്തെക്കുറിച്ചു നോക്കിപ്പാർത്തവരുടെ ഉദാഹരണം പുതിയനിയമത്തിൽ കാണാം (ലൂക്കോസ് 2:25, 38; 14:15; 17:20; 19:11).

(പുതിയനിയമ പഠനത്തിൽ ഈ വിഷയത്തെക്കുറിച്ചുള്ള പരാമർശമുണ്ട്)

**ചോദ്യങ്ങൾ**

1. ദൈവരാജ്യത്തോടു ബന്ധപ്പെട്ട ആശയങ്ങൾ വിവരിക്കുക.
2. 'ദൈവരാജ്യം' എന്ന ആശയത്തിന് ഉണ്ടായ വ്യതിയാനങ്ങൾ ഏവ?
3. ദൈവരാജ്യം എന്ന പദം നിർവചിച്ച് വിവരിക്കുക.

## പാഠം 5

# പഴയനിയമവും വ്യാഖ്യാനശാസ്ത്രവും

❑ വ്യാഖ്യാനത്തിന്റെ ആവശ്യം ❑ പശ്ചാത്തലവും വ്യാഖ്യാനവും ❑ വ്യക്തികളും വ്യാഖ്യാനസ്വാതന്ത്ര്യവും ❑ വ്യാഖ്യാനത്തിനു മുമ്പുള്ള തയ്യാറെടുപ്പ് ❑ ആധുനിക പ്രശ്നങ്ങൾ ❑ ആക്ഷരിക വ്യാഖ്യാനം ❑ അന്യാപദേശം ❑ പ്രവചനം - പൂർത്തീകരണം ❑ വർഗ്ഗമാതൃക, ശാസ്ത്ര വ്യാഖ്യാനം ❑ വ്യാഖ്യാനത്തിന്റെ പ്രസക്തി

ഏകദേശം 2000 വർഷങ്ങൾക്കു മുമ്പു രൂപം പ്രാപിച്ച പഴയനിയമത്തിലെ പുസ്തകങ്ങൾ എല്ലാം എങ്ങനെ മനസ്സിലാക്കണം? ഏതു രീതിയിൽ വ്യാഖ്യാനിക്കണം? വ്യാഖ്യാനത്തിന്റെ ആവശ്യകത എന്താണ്?

### 1. വ്യാഖ്യാനത്തിന്റെ ആവശ്യം

അപ്പോസ്തലപ്രവൃത്തികളിൽ, എത്യോപ്യക്കാരനായ ഷണ്ഡൻ വി. പുസ്തകം വായിച്ചുകൊണ്ടു തേരിൽ യാത്ര ചെയ്യുന്ന അവസരത്തിൽ ഫീലിപ്പോസ് അടുത്തുചെന്ന് 'വായിക്കുന്ന ഭാഗം ഗ്രഹിക്കുന്നുവോ' എന്നു ചോദിച്ചു. 'ഒരുത്തൻ പൊരുൾ തിരിച്ചു തരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും എന്ന് അവൻ പറഞ്ഞു' (അപ്പോ. 8:31). ഷണ്ഡൻ അപ്പോൾ വായിച്ചിരുന്ന പുസ്തകം യെശയ്യാ പ്രവാചകന്റെ പ്രവചനം ആയിരുന്നു. അതു യേശു

ക്രിസ്തുവിന്റെ ജീവിതത്തിൽ യാഥാർത്ഥ്യമായിരിക്കുന്നുവെന്നു ഫീലിപ്പോസ് പറഞ്ഞുകൊടുത്തു. കാണപ്പെട്ട യേശുവിനെ 'പ്രതീക്ഷിക്കപ്പെട്ട ക്രിസ്തു'വെന്നു വ്യാഖ്യാനിക്കുകയാണ് ഫീലിപ്പോസ് ചെയ്തത്.

### 2. പശ്ചാത്തലവും വ്യാഖ്യാനവും

വേദപുസ്തകവ്യാഖ്യാനത്തിന് ഏറ്റവും അത്യാവശ്യമായിരിക്കുന്ന ചില സംഗതികൾ ഉണ്ട്. 1) ഏതു പശ്ചാത്തലത്തിലാണു പ്രസ്തുത ഭാഗം എഴുതപ്പെട്ടത്? ആ പശ്ചാത്തലത്തിൽ അതുകൊണ്ട് എന്താണു വിവക്ഷിക്കുന്നത്? 2) ഏതു വിധത്തിലാണ് പഴയനിയമത്തിൽ ഉൾക്കൊള്ളുന്ന ഉദ്ധരണികളും ആശയങ്ങളും പുതിയനിയമത്തിൽ ഉപയോഗിക്കുന്നത്? 3) വി. സഭ ഏതു രീതിയിലാണ് പ്രസ്തുത ഭാഗങ്ങൾ മനസ്സിലാക്കി വ്യാഖ്യാനിച്ചിട്ടുള്ളത്?

### 3. വ്യക്തികളും വ്യാഖ്യാന സ്വാതന്ത്ര്യവും

പാശ്ചാത്യ സഭകളിൽ രൂപം പ്രാപിച്ചിട്ടുള്ള വിധത്തിൽ വ്യാഖ്യാനശാസ്ത്രമോ, ഏതു വ്യക്തിക്കും ഇഷ്ടം പോലെ വി. വേദപുസ്തകം വ്യാഖ്യാനിക്കാമെന്ന സ്വാതന്ത്ര്യമോ തന്മൂലമുള്ള അപകടസാദ്ധ്യതകളോ, നമ്മുടെ സഭയിൽ അധികമായി ബാധിച്ചിട്ടില്ല. പരിശുദ്ധാത്മാവിനാൽ പ്രേരിതമായി എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ, പരിശുദ്ധാത്മ ശക്തിയാൽ ഓരോ വ്യക്തിക്കും മനസ്സിലാക്കുവാൻ സാധിക്കുമെന്നും, സഭയുടെ നിയന്ത്രണം അതിന് ആവശ്യമില്ലയെന്നും പറയുന്നവരും വാദിക്കുന്നവരും കണ്ടേക്കാം. വ്യക്തിപരമായ വായനയ്ക്കും ധ്യാനത്തിനും വേദപുസ്തകം ഉപയോഗിക്കുന്ന അവസരത്തിൽ നിബന്ധനകളുടെ ചട്ടക്കൂടു പ്രതിബന്ധമല്ല. എന്നാൽ സഭയുടെ ആധികാരികമായ വ്യാഖ്യാനരീതിക്ക് എതിരായി, വ്യക്തികളുടെ വിവിധ വ്യാഖ്യാനരീതികൾ ഉയർന്നുവന്നാൽ അതു സഭയുടെ ഭദ്രതയ്ക്കും അഖണ്ഡതയ്ക്കും കുഴപ്പമുണ്ടാക്കും. തന്നെയുമല്ല വ്യാഖ്യാനം വ്യക്തികൾക്കു വിട്ടുകൊടുത്താൽ മൂല്യശോഷണം സംഭവിക്കുവാനുള്ള സാധ്യത ഏറെയാണ്.

### 4. വ്യാഖ്യാനത്തിനു മുമ്പുള്ള തയ്യാറെടുപ്പ്

1) ഓരോ പുസ്തകവും ഏതു സാഹചര്യത്തിൽ രൂപം പ്രാപിച്ചു? പുസ്തകത്തിലെ ഓരോ ഭാഗവും, ഉള്ളടക്കവുമായുള്ള ബന്ധമെന്ത്? സാഹിത്യപരമായ പ്രത്യേകതകൾ എന്തൊക്കെയാണ്? ഗദ്യമാണോ പദ്യമാണോ? വിവിധ ഭാഗങ്ങൾ ചേർത്ത് ഇന്നു കാണുന്ന രീതിയിൽ രൂപം നല്കുവാൻ ഉണ്ടായ പ്രേരണാഘടകങ്ങൾ എന്താണ്? വാമൊഴിയുടെ പ്രത്യേകത എന്തൊക്കെയാണ്? വി. ഗ്രന്ഥത്തിലെ പല ഭാഗങ്ങളും ശേഖരിച്ചു രൂപപ്പെടുത്തുവാൻ ആരാധനയുടെ സ്വാധീനം എത്ര മാത്രം സഹാ

യിച്ചു എന്നീ വിഷയങ്ങൾ പ്രഥമമായി കണക്കിലെടുക്കേണ്ടതുണ്ട്.

2) ഭാഷാപഠനം: വളരെ പ്രാധാന്യമുള്ള മറ്റൊരു സംഗതിയാണ് മൂല ഭാഷാപഠനം. വാക്കുകളുടെ അർത്ഥം മനസ്സിലാക്കിയാൽ മാത്രം പോരാ, വാക്കുകൾക്കു വാചകങ്ങളിൽ ഉള്ള സ്ഥാനം, പരസ്പരമുള്ള ബന്ധം എന്നിവ സൂക്ഷ്മമായി പഠിക്കണം. മൂലഗ്രന്ഥത്തിൽ ഗ്രഹിക്കുവാൻ പ്രയാസമുള്ള വാക്കുകളുടെ പൊരുൾ എബ്രായബന്ധ ഭാഷാപഠനത്തിൽ നിന്നും, തർജ്ജമകളുമായ താരതമ്യപഠനങ്ങളിൽ നിന്നും ലഭിക്കും. പ്രയാസമുള്ള ഭാഗങ്ങളുടെ പ്രാധാന്യവും, അർത്ഥവും ഗ്രഹിക്കുവാൻ നിഘണ്ടുക്കളും ഭാഷ്യങ്ങളും സഹായിക്കും.

## 5. ആധുനിക പ്രശ്നങ്ങൾ

അടുത്തപടി, മനസ്സിലാക്കിയ ഭാഗങ്ങളും ആധുനിക പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തുവാൻ ശ്രമിക്കുമ്പോഴാണ്, ഏതു രീതിയിലുള്ള വ്യാഖ്യാനമാണ് കരണീയം എന്ന പ്രശ്നം അഭിമുഖീകരിക്കേണ്ടി വരുന്നത്.

## 6. വ്യാഖ്യാനരീതികൾ

വേദഭാഗങ്ങൾ വ്യാഖ്യാനിക്കുമ്പോൾ വ്യത്യസ്ത രീതികൾ അവലംബിക്കാറുണ്ട്. പരസ്പര പൂരകങ്ങളായ നാലു വ്യാഖ്യാനരീതികൾ ചുവടെ ചേർത്തിരിക്കുന്നു.

### i) ആക്ഷരിക വ്യാഖ്യാനം

ഇതു പല ഭാഗങ്ങളും, ആശയങ്ങളും മനസ്സിലാക്കുവാനും ജീവിതത്തിൽ പകർത്തുവാനും അനുകരിക്കാവുന്നതാണ്. ഉദാഹരണമായി, അബ്രഹാമിന്റെ അനുസരണം, വിശ്വാസം, ദൈവകല്പന കേട്ട് ഏതു ത്യാഗവും സഹിക്കുവാനുള്ള സന്നദ്ധത എന്നിവയെക്കുറിച്ചു വാദപ്രതിവാദത്തിനു വകയില്ല. എന്നാൽ ജ്യേഷ്ഠാവകാശം തട്ടിയെടുക്കുവാൻ യാക്കോബ് ഉപയോഗിച്ച കുത്സിതമാർഗ്ഗം അനുകരണീയമാണോ?

### ii) അന്യാപദേശം (Allegorical Interpretation)

അന്യാപദേശം എന്നറിയപ്പെടുന്ന വ്യാഖ്യാനരീതി ഒരു കാലത്ത് പിതാക്കന്മാരുടെ എഴുത്തുകളിൽ പ്രമുഖമായ സ്ഥാനം കൈവരിച്ചിരുന്നു. ജോൺ ബനിയന്റെ 'പരദേശി മോക്ഷയാത്ര' അന്യാപദേശരീതിക്ക് മകുടോദാഹരണമാണ്. പ്രത്യക്ഷ അർത്ഥം കൂടാതെ, പരോക്ഷമായ അർത്ഥം കൂടിയുണ്ടെന്ന് അന്യാപദേശവക്താക്കൾ ചിന്തിക്കുന്നു. ഉദാ. പുതിയനിയമത്തിലെ നല്ല ശമരിയാക്കാരന്റെ ഉപമയിൽ ആരാണ് ലേവ്യൻ, ആരാണ് പുരോഹിതൻ, ആരാണ് സത്രം സൂക്ഷിപ്പുകാരൻ, ആരാണ് ശമരിയക്കാരൻ എന്നീ ചോദ്യങ്ങൾ ചോദിച്ച് ഉത്തരം കണ്ടുപിടിക്കാനുള്ള ശ്രമം നട

ത്തുന്നു. ഉത്തമഗീതം വിശുദ്ധ പുസ്തകങ്ങളുടെ ഗണത്തിൽ സ്ഥാനം പിടിക്കുവാൻ സാധിച്ചത് അന്യാപദേശവ്യാഖ്യാനരീതിയുടെ അടിസ്ഥാനത്തിൽ ആണ്. നിയന്ത്രണമില്ലാതെ, പല രീതിയിലുള്ള വ്യാഖ്യാനങ്ങളും, നിർവചനങ്ങളും ഉൾപ്പെടുത്തി ഉപയോഗിക്കുവാൻ ഇടയുള്ളതുകൊണ്ട് വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യേണ്ട വ്യാഖ്യാനരീതിയാണിത്.

**iii) പ്രവചനം - പൂർത്തീകരണം**

ഈ രംഗത്തു പ്രധാനമായിട്ടുള്ളതു പ്രവചന പുസ്തകങ്ങളിലെ ഉദ്ധരണികളാണ്. ദൈവശക്തിയിൽ പ്രേരിതരായി, ദൈവാത്മാവുള്ള പ്രവാചകന്മാർ മുൻകൂട്ടി പ്രസ്താവിച്ചിട്ടുള്ള സംഗതികൾ, നമ്മുടെ കർത്താവിന്റെ പരസ്യപ്രവർത്തനത്തോടനുബന്ധിച്ചു യാഥാർത്ഥ്യമായിത്തീർന്നുവെന്ന പഠിപ്പിക്കലാണിത്. കന്യകയിൽ നിന്നുള്ള കർത്താവിന്റെ ജനനം, കഷ്ടാനുഭവം, മഹത്വീകരണം എന്നിവയ്ക്കെല്ലാം ആധാരമായ പ്രവചന ഭാഗങ്ങൾ ഉണ്ട്. എല്ലാത്തിനും പിന്തുണ നൽകുന്ന വേദഭാഗങ്ങൾ കണ്ടെത്തുവാനുള്ള യത്നം വിജയിച്ചുവെന്ന് വരികയില്ല. നമ്മുടെ കർത്താവ് പ്രവാചകന്മാരുടെ പാരമ്പര്യത്തിൽ നിന്നു തന്റെ ശുശ്രൂഷ നിർവ്വഹിക്കുവാൻ ശ്രമിച്ചതിനെ മനസ്സിലാക്കുവാൻ പ്രവചനപഠനം സഹായിക്കുന്നു.

**iv) വർഗ്ഗമാതൃക ശാസ്ത്രവ്യാഖ്യാനം**

പഴയനിയമത്തിൽ ചില മാതൃകാരീതികളും, ദൃഷ്ടാന്തങ്ങളും കാണുന്നുണ്ട്. അവയ്ക്കു സമാന്തരമായി പുതിയനിയമത്തിൽ വ്യക്തികളും, സംഭവങ്ങളും കാണുവാൻ കഴിയും. പുതിയനിയമത്തിൽ ആദാമും, കർത്താവും തമ്മിലുള്ള താരതമ്യം കാണാം. ആദാം മരണത്തിന്റെയും പാപത്തിന്റെയും പ്രതീകമായും, കർത്താവു നീതിയുടെയും ജീവന്റെയും പ്രത്യക്ഷീകരണമായും പുതിയനിയമ എഴുത്തുകാർ ചിത്രീകരിച്ചിരിക്കുന്നു. മൽക്കീസദേക്കും കർത്താവും തമ്മിലുള്ള താരതമ്യം എബ്രായ ലേഖനത്തിലും കാണാവുന്നതാണ്.

## 7. വ്യാഖ്യാനത്തിന്റെ പ്രസക്തി

വി. വേദപുസ്തകത്തിൽ ദൈവവും മനുഷ്യനുമായുള്ള ബന്ധത്തെ (ഉടമ്പടിയെ) ചിത്രീകരിക്കുന്ന സത്യങ്ങളാണ് ഉൾക്കൊള്ളുന്നത്. ചരിത്രപരമായ സംഭവങ്ങളിൽക്കൂടിയും മനുഷ്യരുടെ ജീവിതാനുഭവങ്ങളിൽക്കൂടിയുമാണ് ദൈവിക പ്രവർത്തനങ്ങൾ വെളിവായിട്ടുള്ളത്. അന്നത്തെ മനുഷ്യരുടെ ചിന്താഗതിയും, ജീവിതവീക്ഷണവും ആചാരങ്ങളും സാമൂഹിക ബന്ധങ്ങളും ദൈവത്തിന്റെ രക്ഷാകരമായ പ്രവർത്തനങ്ങളുടെ പ്രാധാന്യം ഗ്രഹിക്കുവാൻ സഹായകരമാണ്. പഴയനിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓരോ ഭാഗത്തിന്റെയും അർത്ഥവും പ്രാധാന്യവും കണക്കിലെ

ടുത്ത് ആനുകാലിക ജീവിതവും, സമകാലീന പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തുമ്പോൾ, യേശുക്രിസ്തുവിൽ വെളിപ്പെട്ട ദൈവസ്നേഹത്തിന്റെ വെളിച്ചത്തിൽ ആയിരിക്കണം അതിന്റെ ഉപയോഗവും വ്യാഖ്യാനവും.

**ചോദ്യങ്ങൾ**

1. വേദപുസ്തകത്തിന്റെ വിവിധ വ്യാഖ്യാനരീതികൾ വിവരിക്കുക.
2. പഴയനിയമവും സമകാലീനപ്രശ്നങ്ങളും എങ്ങനെ ബന്ധപ്പെടുത്താം?
3. യേശു തന്നെ മിശിഹാ എന്ന ആദിമസഭയുടെ പ്രഖ്യാപനത്തിന്റെ സാധുത പഴയനിയമ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.

## പാഠം 6

# പഴയനിയമവും ഭാരതപശ്ചാത്തലവും

❑ ദൈവം പരിപാലകൻ ❑ മനുഷ്യൻ ദൈവത്തിന്റെ പ്രതിഛായ ❑ മതങ്ങളും ആരാധനയും ❑ മതഗ്രന്ഥങ്ങളും വ്യക്തിപരമായ വായനയും ❑ വ്യക്തിയും സമൂഹവും ❑ നന്മയും തിന്മയും തമ്മിൽ സംഘട്ടനം ❑ വ്യക്തിയുടെ ത്യാഗം സമൂഹത്തിനു പ്രയോജനം

ക്രിസ്തുമതം വിദേശീയമാണെന്നും അതിനു ഭാരതത്തിന്റെ മണ്ണിൽ ഇതുവരെ വേര് ഊന്നുവാൻ സാധിച്ചിട്ടില്ലെന്നും തീവ്രമായി വാദിക്കുന്ന യാഥാസ്ഥിതികർ ഉണ്ട്. വിവിധ മതങ്ങൾ പല കാലത്തായി ഇന്ത്യയിൽ പ്രചരിച്ചു. വൈരുദ്ധ്യവും വിദ്വേഷവും കൂടാതെ സഹവർത്തിത്വത്തിന്റെയും സൗഹാർദ്ദത്തിന്റെയും ആത്മാവിൽ വിവിധ മതാനുയായികൾ ഇവിടെ ജീവിക്കുകയും, ഓരോ മതവും പഠിപ്പിക്കുന്ന സനാതനമൂല്യങ്ങളുടെ മഹത്വം പരസ്പരം ആദരിക്കുകയും ചെയ്തിട്ടുണ്ട്. ഭിന്നിപ്പിക്കുന്ന ഘടകങ്ങളേക്കാൾ രഞ്ജിപ്പിക്കുന്ന രംഗങ്ങളും, ആശയങ്ങളും കാണുവാനും, അംഗീകരിക്കുവാനും ശ്രമം നടത്തേണ്ടതുണ്ട്.

### 1. ദൈവം പരിപാലകൻ

ദൈവമാണ് എല്ലാത്തിന്റെയും കാരണഭൂതൻ, സ്രഷ്ടാവ്, നിർമ്മാതാവ്, പരിപാലകൻ; ലോകത്തിലെ എല്ലാ ജീവജാലങ്ങളും ദൈവസംരക്ഷണത്തിലും മേൽനോട്ടത്തിലും സ്ഥിതിചെയ്യുന്നു. ദൈവവുമായും മറ്റു സൃഷ്ടികളുമായും ആരോഗ്യപരമായ ബന്ധത്തിൽ കഴിയുന്നതിനു സൃഷ്ടിക്ക് ഉത്തരവാദിത്വം ഉണ്ട്. പൂർണ്ണഹൃദയത്തോടും, പൂർണ്ണമനസ്സോടും, പൂർണ്ണ

ആത്മാവോടും കൂടെ ദൈവത്തെ സേവിക്കുക, അയൽക്കാരനെ തന്നെ പ്പോലെതന്നെ സ്നേഹിക്കുക തുടങ്ങിയ മഹനീയ തത്വങ്ങൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നവരും ജീവിക്കുന്നവരുമായ മതസ്ഥർക്ക് അംഗീകൃതമായ വിഷയമാണ്.

## 2. മനുഷ്യൻ ദൈവത്തിന്റെ പ്രതിഛായ

പഴയനിയമത്തിൽ കാണുന്ന വളരെ പ്രാധാന്യമുള്ള ഒരു ചിന്തയാണ് മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിലും പ്രതിച്ഛായയിലും സൃഷ്ടിക്കപ്പെട്ടു എന്നത്. ദൈവചൈതന്യം, ദൈവത്തിന്റെ മഹിമ എന്നിവ പ്രതിഫലിപ്പിക്കുന്നതും മാനിക്കുന്നതും, അംഗീകരിക്കുന്നതുമായ ശ്രേഷ്ഠസൃഷ്ടിയാണ് മനുഷ്യൻ. അതോടൊപ്പംതന്നെ സ്രഷ്ടാവുമായി സജീവബന്ധത്തിൽ കഴിയുവാൻ അവനു സാധിക്കും. ഇതിനോടു യോജിക്കുന്ന സുപ്രധാന ചിന്തകൾ ഹൈന്ദവമതഗ്രന്ഥങ്ങളിലും കാണാം. മനുഷ്യനും ദൈവവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? അവന്റെ മരണശേഷം എന്താണ് സംഭവിക്കുന്നത്? എന്നീ വിഷയങ്ങളെക്കുറിച്ചാണു വിവിധ മതങ്ങളിൽ അഭിപ്രായവ്യത്യാസമുള്ളത്.

## 3. മതങ്ങളും ആരാധനയും

മനുഷ്യനും സ്രഷ്ടാവും തമ്മിലുള്ള ബന്ധം നിലനിർത്തുവാനും, സജീവമായി തുടരുവാനുമുള്ള ചില പ്രക്രിയകൾ ഉണ്ട്. ദൈവികആരാധനയുടെ പ്രാധാന്യം ഈ രംഗത്തു ഹൈന്ദവരും മുഹമ്മദീയരും അംഗീകരിക്കുന്നു. ഹൈന്ദവ ആരാധന ഒരുമിച്ചുകൂടിയുള്ള ആരാധനയേക്കാൾ വ്യക്തിക്കു മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പ്രക്രിയയാണ്. എന്നാൽ, ആരാധനയ്ക്കു കൊടുക്കുന്ന പ്രാധാന്യത്തിൽ മതങ്ങൾ എല്ലാം തന്നെ യോജിക്കുന്നു. മതഗ്രന്ഥ വായന എല്ലാവരുടെയും ആരാധനകളിൽ സുപ്രധാന പങ്കുവഹിക്കുകയും ചെയ്യുന്നു.

## 4. മതഗ്രന്ഥങ്ങളും വ്യക്തിപരമായ വായനയും

മനുഷ്യന് അവന്റെ ജീവിതത്തിൽ താങ്ങും തണലുമായി നിന്ന്, സന്തോഷത്തിലും സന്താപത്തിലും അവനെ സഹായിക്കുവാൻ വിശുദ്ധ മതഗ്രന്ഥങ്ങളുടെ ധ്യാനം, വായന, പഠനം എന്നിവ നല്കുന്ന ശക്തി, ഹൈന്ദവരും മതത്തിന്റെ ആദ്ധ്യാത്മിക മൂല്യങ്ങളിൽ വിശ്വസിക്കുന്നവരും ഒരുപോലെ വിലമതിക്കുന്ന സംഗതിയാണ്.

## 5. വ്യക്തിയും സമൂഹവും

വ്യക്തിയും സമൂഹവും തമ്മിലുള്ള അഭേദ്യമായ ബന്ധം പാശ്ചാത്യരേക്കാൾ പൗരസ്ത്യർക്കു ഗ്രഹിക്കുവാൻ എളുപ്പമാണ്. പഴയനിയമത്തിൽ

കാണുന്ന പ്രധാനമായ ഒരു ചിന്തയാണു വ്യക്തിക്കു സമൂഹത്തിൽ ഉള്ള സ്ഥാനം. സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടു വളരുവാൻ വ്യക്തിക്കു സാധ്യമല്ല. വ്യക്തിയുടെ പ്രവർത്തനം സമൂഹത്തിലും സമൂഹത്തിന്റെ സ്വാധീനം വ്യക്തിയിലും വ്യതിയാനങ്ങൾ സൃഷ്ടിക്കും. സ്വാധീനങ്ങളെയെല്ലാം ചെറുത്തുനിന്നുകൊണ്ടുള്ള വ്യക്തിയുടെ ജീവിതം അസാധ്യമാണ്. സമൂഹത്തിന്റെയും വ്യക്തിയുടേയും നേട്ടങ്ങളും കോട്ടങ്ങളും ഒന്നായിക്കാണുന്ന രീതി ഭാരത പശ്ചാത്തലത്തിൽ അംഗീകരിക്കപ്പെട്ട ഒരു യാഥാർത്ഥ്യമാണ്. വ്യവസായവിപ്ലവവും, സാങ്കേതിക, ശാസ്ത്രീയ നേട്ടങ്ങളും ഭാരതത്തിലെ സാമൂഹ്യഘടനയെ ഒരു പരിധിവരെ സ്വാധീനിച്ചിട്ടുണ്ടെങ്കിലും പരിപൂർണ്ണമായി രൂപാന്തരപ്പെടുത്തുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. വ്യക്തിയുടെ വ്യക്തിത്വത്തെ തള്ളിക്കളയുവാനല്ല, വ്യക്തിനിഷ്ഠം മാത്രമായ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണമെന്നതാണ് പൗരസ്ത്യ ചിന്താഗതിയുടെ ഒരു ഊന്നൽ.

### 6. നന്മയും തിന്മയും തമ്മിൽ സംഘട്ടനം

പഴയനിയമത്തിൽ കാണുന്ന മറ്റൊരു പ്രധാന ചിന്തയാണ് നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനം. ചിലപ്പോഴൊക്കെ തിന്മ ജയിക്കുമെന്നു തോന്നിയാലും അവസാനം നന്മ തന്നെ വിജയം വരിക്കും. എല്ലാം നയിക്കുന്ന നീതിനിഷ്ഠയുള്ള ദൈവം അക്രമത്തിനും അനീതിക്കും ദീർഘകാല വാഴ്ച നടത്തുവാൻ അനുവാദം നൽകുകയില്ല. അനീതിയും തിന്മയും പെരുകുമ്പോൾ, അവയെ നശിപ്പിക്കുവാൻ ദൈവത്തിന്റെ അവതാരം നടക്കുമെന്ന് ഹൈന്ദവ മതഗ്രന്ഥങ്ങൾ സാക്ഷിക്കുന്നു.

### 7. വ്യക്തിയുടെ ത്യാഗം സമൂഹത്തിന് പ്രയോജനം

ഒരുവന്റെ കഷ്ടത, ത്യാഗം എന്നിവ മൂലം സമൂഹത്തിനു പ്രയോജനം ലഭിക്കുന്നു എന്ന ചിന്തയും ഭാരതത്തിന്റെ ചിന്തയ്ക്കു യോജിച്ചതാണ്. കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കു യോജിച്ചവിധത്തിൽ അവർ ഫലം അനുഭവിക്കേണ്ടി വരുമെന്നും, നന്മയ്ക്കു പകരം നന്മയും തിന്മയ്ക്കു പകരം ശിക്ഷയും അനുഭവിക്കുമെന്നും പഴയനിയമവും ഭാരതീയ മതഗ്രന്ഥങ്ങളും ഒരേ സ്വരത്തിൽ ഉദ്ഘോഷിക്കുന്നു.

### ചോദ്യങ്ങൾ

1. പഴയനിയമത്തിലും ഹൈന്ദവമതഗ്രന്ഥങ്ങളിലും കാണുന്ന അഭിപ്രായ ഐക്യമുള്ള വിഷയങ്ങൾ പ്രതിപാദിക്കുക.
2. പഴയനിയമ ഗ്രന്ഥങ്ങൾക്ക് എന്തു വൈശിഷ്ട്യങ്ങൾ ദർശിക്കുന്നു?
3. സൃഷ്ടി, രക്ഷാ സിദ്ധാന്തങ്ങൾ വിവിധ മതഗ്രന്ഥങ്ങളിലുള്ളത് എങ്ങനെ ബന്ധിപ്പിക്കാം എന്ന് പരിശോധിക്കുക.

# Bibliography


1. The Growth of the Old Testament - H. H. Rowley.

2. വേദപുസ്തകഭാഷ്യം.

1. പഞ്ചഗ്രന്ഥം - റൈറ്റ് റവ. വില്യം

1. Between the Testaments - D. S. Russel.